LIBRARY ARCHIVES Kerala Legislative Assembly

ശരിയാണ്, ചർച്ചയ്ക്കെടുത്ത് അതിന് മറുപടി പറയാം. ക്യാബിനററിൽ ഓരോന്നും ഓരോ അജണ്ടയായിട്ടാണ് വരുന്നത്. ഒറീസ്സയിൽ ആദ്യം വെള്ളപ്പൊക്കം വന്നു, ഒറീസ ആദ്യം മെമ്മോറാണ്ടം കൊടുത്തു ഒറീസ കൊടുത്ത മെമ്മോറാണ്ടം...............പത്രം കാണിച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഒറീസ ആദ്യം മെമ്മോറാണ്ടം കൊടുത്തു. ഒറീസ കൊടുത്ത മെമ്മോറാണ്ടം സ്വീകരിച്ചു. പത്രമൊക്കെ കണ്ടു, നിങ്ങളുടെ മറുപടി കേൾക്കട്ടെ............(ബഹളം)..........

**Mr. Speaker**: After the discussion you could have answered. I told you to answer.

ശ്രീ. കെ. എം. മാണി: സർ, കഴിഞ്ഞ 14-ാം തീയതി ശ്രീ. പ്രമോദ് മഹാജൻ കേരളത്തിൽ വരികയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങളെല്ലാവരുംകൂടെ ഡിസ്കസ് ചെയ്യുകയും ചെയ്തതിനുശേഷം കേരളത്തിലെ വെള്ളപ്പൊക്കക്കെടുതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിവേദനം..................(ബഹളം)................

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): കേന്ദ്രമന്ത്രി നിതീഷ്കുമാറാണ് വന്നിരുന്നത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അങ്ങ് ഞങ്ങൾക്ക് സംരക്ഷണം തരണം. കേന്ദ്രമന്ത്രി ശ്രീ. നിതീഷ്കുമാർ നടത്തിയ പത്രസമ്മേളനമുണ്ട്. അദ്ദേഹം നടത്തിയ പത്രസമ്മേളനം 15-ാം തീയതിയിലെ പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിലെ വെള്ളപ്പൊക്കക്കെടുതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിവേദനം ലഭിച്ചാൽ ഉടൻ ഇത് വിലയിരുത്താൻ കേന്ദ്രസംഘത്തെ അയയ്ക്കാമെന്ന് ശ്രീ. നിതീഷ്കുമാർ ഉറപ്പ് നൽകി. ഇവിടത്തെ സംബന്ധിച്ചിടത്തോളം കേരള ഗവൺമെന്റിന്റെ മെമ്മോറാണ്ടം സമർപ്പിക്കാൻ പോവുകയാണ്. ഒറീസ്സയിൽ ആദ്യം വെള്ളപ്പൊക്കം വന്നു, ഒറീസ ആദ്യം മെമ്മോറാണ്ടം കൊടുത്തു. ഒറീസ്സയുടേത് ആദ്യം ക്യാബിനററ് പരിഗണിച്ചു. അല്ലാതെ രാജേന്ദ്രാ, രാജേന്ദ്രനെപ്പോലുള്ള ഒരാൾ ഇങ്ങനെയുള്ള ഫ്രിവലസ്സായിട്ടുള്ള ഒബ്ജക്ഷനുമായിട്ട് നിയമസഭയിൽ വന്നാൽ വളരെ അൽഭുതമാണ്. ഇക്കാര്യത്തിൽ ഒരു കുഴപ്പവുമില്ല, മെമ്മോറാണ്ടം കൊടുത്തു.

## VI. റൂളിംഗ്

മി. സ്പീക്കർ: ഓർഡർ............ഓർഡർ..................

ശ്രീ. ഷൺമുഖദാസ് ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ചിടത്തോളം വോട്ട് ഓൺ അക്കൗണ്ട് എത്ര സമയം വേണമെങ്കിലും ആർക്കും വയ്ക്കാമെന്ന് കോൺസ്റ്റിറ്റ്യൂഷൻ പറയുന്നുണ്ട്. അതിന് പീരീഡും സമയവുമൊന്നും കോൺസ്റ്റിറ്റ്യൂഷൻ പറയുന്നില്ല. സാധാരണ ഇപ്പോൾ നമ്മുടെ സബ്ജക്ട് കമ്മിററികൾ വന്നതിനുശേഷം എല്ലായിടത്തും, പാർലമെന്റിലുൾപ്പെടെ വോട്ട് ഓൺ അക്കൗണ്ട്സാണ് പാസ്സാക്കുന്നത്. ഇവിടെയും സബ്ജക്ട് കമ്മിററികൾ വന്നതു മുതൽ വോട്ട് ഓൺ അക്കൗണ്ട് ആണ്. രണ്ടാമതും വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയ സ്ഥലങ്ങളുണ്ട്. ഈ ഹൗസിൽത്തന്നെ 1996-ൽ രണ്ടാമതും വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി. പക്ഷേ അന്ന്

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു മാസം. ഇതൊരു പുതുമയല്ല. രണ്ടുമാസവും നാല് മാസവും തമ്മിലുള്ള വ്യത്യാസം എന്താണ്? Further Period. അതുകൊണ്ട്, ഭരണഘടനാപരമായി തെറ്റൊന്നുമില്ല. ഗോവയുടെ ഇൻസ്റ്റൻസിൽ രണ്ടാമതും പാർലമെന്റ് ആറുമാസത്തേയ്ക്ക് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയ സംഭവമുണ്ട്. അതുകൊണ്ട് ഇതിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല. ഇനി ചർച്ച. ഡോ. തോമസ് ഐസക്.

ശ്രീ. പി. സി. ജോർജ്: സർ, ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനുണ്ട്.

മി. സ്പീക്കർ: എന്താണ്?

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ മൂന്നു ദിവസമായി കേരള സംസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ബസ് സർവീസുകൾ മിക്കവാറും നിന്നിരിക്കുകയാണ്.

മി. സ്പീക്കർ: ഇതൊക്കെ ഉന്നയിച്ചാൽ... ................

ശ്രീ. പി. സി. ജോർജ്: എന്താണ് അങ്ങ് പറയുന്നത്? ഇത്രയും വലിയൊരു സംഭവമുണ്ടായിട്ട് അതിനെക്കുറിച്ച് പറയണ്ടേ? അതിന്റെ യഥാർത്ഥ്യമെന്താണെന്ന് ചോദിച്ചാൽ ഡീസൽ കൊടുക്കാൻ കഴിയു ന്നില്ലെന്നതുകൊണ്ട് കേരളത്തിലെ ബസ് സർവീസുകൾ മുഴുവൻ നിന്നുകൊണ്ടിരിക്കുകയാണ്. ശരാശരി 12.5 ലക്ഷം കിലോമീറ്റർ ഓടി ക്കൊണ്ടിരുന്ന ബസ് ഇപ്പോൾ ആറ് ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. തെക്കൻ മേഖലയിൽ 45 ശതമാനവും മദ്ധ്യമേഖലയിൽ 51 ശതമാനവും കിഴക്കൻ മേഖലയിൽ 43 ശതമാനവും സർവീസുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

മി. സ്പീക്കർ: ഡോ. തോമസ് ഐസക്ക്, ഡോ. തോമസ് ഐസക്.

ശ്രീ. പി. സി. ജോർജ്: പത്തനംതിട്ട, മല്ലപ്പള്ളി എന്നിവിടങ്ങളിൽ 48%, കായംകുളം 54%, തിരുവല്ല 40%, ചങ്ങനാശ്ശേരി 30%, തൊഴുപുഴ 56%, മൂലമറ്റം 26%, ഗുരുവായൂർ 28%, മലപ്പുറം 55%, പൊന്നാനി 43%, കണ്ണൂർ 63% എന്നിങ്ങനെ ബസ്സുകൾ ക്യാൻസൽ ചെയ്തിരിക്കുകയാണ്. അങ്ങനെ ബസ് സർവീസുകൾ മുഴുവൻ ക്യാൻസൽ ചെയ്ത് ഓടാൻ കഴിയാത്ത നിലയായിരിക്കുന്നു. ഇവിടെ ഭാരത് പെട്രോളിയം കമ്പനിക്ക് മൂന്നരക്കോടി രൂപ കൊടുക്കാനുണ്ടായി രുന്നു. ഐ.ഒ.സി.-ക്ക് 19 കോടി രൂപയുണ്ട്.

മി. സ്പീക്കർ: യേസ്, ഡോ. തോമസ് ഐസക്ക്, തോമസ് ഐസക്ക്.......

ശ്രീ. പി. സി. ജോർജ്: അതുകൊണ്ട് അവർ പെട്രോൾ നിറുത്തൽ ചെയ്തിരിക്കുന്നു. പെട്രോളിയം കമ്പനികൾ 20% ഡീസൽ കട്ട് ചെയ്യുമെന്ന് പറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എങ്ങനെ ബസ് ഓടും? ബസ് ഓടുന്നില്ല. കെ. എസ്. ആർ. ടി. സി.-ക്ക് പണം കൊടുക്കണം.

മി. സ്പീക്കർ: Some members have no respect for rules. Yes ............OK..........agreed. Thomas Issac........

ശ്രീ. പി. സി. ജോർജ്: പണം കൊടുക്കാൻ തയ്യാറാണോ? അതു കൊണ്ട് വളരെ പ്രധാനപ്പെട്ട ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തേ മതിയാകൂ.

മി. സ്പീക്കർ: എഗ്രീഡ്, ഡോ. തോമസ് ഐസക്ക്, തോമസ് ഐസക്ക്.

ശ്രീ. പി. സി. ജോർജ്: ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇതിന് മറുപടി പറയണം.

മി. സ്പീക്കർ: Dr. Thomas Issac, if you don't speak, I will have to call another person.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ അങ്ങേയ്ക്ക് സേവ് എ ഈയർ പരീക്ഷയെക്കുറിച്ച് എഴുതിത്തന്നിട്ടുണ്ട്, അതിനെക്കുറിച്ച് സംസാരിക്കാൻ അവസരം നൽകണം.

മി. സ്പീക്കർ: ആർക്കും എന്തും എഴുതിത്തരാം, അതെല്ലാം ഇവിടെ ഉന്നയിക്കണമെന്നില്ല. ആർക്കും എന്തും എഴുതിത്തരാൻ സ്വാതന്ത്ര്യമുണ്ട്. യെസ്, ഡോ. തോമസ് ഐസക്...............ഡോ തോമസ് ഐസക്. No Madam, nothing will go in record. I have not permitted you. It will not be reported even.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ അങ്ങേക്ക് എഴുതി തന്നിട്ടുണ്ട്.

മി. സ്പീക്കർ: You can do. This is not the way to behave in a House. You are a respectable lady Member. You must be very conscious. Don't take away.

ഡോ. തോമസ് ഐസക്: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. സംസ്ഥാനം ഇന്ന് നേരിടുന്ന സാമ്പത്തിക ഞെരുക്കത്തോട് വളരെ ക്രിയാത്മകമായിട്ട് പ്രതികരിക്കുന്ന ഒരു പ്രതിപക്ഷമാണ് ഇവിടെയുള്ളത്. അതുകൊണ്ടാണ് മുൻ പ്രതിപക്ഷം ചെയ്തതു പോലെ നികുതി വെട്ടിപ്പുകാരെ സഹായിച്ചുകൊണ്ട്, അവർക്ക് പിൻതുണ നൽകിക്കൊണ്ട് സർക്കാരിന് ബുദ്ധിമുട്ടുണ്ടാക്കുന്ന മാതൃക ഞങ്ങൾ പിൻതുടരാത്തത്. പക്ഷേ അത്തരത്തിലുള്ള ഒരു സമീപനം അവിടെനിന്ന് ഇങ്ങോട്ട് ഇല്ല. മദ്യ-വ്യാപാരി ലോബിക്ക് വഴങ്ങരുതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. ബഡ്ജററ് ചർച്ചയിൽ പല വിമർശനങ്ങളും ഉയർന്നുവന്നു. അതിൽ രാഷ്ട്രീയ വിമർശനങ്ങളിൽ യോജിക്കാൻ കഴിയുകയില്ലെന്നുള്ളത് വ്യക്തംതന്നെ. എന്നാൽ ബഡ്ജററ് കണക്കുകളെക്കുറിച്ച്, വസ്തുതകളെക്കുറിച്ച് ഉന്നയിച്ച പ്രശ്നങ്ങൾ ഒന്നിനോടുപോലും പ്രതികരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വസ്തുത. കഴിഞ്ഞ മൂന്നു ദിവസമായിട്ട് ഈ സഭയിൽ ഉയർന്നുവന്ന ഏററവും പ്രധാനപ്പെട്ട പ്രശ്നമെന്താണ്? മദ്യമേഖലയിൽ നിന്ന് ലഭിക്കുന്ന 500 കോടിയോളം രൂപ, അധിക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം, കണക്കിലുൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി ആ ചോദ്യത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനുവേണ്ടി എന്തെല്ലാം അടവുകളാണ് എടുത്തത്? മദ്യത്തിനുമേലുള്ള പുതിയ നികുതി വരുമാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. അതു കഴിഞ്ഞപ്പോൾ പരാമർശവിഷയമായ തുക വിററുവരുമാനമാണെന്ന് പറഞ്ഞു. അതു കഴിഞ്ഞപ്പോൾ ഞാൻ പ്രതീക്ഷിച്ച തുകയാണ്, റീയലൈസ് ചെയ്തതല്ലെന്ന് പറഞ്ഞു. എല്ലാ നികുതി വരുമാനങ്ങളും പ്രതീക്ഷിത വരുമാനങ്ങളാണ്. ധനകാര്യവകുപ്പുമന്ത്രി വായിക്കാൻ വിസമ്മതിച്ച വാചകം ഞാൻ വായിക്കുകയാണ്. Let me hasten to add, that revenue collection figures........സംസ്ഥാന സർക്കാരിന്റെ റവന്യൂ കളക്ഷനെക്കുറിച്ചാണ്; ബീവറേജസ് കോർപ്പറേഷന്റെ വിററുവരവിനെക്കുറിച്ചല്ല. Revenue collection figures do suggest that the Beverages Corporation can net Rs. 40-45 crores..........ഗ്രോസ് വരുമാനമല്ല. നെററ് വരുമാനമാണ്. Per month additionally അധികവരുമാനമാണ്. ഈ പണം എവിടെയാണെന്നാണ് ചോദ്യം. ഈ ചോദ്യത്തിന് മറുപടി ഇല്ല. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കരുത്. എന്നെക്കുറിച്ച് ചില കാര്യങ്ങൾ ഇന്നലെ പറഞ്ഞു. എനിക്കുള്ള ഏക പ്രതികരണം ഇതാണ്: ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കരുത്. എന്നാലും എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയെ ഇഷ്ടമാണ്. എന്തുകൊണ്ട്? ഒരു പാലക്കാടൻ കർഷകന്റെ എല്ലാ നിഷ്കളങ്കതയോടുംകൂടി ഈ ധനകാര്യ കണക്കുകളൊക്കെ എടുത്തു കസറുമ്പോൾ എങ്ങനെ ഇഷ്ടപ്പെടാതിരിക്കും? ഏതായാലും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇതാണ്. ശ്രീ. ഷൺമുഖദാസ് ചോദിച്ച ചോദ്യത്തിനെങ്കിലും വോട്ട് ഓൺ അക്കൌണ്ടിൽ അങ്ങ് മറുപടി പറയണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അടിസ്ഥാനപരമായി ഞങ്ങൾക്ക് തർക്കമുള്ള കാര്യങ്ങളെക്കുറിച്ച് വിശദമായ ഒരു ചർച്ച അനുവദിക്കാതെ നിങ്ങൾ അടുത്ത നാലു മാസത്തേക്കുള്ള പണം ചെലവാക്കാനുള്ള അനുവാദം ഞങ്ങളോട് ചോദിക്കുകയാണ്. തരാൻ കഴിയില്ല. കോൺസ്ററിററ്യൂഷണൽ പ്രൊവിഷനെക്കുറിച്ചല്ല ഇവിടെ ഇരിക്കുന്ന ആർക്കും സംശയമില്ല. എന്തിനുവേണം നാലു മാസം എന്ന് വിശദീകരിക്കാൻ പററുമോ? മൂന്നാഴ്ച പോരേ നമ്മുടെ സബ്ജക്ട് കമ്മിററിയിൽ കണക്കുകൾ പരിശോധിക്കാൻ? കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്യാൻ? നമുക്ക് അടുത്ത മാസം വിശദമായി ചർച്ച ചെയ്ത് ബഡ്ജററ് പാസ്സാക്കാമല്ലോ. എന്തിനുവേണ്ടി നിങ്ങൾ നാലു മാസം ആവശ്യപ്പെടുന്നു? ഇങ്ങനെപോയാൽ പണച്ചെലവ് കുറയ്ക്കാം. അടുത്ത വാർഷിക ബഡ്ജററിനൊപ്പം ഈ വർഷത്തെ ബഡ്ജററും പാസ്സാക്കിയാൽപ്പോരേ? പാർലമെന്റിലെ കാര്യം അങ്ങു പറഞ്ഞു. പാർലമെന്റിൽ മേയിൽ സബ്ജക്ട് കമ്മിററി സ്ക്രൂട്ടിണൈസ് ചെയ്ത് കഴിഞ്ഞ് മേയിൽത്തന്നെ വോട്ട് ഓൺ അക്കൌണ്ടും ബഡ്ജററ് പാസ്സാക്കുകയാണ്. വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധം വേണം. അത് ഇവിടെയില്ല. ചെലവു ചുരുക്കുമെന്ന് പറഞ്ഞിട്ട് ചെലവ് കൂട്ടുന്നു. പദ്ധതിയേതര ചെലവ് കുറയ്ക്കുമെന്ന് പറഞ്ഞിട്ട് പദ്ധതികൾ വെട്ടിക്കുറയ്ക്കുന്നു! സർ, ഞാൻ അവസാനിപ്പിക്കുകയാണ്. Zero base budget വേണമെന്ന് പറഞ്ഞു. Zero base budget നല്ല കാര്യം. ഞങ്ങളുടെ പിൻതുണയുണ്ട്. പക്ഷേ ബഹുമാന്യരായ സഹപ്രവർത്തകരോട് ചോദിക്കണം. മാർച്ച് 31-ന് പി. ഡി. അക്കൌണ്ടിലുള്ള മുഴുവൻ പണവും കൺസോളിഡേററഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ തയ്യാറാണോ? ലോകത്ത് ഒരു രാജ്യത്തു പോലും Zero base ബഡ്ജററില്ല. എങ്കിലും അതിലെ ചില

എലിമെൻറ്സ് ചെലവ് കർശനമായി ചുരുക്കുന്നതിന് സഹായകരമാണ്. അവയ്ക്ക് ഞങ്ങളുടെ പിന്തുണയുമുണ്ട്. പക്ഷെ ഇവിടെ നേർ കടകവിപരീതമല്ലേ ചെയ്യുന്നത്? ഓരോ ഇനവും ചെലവും എടുത്ത് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുമെന്നുള്ള നയം പ്രഖ്യാപിച്ചിട്ട് ബഡ്ജററ് ചർച്ച തന്നെയില്ലാതെ ചെലവു നടത്താനുള്ള ഒരുക്കമല്ലേ നിങ്ങൾ ചെയ്യുന്നത്? ഈ വോട്ട് ഓൺ അക്കൗണ്ട് ഞങ്ങൾ അംഗീകരിക്കുന്നില്ല.

ശ്രീ. തോമ്പിൽ രാമകൃഷ്ണൻ: സർ, തെരഞ്ഞെടുപ്പ് വർഷം എന്ന നിലയ്ക്ക് ഒരു ഭരണ മാററം വന്ന സാഹചര്യത്തിൽ വോട്ട് ഓൺ അക്കൗണ്ട് രണ്ടാമതും കൊണ്ടുവരാതെ നിവൃത്തിയില്ലാത്ത സാഹചര്യമാണ്; ഇത് അനിവാര്യമായ ഒരു പരിതഃസ്ഥിതിയാണ്. അതേ സമയത്തുതന്നെ വോട്ട് വോൺ അക്കൗണ്ടിൻെറ പ്രസക്തി പരിശോധിക്കുമ്പോൾ ഓരോ ചെലവിനത്തിൻെറയും ആവശ്യകത ചർച്ചചെയ്യണം. അതിനുള്ള പ്രൊപ്പൊസററി സ്ക്രൂട്ടിനൈസ് ചെയ്യണം. അതിനുള്ള അവസരമില്ലെന്ന കാരണംകൊണ്ട് എട്ടുമാസക്കാലത്തെ ഭരണം ഒരു അഡ്ഹോക്ക് ഭരണമാക്കാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഗവൺമെൻറിനോട് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ വളരെയേറെ പ്രതീക്ഷിക്കുന്നു. അതിൻെറ അടിസ്ഥാനത്തിൽ ഒരു ഭരണമാററം വന്നു. ജനങ്ങളുടെ പ്രതീക്ഷകൾ ഒരു പരിധിവരെയെങ്കിലും ഫലവത്താകാൻ ദീർഘവീക്ഷണത്തോടു കൂടിയ പരിപാടികൾ ആവിഷ്ക്കരിക്കണം. ഈ വോട്ട് ഓൺ അക്കൗണ്ട്സ് അഡ്ഹോക്കിസത്തിൻെറ അടിസ്ഥാനത്തിലുള്ള ഒരു ഭരണം എന്നതിൽ ഉപരി അടിസ്ഥാനപരമായ കാര്യങ്ങളിൽ വ്യക്തമായ നയപരിപാടികളുമായി മുന്നോട്ടു പോകണമെന്നാണ് എനിക്ക് വിനീതമായി പറയാനുള്ളത്. താൽക്കാലികമായ സംവിധാനങ്ങളും ഇടക്കാല ഏർപ്പാടുകളും കൊണ്ട് പ്രശ്ന പരിഹാരം കണ്ടെത്താൻ സാദ്ധ്യമല്ല. തൊലിപ്പുറമേ ഓയിൻറ്മെൻറ് പുരട്ടിയാൽ താൽക്കാലികമായി ശാന്തി ലഭിക്കുമെങ്കിലും യഥാർത്ഥ രോഗകാരണം കണ്ടെത്തി തക്ക സമയത്ത് ശാശ്വതമായ ചികിൽസയ്ക്ക് സർക്കാർ തയ്യാറാകണം. ഈ സംസ്ഥാനത്തിൻെറ സാമ്പത്തിക പ്രതിസന്ധി എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നു. എനിക്ക് മുൻപ് പ്രസംഗിച്ച ശ്രീ. തോമസ് ഐസക്കും സാമ്പത്തികമായ പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ ക്രിയാത്മകമായ സമീപനമായിരിക്കും പ്രതിപക്ഷം സ്വീകരിക്കുന്നതെന്നു പറഞ്ഞു. പ്രതിപക്ഷത്തിന് അതു ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. കാരണം കുററബോധത്തിൻെറ കുമ്പസാരമാണ് അദ്ദേഹം നടത്തിയത്. തങ്ങളുടെ ദുഷ്ചെയ്തികൾകൊണ്ട് നമ്മുടെ സംസ്ഥാനം എത്തിയിട്ടുള്ള സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിൽ തുറന്നമനസ്സോടുകൂടി പങ്കാളികളാകാൻ പോലും തയ്യാറാകുന്നില്ലെങ്കിൽ ഈ രാജ്യത്തെ ജനങ്ങൾ മാപ്പ് നൽകില്ലെന്ന് മനസ്സിലാക്കാനുള്ള സാമാന്യ ബുദ്ധി ശ്രീ. തോമസ് ഐസക് കാണിച്ചത് വളരെ നന്നായി. പക്ഷെ ഇവിടെ പുറത്തിറക്കിയ ധവളപത്രം അതിനു ബദലായി ഉണ്ടാക്കിയ ധവളപത്രം ഇവയെപ്പററി വിവിധ തലങ്ങളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കാര്യം വ്യക്തമായി. നമ്മുടെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണ്. അതിന് അടിസ്ഥാനപരമായ കാര്യത്തെ സംബന്ധിച്ചും കാരണങ്ങളെ സംബന്ധിച്ചും അഭിപ്രായ വ്യത്യാസമുണ്ടാകുമെങ്കിലും അത്യന്തം

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഗുരുതരമായ ഈവിഷയത്തിൽ നിന്നും ഓടി ഒളിക്കാൻ ഭരണകക്ഷിക്കോ പ്രതിപക്ഷത്തിനോ ഉത്തരവാദപ്പെട്ട ആർക്കെങ്കിലുമോ സാദ്ധ്യമല്ല. കാരണം ഇത് കേവലം ഭരണകക്ഷിയുടെയോ പ്രതിപക്ഷത്തിന്റെയോ മാത്രം പ്രശ്നമല്ല, ഈ സംസ്ഥാനത്തിന്റെ മുഴുവൻ നിലനിൽപ്പിന്റെ പ്രശ്നമാണ്, രാഷ്ട്രീയത്തിനതീതമായിത്തന്നെ ഇക്കാര്യത്തിൽ ഒരു പരിഹാരമാർഗ്ഗം കണ്ടെത്തണം. കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ബഡ്ജററ് ചർച്ചകളിൽ നമ്മുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ചർച്ചകൾ നടന്നു. ആ കണക്കുകളുടെ കളിയിലേക്ക് ഞാൻ വീണ്ടും പോകുന്നില്ല. പക്ഷെ അടിസ്ഥാനപരമായ ഒന്നു രണ്ടു കാര്യങ്ങൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. പ്രതിപക്ഷം പ്രധാനമായും ഉന്നയിച്ച ഒരു വിമർശനം വാർഷിക പ്ലാനിൽ വെട്ടിക്കുറവു വന്നു എന്നാണ്. നോൺ പ്ലാൻ ഇനത്തിൽ വെട്ടിക്കുറവു നടത്തിയിട്ടില്ല. ശരിയാണ് നോൺ പ്ലാനിന്റെ, പ്രധാന ഇനങ്ങൾ ഒന്ന് സർക്കാർ ജീവനക്കാരുടെ ശമ്പളം മറേറത് പെൻഷൻ മൂന്നാമത് പ്രധാനമായും കടത്തിന്റെ പലിശ. ഈ മൂന്ന് ഇനങ്ങളിൽ വരുന്ന നോൺപ്ലാൻ വെട്ടിക്കുറക്കാൻ ആര് ഭരിച്ചാലും നമ്മുടെ സംസ്ഥാനത്ത് പ്രായോഗികമല്ല എന്ന് ഏത് രാഷ്ട്രീയ വിദ്യാർത്ഥിക്കും അറിയാം. പ്ലാനിനെ സംബന്ധിച്ചിടത്തോളം മാററം എന്നത് ഇപ്പോൾ മാത്രമല്ല ഇടതുപക്ഷം ഭരിച്ചിരുന്ന കാലത്ത് ജൂൺ മാസത്തിൽ പരസ്യമായി പ്ലാൻ വെട്ടിക്കുറച്ചു. ജൂലായ് മാസത്തിൽ രഹസ്യമായി വെട്ടിക്കുറച്ചു. ഈ സർക്കാർ വെട്ടിക്കുറച്ചത് നല്ലതാണെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷെ പരസ്പരം പഴിപറഞ്ഞിട്ട് നമുക്ക് രക്ഷപ്പെടാൻ കഴിയുമോ? നാം ഇന്ന് അകപ്പെട്ടിട്ടുള്ള സാമ്പത്തിക വൈതരണിയിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം എന്ത് എന്ന് വസ്തുനിഷ്ഠമായി യാഥാർത്ഥ്യബോധത്തോടുകൂടി കൂട്ടായ ആലോചനയാണ് ആവശ്യമായിട്ടുള്ളത്. ബഡ്ജററിൽ വിവിധ ഹെഡുകളിൽ പണം വകയിരുത്തുകയും അതിൽനിന്ന് പാടേ വ്യതിചലിച്ച് അപ്പപ്പോൾ തോന്നുന്ന വിധം ചെലവുചെയ്യുകയും ചെയ്യുന്ന പതിവുശൈലി ഉപേക്ഷിച്ച് വകയിരുത്തിയ സംഖ്യ പൂർണ്ണമായും ആ ഇനത്തിൽതന്നെ ചെലവഴിക്കുമെന്ന് ഉറപ്പുവരുത്താൻ സർക്കാർ ശ്രദ്ധിക്കണം. നാം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഈ വർഷം 'മിതവ്യയ വർഷ'മായി പ്രഖ്യാപിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. സാമ്പത്തികമായി കടുത്ത അച്ചടക്കം ഭരണ രംഗത്ത് ലാളിത്യം തലപ്പത്തുനിന്നുതന്നെ ആരംഭിക്കണം. Austerity measures ആണ് ഈ സർക്കാരിന് അഭികാമ്യമായിട്ടുള്ളത്. ശാസ്ത്രീയമായ പഠനംവഴി ഓരോ വകുപ്പിലും വളരെ അത്യാവശ്യമായ തസ്തികകൾ ഏത് എന്ന് നിർണ്ണയിക്കണം. വാഹനങ്ങളുടെ ഉപയോഗവും ഉദ്യോഗസ്ഥൻമാരുടെ യാത്രപ്പടിയും പരമാവധി നിയന്ത്രിച്ച് ചെലവ് ചുരുക്കണം. ഞാൻ ഏതെങ്കിലും പ്രത്യേക ഡിപ്പാർട്ടുമെന്റിനെപ്പററിയല്ല പറയുന്നത്. ധനകാര്യവകുപ്പുതുടങ്ങി ഇവിടത്തെ വിവിധ വകുപ്പുകളിൽ ഏതെല്ലാം തലത്തിലുള്ള ആളുകളാണ് ഇന്നുള്ളത്. അവരുടെ കോൺട്രിബ്യൂഷൻ ദൈനംദിന ഭരണരംഗത്ത് എത്രത്തോളം അനിവാര്യമാണ്. കടമ്പകൾ സൃഷ്ടിക്കുകയും സങ്കീർണ്ണതകളുണ്ടാക്കുകയും ചെയ്യുന്നത് ഭരണത്തിൽ കാലതാമസമുണ്ടാക്കും. ആ പ്രത്യേക രീതികളെക്കുറിച്ച് ഇരുപക്ഷവും ആലോചിച്ച് കൂടുതൽ ലളിതമാക്കാൻ എങ്ങനെ കഴിയുമെന്നും ചെലവു

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കാൻ എങ്ങനെ കഴിയുമെന്നും വളരെ ഗൗരവമായി ആലോചിക്കണം. ഭരണരംഗത്ത് എന്തുമാററമുണ്ടായാലും ഉദ്യോഗസ്ഥൻമാരെ മാററാൻ കഴിയില്ല. അവർ പല രൂപത്തിൽ അവതരിക്കും പല രൂപത്തിൽ പെരുമാറും പരസ്പരം പഴി പറയും. The stand of a Politician will depends upon where he sits. അതു ഭരണകക്ഷി പ്രതിപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമാണ്. ഇന്നലെ വരെ ഞങ്ങൾ പറഞ്ഞത് ഇന്ന് നിങ്ങൾ ആവർത്തിക്കുന്നു. നാളെ അല്ലെങ്കിൽ മറെറന്നാൾ ഞങ്ങളും ഇത് ആവർത്തിക്കും. പക്ഷെ പരമ്പരാഗതമായ ഈ രീതിക്ക് ഒരു മാററം വരുത്തേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ഈ ദുഃസ്ഥിതിക്ക് ഒരു പുനർചിന്തനത്തിനുള്ള സമയം ആഗതമായിരിക്കുകയാണ് എന്നാണ് എന്റെ അഭിപ്രായം. നാം ഇന്ന് നേരിടുന്ന പ്രതിസന്ധി മാററാൻ വിഭവ സമാഹരണം കൂടാതെ സാദ്ധ്യമല്ല വിഭവസമാഹരണമില്ലാതെ എങ്ങനെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയും? എന്നാൽ സാധാരണ ജനങ്ങളിൽ അമിത നികുതിഭാരം അടിച്ചേൽപ്പിക്കുന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കും. റൊട്ടിക്കും ബണ്ണിനും സാരിക്കും ചുമത്തിയ നികുതി നിർദ്ദേശം പിൻവലിക്കാൻ ബഹുമാനപ്പെട്ട മന്ത്രി സൻമനസ് കാണിച്ചതു നന്നായി. പക്ഷെ പൊതു ഖജനാവിലെ നികുതി ഇനത്തിൽ ഗണ്യമായ വിഭവ സമാഹരണം നടത്തുന്ന വ്യാപാര സമൂഹത്തെ ഒരു സമരരംഗത്തേക്ക് വലിച്ചിഴച്ചത് തികച്ചും ദൗർഭാഗ്യമായിപ്പോയി. വ്യാപാരി സമൂഹത്തെ വിശ്വാസത്തിലെടുത്ത് അവരുമായി ചർച്ച ചെയ്യാനും അവരുടെ കൂടെ സഹകരണത്തോടുകൂടി വിഭവ സമാഹരണം കൂടുതലാക്കാനുള്ള യഥാർത്ഥബോധത്തോടുകൂടിയുള്ള സമീപനം ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും സർക്കാരിൽ നിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ ബഡ്ജററിൽ ജനോപകാരപ്രദവും പുരോഗമനപരവുമായ പല നിർദ്ദേശങ്ങളുമുണ്ട്. പക്ഷേ പ്രഖ്യാപനങ്ങളും പ്രസ്താവനയെക്കാളുമുപരി ഫലപ്രദമായ പ്രവർത്തനങ്ങളാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾക്ക് ഒന്നു രണ്ട് വർഷങ്ങൾക്ക് മുൻപ് കമ്പ്യൂട്ടറുകൾ നൽകി. പക്ഷേ പല വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ പഠിപ്പിക്കാൻ ആളില്ലാതെ കമ്പ്യൂട്ടറുകൾ ഉപയോഗശൂന്യമായി കിടക്കുന്നു അതുകൊണ്ട് ഐ. ടി. വിദ്യാഭ്യാസം സിലബസിൽ തന്നെ ചേർത്ത് തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് പരിശീലനം നൽകി കുട്ടികളെ കമ്പ്യൂട്ടർ പഠിപ്പിക്കാൻ വേണ്ട സംവിധാന മേർപ്പെടുത്തണം. ഐ. ടി. മേഖലക്ക് നാം പച്ചക്കൊടി കാണിക്കുമ്പോൾ അത് അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന കച്ചവടകണ്ണുകളെ കുറെ സ്ഥാപിത താൽപ്പര്യക്കാർക്ക് വഴിതുറക്കുന്ന ഒരു ഏർപ്പാടായി മാറിക്കൂട. ഐ. ടി. വികസനത്തിന് വ്യക്തമായ രൂപരേഖകളും പരിപാടികളുമാവിഷ്ക്കരിക്കണം. പ്രൊഫഷണൽ കോളേജുകളുടെ കാര്യമായാലും റോഡ് വികസനത്തിന്റെ കാര്യമായാലും, ഐ. ടി. മേഖല ആയാലും മൂലധനത്തിന്റെ അപര്യാപ്തത വികസനത്തിന് തടസ്സമാകാതിരിക്കാൻ ഉള്ള പ്രായോഗികമായ സമീപനം സർക്കാർ കൈക്കൊള്ളണം. ഐ. ടി. അംഗീകരിച്ചതു കൊണ്ടുമാത്രം ഈ സംസ്ഥാനം രക്ഷപ്പെടുകയില്ല. അടിസ്ഥാനപരമായ കൃഷിയുടെ കാര്യം, വ്യവസായങ്ങളുടെ കാര്യം ഒന്നും വിസ്മരിച്ചുകൂട. ഞാൻ പ്രതിനിധാനം ചെയ്യുന്ന തൃശ്ശൂർ ജില്ലയോട് ബഡ്ജററിൽ കാണിച്ച കടുത്ത അവഗണനയോടുള്ള അവിടത്തെ ജനവികാരം ഇവിടെ പ്രകടിപ്പിക്കാതിരിക്കാൻ നിവൃത്തിയില്ല. തൃശ്ശൂരിനെ ഇത്രയേറെ അവഗണിച്ച ഒരു സംസ്ഥാന ബഡ്ജററ് നാളിതുവരെയുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക കേരളത്തിന്റെ കേന്ദ്രബിന്ദുവായ കാർഷിക സർവ്വകലാശാലയെപ്പററിയും തൃശ്ശൂരിലെ കോഠം വികസനത്തെപ്പററിയും ഈ ബഡ്ജററിൽ പരാമർശിക്കുകപോലും ചെയ്തിട്ടില്ല. ടൂറിസം വികസനരംഗത്ത് ആതിരപ്പള്ളിയും വാഴച്ചാലും നാട്ടിക ബീച്ചും തീർത്ഥാടന ടൂറിസത്തിൽ ഗുരുവായൂരും പൂരത്തിന്റെ നാടായ തൃശ്ശൂരും വിട്ടുകളഞ്ഞത് ശരിയാണോ? അധികാര വികേന്ദ്രീകരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ഭരണാധികാരികഠംക്കും ജനപ്രതിനിധികഠംക്കും പരിശീലനം നൽകുന്ന 'കില'യെ ഡീംഡ് യൂണിവേഴ്സിററിയാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. പക്ഷെ ബഡ്ജററിലൊന്നും അതിനെക്കുറിച്ച് പറയുന്നില്ല. അതുപോലെതന്നെ കലാ സാംസ്ക്കാരിക കേരളത്തിന്റെ മുഖമുദ്രയായ കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിററിയെന്നുള്ള പ്രഖ്യാപനം നടന്നുവെന്നുള്ളതല്ലാതെ അതിനെക്കുറിച്ച് ബഡ്ജററിൽ യാതൊരു പരാമർശവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വർഷങ്ങഠംക്ക് മുൻപ് ശിലാസ്ഥാപനം ചെയ്ത പോലീസ് അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. ബഡ്ജററ് നിർദ്ദേശങ്ങളിൽ മാത്രമല്ല, ഭരണരംഗത്ത് തന്നെ തൃശ്ശൂർ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. രാജ്യത്ത് പലയിടത്തും ചുഴലിക്കാററും..............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട തേറമ്പിൽ' ഈ ഗവൺമെന്റ് തൃശ്ശൂർ വിരുദ്ധ ഗവൺമെന്റാണെന്നുള്ള അഭിപ്രായമുണ്ടോ?

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് തൃശ്ശൂർ വിരുദ്ധ ഗവൺമെന്റാണെന്നുള്ള അഭിപ്രായമൊന്നുമില്ല. തൃശ്ശൂർ വിരുദ്ധഗവൺമെന്റാകാൻ ആർക്കും സാദ്ധ്യമല്ല. തൃശ്ശൂർ ജില്ലയിൽ പലയിടത്തും ചുഴലിക്കാററും വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവുമുണ്ടായിട്ടും അതിനെക്കുറിച്ച് അന്വേഷിക്കാൻ ആരുമുണ്ടായില്ല, ദുരിതാശ്വാസ പ്രവർത്തനങ്ങളെപ്പററി ആലോചിക്കാൻ ജനപ്രതിനിധികളുടെ പതിവു യോഗംപോലും നാളിതുവരെ വിളിച്ചുകൂട്ടിയിട്ടില്ല. പ്രഗൽഭൻമാരായ പനമ്പിള്ളിയുടേയും സി. അച്യുതമേനോന്റെയും കെ. കരുണാകരന്റേയും പ്രവർത്തനമണ്ഡലമായ തൃശ്ശൂരിനോടുള്ള ഈ അവഗണന ഈ സർക്കാരിന് ഭൂഷണമല്ല. ഈ സർക്കാരിനെ അധികാരത്തിലേററാൻ ആവേശം കാണിച്ച വിവിധ ജനവിഭാഗങ്ങഠംക്ക് ഈ സർക്കാരിൽ വളരെ ഏറെ പ്രതീക്ഷകളുണ്ട്. അവരെ ഒരിക്കലും നിരാശപ്പെടുത്തിക്കൂട. പല മേഖലകളിലും നാം വർഷങ്ങളായി കൈക്കൊണ്ടുവന്നിരുന്ന നയങ്ങളേയും സമീപനങ്ങളേയും സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടു കൂടിയ ഒരു പുനർ ചിന്തനത്തിന് സമയം അതിക്രമിച്ചിരിക്കുകയാണ്. ജനങ്ങഠം മാനസികമായി അതിന് ഒരുങ്ങിക്കഴിഞ്ഞു. ഇനി രാഷ്ട്രീയ ഇച്ഛാശക്തി കാണിക്കേണ്ടത് സർക്കാരാണ്. 'ബഹുജനസുഖായ ബഹുജനഹിതായ' അതായിരിക്കട്ടെ ഈ സർക്കാരിന്റെ മുഖമുദ്ര. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. എം. കുമാരൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. കാരണം, കഴിഞ്ഞ ധവളപത്രത്തെക്കുറിച്ചും ബഡ്ജററിനെക്കുറിച്ചും ഇവിടെ സംസാരിച്ച ഭരണപക്ഷത്തുള്ളവരെല്ലാം കേരളം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിനും പ്രതിസന്ധിക്കും കാരണം കഴിഞ്ഞ 5 വർഷക്കാലം കേരളം ഭരിച്ച ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ആണെന്ന് അടംഗുരം സംസാരിച്ചുകൊണ്ടിരുന്നു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ സാമ്പത്തിക മാന്ദ്യത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ ഈ ഭരണാധികാരികൾക്ക് കഴിയാതെ പോയിരിക്കുകയാണ്. ഇങ്ങനെ എത്ര കാലമാണ് ഇവർക്ക് ഈ സംസ്ഥാനത്തിലെ ജനങ്ങളോട് ഈ തരത്തിലുള്ള കള്ളത്തരം പറഞ്ഞുനടക്കാൻ കഴിയുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നതുകൊണ്ട് കേരളത്തിലെ പട്ടിണിപ്പാവങ്ങൾ, ആദിവാസികൾ, ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഒക്കെ അനേകം പ്രയാസങ്ങൾ നേരിടുകയാണ്. സർ, പട്ടിണിയും ദുരിതവും പകർച്ചവ്യാധിയും അവരെ നിരന്തരം അലട്ടുന്നു. ഡോക്ടർമാർക്ക് തന്നെ കണ്ടെത്താൻ കഴിയാത്ത അസുഖങ്ങൾ അവർക്ക് ബാധിക്കുന്നു. അപൂർവ്വ രോഗങ്ങളെന്ന പേരിലാണ് അറിയപ്പെടുന്നത്. അതുകൊണ്ട് ഈ കോളനികളുടെ പുരോഗതിക്കുവേണ്ടി ഇനിയും കൂടുതൽ നടപടികളാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെയാണ് ലക്ഷംവീട് കോളനികൾ. സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കേരളത്തിൽ സ്വന്തമായി വീടില്ലാത്തവർക്ക് ലക്ഷംവീട് പദ്ധതി നടപ്പിലാക്കി. കേരളത്തിൽ അനേകം വീടുകൾ നിർമ്മിച്ചിരുന്നു. അതിനുശേഷം ഇന്നുവരെ ആ വീടുകൾ പുതുക്കിപ്പണിയാനുള്ള സാമ്പത്തികം കൊടുത്തിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് ലക്ഷംവീട് പദ്ധതികൾ പുനർനിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തണം. സർ, അതുപോലെ തന്നെ ഇടതുപക്ഷസർക്കാരുകൾ വിവിധ മേഖലകളിൽ പണിയെടുക്കുന്ന ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് വാർദ്ധക്യകാലമാകുമ്പോൾ വാർദ്ധക്യകാല പെൻഷനുകളും, മററുള്ള പെൻഷനുകളും. തൊഴിലില്ലായ്മ വേതനം എന്നിവ കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഏകദേശം 120 രൂപ മുതൽ 200 രൂപ വരെയാണ് കൊടുത്തുവരുന്നത്. അത് കൃത്യ മാസങ്ങളിൽ കൊടുക്കാനുള്ള നടപടിയുണ്ടാകണം. അത് സാദ്ധ്യതക്കനുസരിച്ച് വർദ്ധിപ്പിക്കുകയും വേണം. അതുപോലെ മറെറാരു പ്രധാനപ്പെട്ട പ്രശ്നമനുഭവിക്കുന്നത് പൊതുവിതരണ ശൃംഖലയാണ്. ഇന്ന് കേരളത്തിലെ റേഷൻ സമ്പ്രദായം തന്നെ ആകെ തകർന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ഇതിന് വളർച്ചയുണ്ടാക്കുന്നതിനു വേണ്ടി ഗവൺമെൻറുതലത്തിൽ നിന്നുള്ള നടപടികൾ നടത്തണം. പ്രധാനമായും അരി, മണ്ണെണ്ണ, ഗോതമ്പ്, പഞ്ചസാര തുടങ്ങിയ സാധനങ്ങളെല്ലാം റേഷൻകടകൾ വഴി വിതരണം ചെയ്തിരുന്ന സമയത്ത് ഇതിന്റെ ഉപഭോക്താക്കളായി 42 ശതമാനത്തോളം ജനങ്ങൾ മാത്രമാണുള്ളത്. ഇതിൽ ഏററവും കൂടുതൽ ദാരിദ്ര്യമനുഭവിക്കുന്ന കർഷകത്തൊഴിലാളികൾ, മററ് കൂലിപ്പണിയെടുക്കുന്നവർ ഇത്തരത്തിലുള്ള ജനങ്ങളാണ് റേഷൻ വാങ്ങുന്നത്. വളരെ മോശമായ അരിയൊക്കെ കൊടുക്കുന്നുണ്ട്. ഇതിൽ കൂടുതൽ ആളുകൾക്ക് റേഷൻ വിതരണം നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഈ ശൃംഖല വികസിപ്പിക്കാൻ കഴിയൂ. അതുപോലെതന്നെ മണ്ണെണ്ണയുടെ കാര്യത്തിൽ കഴിഞ്ഞ ദിവസം കേന്ദ്രവുമായി ബന്ധപ്പെട്ടുകൊണ്ട് മണ്ണെണ്ണയുടെ ക്വോട്ട വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമായ കാര്യമാണ്. ഈ ശൃംഖല വികസിപ്പിക്കുന്ന സമയത്ത് കൂടുതൽ മാവേലി സ്റേറാറുകൾ കൂടുതൽ പഞ്ചായത്തുകളിലും കൂടുതൽ സാദ്ധ്യതയുള്ള പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും അനുവദിക്കണം.

കേരളത്തിൽ രണ്ട് മൂന്നു ദിവസങ്ങൾ തുടർച്ചയായി ഉണ്ടായ കാലവർഷം കേരളത്തിന്റെ വടക്കേയററം മുതൽ തെക്കേയററം വരെ ഉണ്ടായിയെങ്കിലും ഏററവും കൂടുതൽ രൂക്ഷമായി ഉണ്ടായത് കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലാണ്. ഈ പ്രകൃതിക്ഷോഭം മണ്ണിൽ പണിയെടുത്ത് വരുമാനം ഉണ്ടാക്കിയ മുഴുവൻ കൃഷിക്കാരേയും കണ്ണീരിലാഴ്ത്തിയിരിക്കുകയാണ്. അതിന് പരിഹാരം കാണാൻ ഈ ഗവൺമെൻറ് തയ്യാറാകാത്തതിന് കാസർഗോഡ് ജില്ലയുടെ മൊത്തം പ്രതിഷേധവും ഉണ്ടാകുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ പ്രധാന വകുപ്പുകരം കൈകാര്യം ചെയ്യുന്ന മന്ത്രിമാർ അവിടെ സന്ദർശിക്കാൻ പോലും തയ്യാറാകാത്തത് വളരെ മോശമായിപ്പോയിയെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ നഖശിഖാന്തം എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. പി. എം. സാഹിർ: സർ, ബഹു: ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. വെളിച്ച വിപ്ലവം നടത്തി നാടിനെ സാമ്പത്തികമായി കൂരിരുട്ടിലാക്കിയ ഒരവസ്ഥയിൽ ഇന്നത്തെ ഈ ഗവൺമെൻറിന് കൊണ്ടുവരാൻ പററുന്ന ഏററവും നല്ല വോട്ട് ഓൺ അക്കൗണ്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിൽ നിങ്ങരം ഇവിടെ നടത്തിയ വെളിച്ച വിപ്ലവത്തിലൂടെ ആവശ്യത്തിന് കറണ്ട് മതിയായോ എന്ന് നിങ്ങരം ഒന്നുകൂടി പരിശോധിക്കണം. കേരളം ഇരുട്ടിലായിട്ടുണ്ട്. കൂടുതൽ ഉൽപ്പാദിപ്പിച്ച വൈദ്യുതി എന്തിനുവേണ്ടി ഉപയോഗിച്ചു? ഇവിടെ അതുപയോഗിക്കാനുള്ള സാഹചര്യം ഇന്ന് നിലവിൽ ഇല്ലാത്ത അവസ്ഥയാണ്. അതുകൊണ്ടു തന്നെ വെളിച്ചവിപ്ലവം നടത്തിക്കൊണ്ടുള്ള പ്രയോജനം ഇന്ന് കേരളത്തിൽ നഷ്ടപ്പെട്ടു. ആ അവസ്ഥയിൽ വെളിച്ച വിപ്ലവം നടത്തിയെന്ന് ചങ്കൂററത്തോടുകൂടി പറയുന്നത് നല്ല കാര്യമല്ല. കേരളത്തിൽ വ്യവസായങ്ങരം വരാനുള്ള സാഹചര്യം ഉണ്ടാക്കണം, അതിനാവശ്യമായ സമാധാനാന്തരീക്ഷം വേണം. ഒന്നും ചെയ്യാതെ വെളിച്ച വിപ്ലവം നടത്തിയെന്നു പറയുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഇന്നത്തെ സാമ്പത്തികാവസ്ഥയ്ക്ക് നിരക്കുന്ന ഒരു വോട്ട് ഓൺ അക്കൗണ്ടാണ് ഗവൺമെൻറ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന്. നമ്മുടെ ബഡ്ജററിൽ ഐ. ടി. വ്യവസായത്തിനും ടൂറിസത്തിനും ഫണ്ട് നൽകിയിട്ടുള്ളത് മറെറാരു കാര്യമാണ്. ഐ. ടി. ഇന്ന് ഒരു വ്യവസായമായി കാണാൻ കഴിയുകയില്ല. കാരണം, ഐ. ടി. വ്യവസായം കേരളത്തിൽ കാററാലിസിസ് അവസ്ഥയിലാണ്. ഐ. ടി. വ്യവസായം പുരോഗതി കൊണ്ടുവരാൻ ഉതകുന്ന ഒരു നിദാനമാണ്, കഴിഞ്ഞ 5 വർഷം ഐ. ടി. മേഖലയിലുണ്ടായ നമ്മുടെ കാൽവയ്പ് തുലോം പരിമിതമായിപ്പോയി. മററ് സംസ്ഥാനങ്ങളായ ആന്ധ്രയൊക്കെ ഐ. ടി. മേഖലയിൽ 40,000 കോടി രൂപ ഇൻവെസ്ററ് ചെയ്തിരിക്കുകയാണ്. ആ സ്ഥാനത്ത് ഇവിടെ കേവലം 400 കോടി രൂപയാണ് ഉണ്ടായിരിക്കുന്നത്. 1996-ൽ മുൻ ഗവൺമെൻറ് പിരിയുമ്പോരം ടെക്നോളജി പാർക്ക് സ്ഥാപിച്ചു. പക്ഷെ പിന്നീട് 1996 മുതൽ 2001 വരെ അതിൻെറ ഡെവലപ്പ്മെൻറ് വേണ്ടത്ര ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ കേരളം മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഐ. ടി. രംഗത്ത് 15 വർഷം പിന്നോട്ടു പോയിരിക്കുകയാണ്. ആ ഒരവസ്ഥയിലാണ് ഈ ഗവൺമെൻറ് വോട്ട് ഓൺ അക്കൗണ്ടിൽ ഐ. ടി. മേഖലയ്ക്ക് നല്ലൊരു തുക മാററി വച്ചിരിക്കുന്നത്. അത് സ്വാഗതാർഹമാണ്. മററ് വ്യവസായങ്ങളുടെ കാര്യം പറയുകയാണെങ്കിൽ, ഇപ്പോരം ഇവിടെ പരാമർശിക്കപ്പെട്ട ഓട് വ്യവസായത്തിൻെറ കാര്യം തന്നെയെടുക്കാം. കോഴിക്കോട്ടും ഫറൂക്കിലും ഓട് വ്യവസായമുണ്ട്, ആ വ്യവസായത്തിന് വിഘാതമായി നിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമീപനമാണ് ജിയോളജി ഡിപ്പാർട്ടുമെൻറ് കൈക്കൊള്ളുന്നത്. വ്യവസായത്തിനാവശ്യമുള്ള റാ മെററീരിയൽസിൻെറ 25 ശതമാനം മാത്രമേ ഇന്ന് വ്യവസായികൾക്ക് സംഭരിക്കാൻ സാധിക്കുന്നുള്ളൂ. അവിടെ കളിമണ്ണ് നിറച്ചു വരുന്ന ലോറികൾ സെസ് വേണമെന്നു പറഞ്ഞ് പോലീസ് പിടിച്ച് സ്റേറഷനിലേയ്ക്കു കൊണ്ടുപോകുന്നതു കാരണം വ്യവസായികൾക്ക് ആവശ്യമായ കളിമണ്ണ് ലഭിക്കാതെ ബുദ്ധിമുട്ടുകയാണ്. അതുപോലെ വിറകിന് വില വർദ്ധനവുണ്ടായതുമൂലം വ്യവസായങ്ങൾക്ക് നിലനിൽക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്. അതുകൊണ്ട് ഓട് വ്യവസായം വളർന്നു വരേണ്ട ആവശ്യകതക്ക് ഊന്നൽ നൽകി കുറച്ചുകൂടി ഫണ്ട് നീക്കിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോഴിക്കോടുള്ള മറെറാരു സംഗതി എനിക്ക് പറയാനുള്ളത് 1957-ൽ അന്നത്തെ കമ്മ്യൂണിസ്ററ് ഗവൺമെൻറാണ് കോഴിക്കോട് മെഡിക്കൽ കോളേജ് തുടങ്ങിയത്. ഇന്ന് അതിൻെറ അവസ്ഥ തിരുവനന്തപുരം മെഡിക്കൽ കോളേജുമായിട്ട് താരതമ്യപ്പെടുത്തുമ്പോൾ വളരെ പരിമിതമാണ്. അവിടെ ഒരു ബ്രാഞ്ചിനും ഇതുവരെ വികസിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ബ്രാഞ്ചിനും മേധാവികളില്ല. മേധാവികൾ ഉള്ള സ്ഥാനത്ത് ഇൻസ്ട്രുമെൻറ് ഇല്ല. പ്രവർത്തിപ്പിക്കാൻ ഡോക്ടർമാരില്ല. ആ അവസ്ഥയാണിന്ന് കോഴിക്കോട് മെഡിക്കൽ കോളേജിനുള്ളത്. കൂടുതൽ ശമ്പളം നൽകി പ്രൊഫസറൻമാരെ നിയമിക്കുവാനുള്ള കഴിവ് ഈ ഗവൺമെൻറിന് ഇല്ലാത്തതുകൊണ്ട് അവിടെ മററ് സംവിധാനങ്ങൾ വല്ലതും ആലോചിക്കേണ്ടി വരുമെന്നുള്ള അവസ്ഥയാണുള്ളത്. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് വിഭാവനം ചെയ്ത സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററലിൻെറ പണി തുടങ്ങി സ്ട്രക്ച്ചർ മാത്രം പണിതുകൊണ്ട് ബാക്കി പ്രവർത്തനത്തിന് പണം ചിലവഴിക്കാൻ ഇല്ലാത്ത സാഹചര്യത്തിൽ ഇപ്പോൾ അവിടെ നീക്കിവച്ചതുകയായ പത്തു കോടി രൂപ തീരെ അപര്യാപ്തമാണ്. അതുകൊണ്ട് ആ ബിൽഡിംഗിൻെറ വർക്കു മാത്രം തീർത്താൽ പോരാ; ഒരു കോടി രൂപയ്ക്കു മുകളിൽ വില മതിക്കുന്ന ഉപകരണങ്ങൾകൂടി വാങ്ങി ഈ സാമ്പത്തിക വർഷംതന്നെ അതിന് തുടക്കം കുറിയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറെറാരു സംഗതി എനിക്ക് പറയാനുള്ളത്, ഇന്നലെ റൊട്ടിയുടെയും ബന്നിൻെറയും സാരിയുടെയും ടാക്സ് കുറച്ചു. അതുപോലെ പരിഗണിക്കേണ്ട ഒരു കാര്യമാണ് വ്യാപാരി വ്യവസായി സമൂഹം മുന്നോട്ടു വച്ചിരിക്കുന്ന ഡിമാൻറുകൾ. ഈ നാടിൻെറ സമ്പത്താണ് സാർ വ്യാപാരികൾ. 25 ലക്ഷത്തോളം വരുന്ന വ്യാപാരികളാണ് ഇന്ന് കേരളത്തിലുള്ളത്. വ്യാപാരി വ്യവസായി എന്നു പറയുന്നത് പ്രൈവററ് സ്ഥാപനമാണ്. അതുകൊണ്ട് അവരുടെ പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ പ്രൈവറൈറസേഷനെ പ്രോൽസാഹിപ്പിക്കുന്ന ഗവൺമെൻറിൽ നിന്ന് അതിനു കടകവിരുദ്ധമായ നടപടികൾ ഉണ്ടാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സാമ്പത്തികമായി ഗവൺമെൻറിന് വരുമാനം വേണമെങ്കിൽ ഏതെങ്കിലും ഐററംസിന് ഒരു ശതമാനം ടാക്സ് കൂട്ടിക്കഴിഞ്ഞാൽ മതി. അതായത് ഇപ്പോൾ 4, 6, 8, 10, 12 ഇങ്ങനെ പറഞ്ഞുകൊണ്ടാണ് വ്യത്യസ്തമായ നികുതികൾ ഓരോരോ സാധനത്തിനും ചുമത്തിയിരിക്കുന്നത്. അതിനു പുറമേയാണ് ഇപ്പോൾ ഗവൺമെൻറ് പറഞ്ഞിരിക്കുന്ന എ.എസ്.ററി. അതിൻെറ കൂട്ടത്തിൽതന്നെ വേറൊരു വിഭാഗത്തിൽ പറയുന്നത് ററി.ഒ.ററി. ഇങ്ങനെ വ്യാപാരികൾക്ക് വിവിധതരത്തിൽ ടാക്സ് ചുമത്തുന്നതുകൊണ്ട് അവർക്ക് ഇന്ന് പല അക്കൗണ്ടുകളും സൂക്ഷിക്കേണ്ട അവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1993-ൽ അന്നത്തെ ഗവൺമെൻറ് ടി.ഒ.ടി.-യും എ.എസ്.റ്റി.-യും കൊണ്ടു വന്നപ്പോൾ ഞാൻ ഇപ്പോൾ ഒരു വ്യവസായിയാണ്, അന്നും ഒരു വ്യവസായി ആയിരുന്നു. അതിനെതിരെ അന്ന് ഞങ്ങൾ ജാഥ നടത്തിയപ്പോൾ ഗുജറാത്തികളായ വ്യവസായികൾ വിളിച്ച ഒരു സ്ളോഗനാണ് ഇന്നെനിക്ക് ഓർമ്മ വരുന്നത്. അവർ പറഞ്ഞത് ''ഊപ്പർ ദേഖോ സി.എസ്.ടി., നീചേ ദേഖോ കെ.ജി.എസ്.ടി., ബായേ ദേഖോ എ.എസ്.ടി., ദായേ ദേഖോ ടി.ഒ.ടി.'' ഇങ്ങനെ വ്യാപാരികളുടെ നാലു ഭാഗത്തും വിവിധ തരത്തിലുള്ള ടാക്സുകളാണ്. അതിൽ സി.എസ്.റ്റി. കേന്ദ്രഗവൺമെൻറിൻെറ ടാക്സാണ്. കെ.ജി.എസ്.ടി. കേരള ഗവൺമെൻറ് ടാക്സാണ്. ഇപ്പോൾ ഇൻട്രൊഡ്യൂസ് ചെയ്തിരിക്കുന്ന എ.എസ്.ടി. വലതുഭാഗത്തും, അത് കഴിഞ്ഞ് ടി.ഒ.ടി. ഇടതു ഭാഗത്തുമാണ്. ഇങ്ങനെ ഒരു വ്യാപാരി കിടന്നാൽ നാലു ഭാഗത്തുനിന്നും ടാക്സ്കൊണ്ട് നട്ടം തിരിയുന്ന ഒരവസ്ഥയുണ്ടാകും. അതുകൊണ്ട് ഗവൺമെൻറ് ഇപ്പോൾ എല്ലാം സിംപ്ലിഫൈ ചെയ്യുന്ന അവസ്ഥയിൽ ടി.ഒ.ടി.-യും എ.എസ്.ടി.-യും പിൻവലിച്ചുകൊണ്ട് ഇപ്പോൾ നാലു ശതമാനം ടാക്സുള്ളത് അഞ്ചു ശതമാനം ടാക്സാക്കണം. ഗവൺമെൻറിന് വരുമാനം കൂട്ടുകയല്ലേ വേണ്ടൂ. അതുകൊണ്ട് ഇപ്പോൾ ഈടാക്കുന്ന ടാക്സ് ഒരു ശതമാനം വീതം ഓരോ തലത്തിലും കൂട്ടി ടാക്സ് സിംപ്ലിഫൈ ചെയ്തുകൊണ്ട് വ്യാപാരികളെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, വ്യാപാരികളുടെ പ്രശ്നങ്ങൾ ഗവൺമെൻറ് പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് അവരെ പ്രോൽസാഹിപ്പിക്കത്തക്ക വിധത്തിൽ മുന്നോട്ടുവരണമെന്ന് പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ഇന്നലെ ബഡ്ജററ് ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ ബഹുമാന്യനായ ധനകാര്യ വകുപ്പു

11 a.m.] മന്ത്രി ബ്രഹ്മാവ് പറഞ്ഞാലും തീരുമാനം മാററുകയില്ലെന്നു പറയുകയുണ്ടായി. ദൗർഭാഗ്യവശാൽ ഒന്നല്ല, പല ബ്രഹ്മാവു മാരുടെ സമ്മർദ്ദത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വിധേയനായിക്കൊണ്ടിരിക്കുകയാണ്. സഭയ്ക്കകത്തുതന്നെ ധനകാര്യവകുപ്പു മന്ത്രിയും മുഖ്യമന്ത്രിയുമല്ലാതെ ചില മന്ത്രിമുഖ്യൻമാർ ഈ കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. സഭയ്ക്ക് പുറത്തും കേരളത്തിൽ വേറെ ബ്രഹ്മാവ് ഇരിപ്പുണ്ട്. ഡൽഹിയിലും ബ്രഹ്മാവ് ഇരിപ്പുണ്ട്. അമേരിക്കയിൽ നിന്നുള്ള ബ്രഹ്മാവിൻെറ ചലനങ്ങൾ ബഡ്ജററ് പ്രസംഗത്തിൽ തന്നെ വ്യക്തമാണ്. സർക്കാരിൻെറ വിവിധ പ്രവർത്തനങ്ങളെ മൽസര വിധേയമാക്കലാണ് കമ്പോളാധിഷ്ഠിത വില നിർണ്ണയത്തിനും നൂതനമായ ഉദ്യമങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും ഉതകുന്നത് എന്നാണ് യുണൈററഡ് സ്റേററിൻെറ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജററിൽ അടിവരയിട്ടു പറഞ്ഞിരിക്കുന്നത്. അപ്പോൾ ബ്രഹ്മാവ് എവിടെ നിന്നൊക്കെ വരുന്നു? മൽസരമാണ്. അതിൻെറ അർത്ഥമെന്താണ്? Fittest will survive. പഴയ സ്പാർട്ടയിൽ നിലവിൽ നിന്ന ഒരു ചിന്താഗതി ഈ ആധുനിക യുഗത്തിൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് ലോകവ്യാപകമായി നടന്നുകൊണ്ടിരിക്കുന്നത്. അതിന് കേരളത്തേയും പാത്രീഭൂതമാക്കാനാണ് ബഡ്ജററ് പ്രസംഗത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. ഇതുകൊണ്ട് നഷ്ടം സംഭവിക്കുന്നത് സമൂഹത്തിൽ ഏററവും അടിച്ചമർത്തപ്പെട്ടവരും ദാരിദ്ര്യമനുഭവിക്കുന്നവരുമായ ജനവിഭാഗങ്ങൾക്കും

ദളിത്—പിന്നോക്ക ജനവിഭാഗങ്ങൾക്കുമാണ്. അവർ അനുഭവിച്ചുപോന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായിട്ടാണ്. അതുപോലെതന്നെ ബോധപൂർവ്വം കംപ്യൂട്ടർഭ്രമം സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട്. ഉപയോഗശൂന്യമായ കംപ്യൂട്ടറുകൾ നിർമ്മിച്ചെടുക്കുന്ന ചില കമ്പനികൾ ഇതിന്റെ പിറകിലുണ്ട്. സ്കൂളുകളിൽ കംപ്യൂട്ടർ വാങ്ങി. എന്തിനാണ് കംപ്യൂട്ടർ വയ്ക്കുന്നത്? എന്തിനാണെന്നറിഞ്ഞുകൂടാ. അങ്ങനെ കംപ്യൂട്ടർ ഭ്രമം സൃഷ്ടിച്ചുകൊണ്ടുള്ള ഒരു പുതിയ കംപ്യൂട്ടർ ബ്രാഹ്മണിസം ഇവിടെ അടിച്ചേൽപ്പിക്കാൻ ബോധപൂർവമായ ശ്രമം ഇവിടെ നടക്കുകയാണ്. അതുകൊണ്ട് ദരിദ്ര ജനവിഭാഗങ്ങളുടെ സംവരണങ്ങളാണ് ഹനിക്കപ്പെടുന്നത്. അതൊക്കെ നിലനിൽക്കുമ്പോൾ തന്നെ പി.എസ്.സി.-യിൽ സംവരണം അട്ടിമറിക്കപ്പെട്ടിരിക്കുന്നു എന്നതിനെ സംബന്ധിച്ച് സംഭ്രമജനകമായ റിപ്പോർട്ടുകൾ അടുത്ത കാലത്തു പത്രങ്ങളിൽ വന്നു. അങ്ങും അതു ശ്രദ്ധിച്ചു കാണും. പി.എസ്.സി.-യിൽ റാങ്ക് ലിസ്റ്റ് ഒരു വർഷം കാലാവധി ഉണ്ടായിരുന്ന കാലത്താണ് ഒരു വർഷം സെലക്ഷൻ ഇയറായി കരുതിയിരുന്നത്. ഇപ്പോൾ ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി മൂന്നു വർഷമാക്കി മാററിയിരിക്കുകയാണ്. എങ്കിലും ഇപ്പോൾ സെലക്ഷൻ ഇയർ ഒരു വർഷം തന്നെയാണ്. ഓരോ വർഷം കഴിയുമ്പോഴും അടുത്ത വർഷം ആദ്യം ജനറൽ ക്വാട്ടയിൽ നിയമനം നടത്തും. രണ്ടാമത്തെ നിയമനം സംവരണ ക്വാട്ടയിൽ നടത്തേണ്ടത് നടത്താതെ ആ വർഷം ബോധപൂർവ്വം താമസിപ്പിക്കുകയും വീണ്ടും അടുത്ത വർഷം ജനറൽ ക്വാട്ടയിൽ നിയമനം നടത്തുകയും ചെയ്യുന്നു. അങ്ങനെ സംവരണം ഇതൊക്കെ കാത്തു സൂക്ഷിക്കാൻ ബാദ്ധ്യസ്ഥമായ പി.എസ്.സി.-യിൽ പോലും അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇല്ല. ഇന്ന് അദ്ദേഹത്തിന്റെ ചുമതല ഏറെറടുത്തുകൊണ്ടിരിക്കുന്ന ധനകാര്യമന്ത്രി ഇത് ശ്രദ്ധിക്കുന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്.

ഡോ. എം. നീലലോഹിതദാസൻ നാടാർ: അവശതയനുഭവിക്കുന്ന ദരിദ്രജനവിഭാഗങ്ങളോട് ഈ ഗവൺമെൻറ് എങ്ങനെ പ്രതികരിക്കുന്നു എന്നുള്ളതിന്റെ സൂചനയാണിത്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു ഇടതുപക്ഷജനാധിപത്യമുന്നണി കേരളത്തിലെ വ്യവസായത്തെ ശവപ്പറമ്പാക്കി മാററിയെന്ന്. ആര് മാററി? 1982–1987 മുതലുള്ള അനുഭവം എന്താണ്, ഒന്നൊന്നായി എല്ലാ വ്യവസായങ്ങളും പൂട്ടിയില്ലേ? 1987–ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് വന്നതിനുശേഷമല്ലേ അവ തുറന്നു പ്രവർത്തിപ്പിച്ചത്? 1991–1996 വരെ വീണ്ടും എല്ലാ വ്യവസായ സ്ഥാപനങ്ങളും പൂട്ടി. 1996–2001 വരെയുള്ള കാലയളവിൽ പലതും തുറന്നു പ്രവർത്തിപ്പിക്കാൻ ശ്രമിച്ചു. ഈ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുകയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നമ്മുടെ വീക്ഷണത്തിലും സമീപനത്തിലും മാററം വരണമെന്നാണ്. 1980–ൽ സഖാവ് നായനാർ മുഖ്യമന്ത്രിയായിരുന്നു, ശ്രീ. പി. സി. ചാക്കോ വ്യവസായ വകുപ്പുമന്ത്രിയായിരുന്നു. ബോംബെയിലും ഡെൽഹിയിലും പോയി വ്യവസായം കൊണ്ടുവരാൻ ശ്രമിച്ചു. 1982–1987 വരെ ഐക്യജനാധിപത്യ മുന്നണിയിലെ മന്ത്രിമാരും ഗവൺമെൻറും ശ്രമിച്ചു. 1987–1991–ൽ ശ്രീ. നായനാർ മുഖ്യമന്ത്രിയും ഗൗരി അമ്മ വ്യവസായ വകുപ്പുമന്ത്രിയുമായിരുന്നു. അന്ന് വ്യവസായം കൊണ്ടുവരാൻ ശ്രമിച്ചു. 1991–1996 കാലയളവിൽ ശ്രീമാൻ കരുണാകരനും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ ആൻറണിയും ശ്രീമാൻ കുഞ്ഞാലിക്കുട്ടിയും ശ്രമിച്ചു് വ്യവസായങ്ങളൊന്നും വന്നില്ല. അതിന് കാരണമെന്താണ്? അതിന് ഉത്തരം അങ്ങയുടെ വകുപ്പിൽ തന്നെയുണ്ട്. പുറത്തുനിന്നു വ്യവസായം കൊണ്ടുവരാൻ ശ്രമിച്ചാൽ നടക്കില്ല. ഇവിടെത്തന്നെ വ്യവസായ സംരംഭകരോടുള്ള സമീപനമെന്താണ്? അങ്ങയുടെ വകുപ്പിന്റെ കീഴിൽ ഒരു ഫൈനാൻഷ്യൽ കോർപ്പറേഷനുണ്ട്. അങ്ങ് ശ്രദ്ധിക്കണം. പലപ്പോഴും ഞാനിവിടെ പറഞ്ഞിട്ടുള്ളതാണ്. ആരും ശ്രമിച്ചിട്ടില്ല. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും പറഞ്ഞിട്ടുള്ളതാണ്. ആരെങ്കിലും വ്യവസായം തുടങ്ങാൻ ഈ നാട്ടിൽ വന്നാൽ കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ അവരെ കഴുത്തറുത്ത് കൊല്ലുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അങ്ങ് എങ്കിലും ആ കാര്യത്തിൽ ശ്രദ്ധിച്ചാൽ മാത്രമേ വ്യവസായങ്ങളുടെ ശവപ്പറമ്പല്ലാതാക്കി കേരളത്തെ മാററാൻ കഴിയൂ. ഞാനൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കേന്ദ്ര വിഹിതം ശരിയായ രീതിയിൽ വാങ്ങുന്നതിന് ഇടതുപക്ഷജനാധിപത്യമുന്നണിക്ക് 11-ാം ധനകാര്യ കമ്മീഷന്റെ മുൻപിൽ നിന്ന് വേണ്ടത്ര കഴിഞ്ഞില്ലെന്ന് അങ്ങ് ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അടുത്ത കാലത്തുണ്ടായ പ്രളയക്കെടുതി എന്തൊരു പ്രത്യാഘാതമുണ്ടാക്കുന്നതായിരുന്നു? എന്നിട്ട് കേന്ദ്ര ടീമിനെ ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞോ? കേന്ദ്രത്തിന്റെ മുൻപിൽ നിവേദനം കൊടുക്കാൻ കഴിഞ്ഞോ? റവന്യൂ മന്ത്രി രാവിലെ പരുങ്ങുന്നത് അങ്ങ് കണ്ടതല്ലേ? അത് റവന്യൂ വകുപ്പുമന്ത്രിയുടെ മാത്രം പരുങ്ങലല്ല. ഈ ഗവൺമെന്റിന്റെ മൊത്തം പരുങ്ങലാണ്. ഈ രണ്ടു മാസക്കാലം കൊണ്ട് പിടിപ്പുകേടിന്റെ പര്യായമായി. കാര്യക്ഷമതയില്ലായ്മയുടെ പര്യായമായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. ഇങ്ങനെയൊരു സ്ഥിതി വിശേഷം ചരിത്രത്തിലുണ്ടായിട്ടുണ്ടോ? അങ്ങനെ ഈ ഗവൺമെന്റിനു വേണ്ടി കൊണ്ടുവന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ചർച്ചകളാണ് കഴിഞ്ഞ ദിവസങ്ങളിലായി ഇവിടെ നടക്കുന്നത്. സാമ്പത്തിക തകർച്ചയുടെ വ്യാപ്തിയെക്കുറിച്ച് ഇരുപക്ഷത്തും ഉള്ളവർ വാദമുഖങ്ങൾ ഉന്നയിക്കുകയുണ്ടായി. ഒരു കാര്യത്തിൽ ആർക്കും തർക്കമില്ല. കേരളം സാമ്പത്തിക തകർച്ചയുടെ അഗാധ ഗർത്തങ്ങളിൽ പതിച്ചിരിക്കുന്നുവെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ആരാണ് അതിന് ഉത്തരവാദിയെന്ന കാര്യത്തെ കുറിച്ച് മാത്രമാണ് തർക്കം അവശേഷിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷമായി കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ധനകാര്യ രംഗത്തുള്ള മിസ്മാനേജ്മെന്റാണ് ഈ തരത്തിൽ, ഈ ഗുരുതരാവസ്ഥയിലേയ്ക്ക്, ഈ തകർച്ചയ്ക്ക് ആക്കം കൂട്ടിയത് എന്ന കാര്യത്തിൽ യാതൊരു തർക്കവും ഇല്ല.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: കഴിഞ്ഞ ഗവൺമെന്റിന്റെ ഏററവും വലിയ തകർച്ചയ്ക്ക് കാരണം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ശിവദാസ മേനോനാണെന്ന് ബഹുമാനപ്പെട്ട പി. ജെ. ജോസഫ് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഞാനത് പറയാൻ വരികയായിരുന്നു. ഇടതുപക്ഷ മുന്നണിയിലെ കഴിഞ്ഞ ഗവൺമെന്റിൽ മന്ത്രിയായിരുന്ന ശ്രീ. പി. ജെ. ജോസഫ് തന്നെ ശ്രീ. ശിവദാസമേനോനാണ് ഈ തകർച്ചയ്ക്ക് ഉത്തരവാദിയെന്ന് സൂചിപ്പിക്കുകയുണ്ടായി.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ശ്രീ. പി. ജെ. ജോസഫ് പറഞ്ഞത് മന്ത്രി ശിവദാസമേനോനാണ് എന്നല്ല, ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ കുഴപ്പമാണെന്നാണ് പറഞ്ഞത്.

ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്...........

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അങ്ങനെ പറഞ്ഞ് ഒഴിഞ്ഞിട്ട് കാര്യമില്ല.

ഡെപ്യൂട്ടി സ്പീക്കർ: സമയം പാലിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ധനകാര്യവകുപ്പും ചുമതലപ്പെട്ട മന്ത്രിമാരുമാണ് ഇന്നത്തെ സാമ്പത്തിക തകർച്ചയുടെ ഉത്തരവാദിയെന്ന് ശ്രീ. പി. ജെ. ജോസഫ് സൂചിപ്പിച്ചിട്ടുണ്ട്. അതാണ് സർ, സത്യം.

ഡെപ്യൂട്ടി സ്പീക്കർ: 10 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. കൂടുതൽ സമയം തരികയില്ല.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മെമ്പർ ജോസഫ് എം. പുതുശ്ശേരി കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും ബഡ്ജററ് തയ്യാറാക്കിയത് ഒരേ ഉദ്യോഗസ്ഥൻമാരാണ്, അവരുടെ കുററമാണെന്ന് ശ്രീ. പി. സി. ജോർജ് ഇവിടെ പറഞ്ഞു. ബഡ്ജററ് പ്രൊവിഷനിൽ ഇല്ലാത്ത ഓരോ കാര്യങ്ങളും മന്ത്രിസഭാ യോഗത്തിൽ കൊണ്ടുപോയി അംഗീകാരം മേടിച്ച് നടപ്പാക്കിയതാണ് ഈ പ്രതിസന്ധിക്ക് കാരണമെന്ന് ബഹുമാനപ്പെട്ട പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ശ്രീ. എം. എസ്. ഗുലാത്തി പറഞ്ഞിട്ടുണ്ട്. അപ്പോൾ ഉദ്യോഗസ്ഥൻമാരെ കുററം പറയുന്നത് ശരിയാണോ? ഗുലാത്തി തന്നെ അങ്ങനെ പറഞ്ഞ സാഹചര്യത്തിൽ മന്ത്രിമാരല്ലേ ഉത്തരവാദി?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഒട്ടേറെ വിമർശനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. മാത്രമല്ല, അധികാരത്തിലിരിക്കുന്ന ഗവൺമെന്റും മന്ത്രിമാരും ഉദ്യോഗസ്ഥൻമാരാണ് ഉത്തരവാദികൾ എന്നുപറഞ്ഞ് ഇപ്പോൾ അധികാരത്തിൽനിന്നും പുറത്തുപോയതിനുശേഷം അത് പറഞ്ഞ് ഒഴിഞ്ഞിട്ട് കാര്യമുണ്ടോ?..........ബഹളം..........

ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്..........ബഹളം........

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറുന്നതിന് തുല്യമാണ്. അതുകൊണ്ട് ഉത്തരവാദിത്വം ഏറെറടുത്ത് യാഥാർത്ഥ്യബോധത്തോടുകൂടി പ്രശ്നത്തെ സമീപിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്. ..............ബഹളം..............

ഡെപ്യൂട്ടി സ്പീക്കർ: Please resume your seat.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കടം കൊണ്ടുള്ള ഈ അവസ്ഥയിൽനിന്നും കര കയറി മുന്നോട്ടു പോയെങ്കിലേ മതിയാവൂ, അതല്ലാതെ നമുക്ക് ഒരു മാർഗ്ഗവുമില്ല. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് എന്നുള്ള നിലയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ആ നിലയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ ബഡ്ജററും മററ് നടപടികളുമൊക്കെയായി ഈ ഗവൺമെൻറ് മുന്നോട്ടു വന്നിട്ടുള്ളത്. അതിനുള്ള മാർഗ്ഗം അവലംബിക്കേണ്ടിയിരിക്കുന്നു. നികുതി വരുമാനം വർദ്ധിപ്പിക്കണം. കേരളത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നികുതി ഒരു മാർഗ്ഗമാണ്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം നികുതി വരുമാന വർദ്ധനവിൽ ചില മാനദണ്ഡങ്ങൾ സ്വീകരിച്ചേ മതിയാവൂ. കാരണം, മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ നികുതി നിരക്ക് ഉയർന്നതാണ്. ആളോഹരി നികുതി വരുമാനം 1999-2000 വർഷത്തിൽ ആന്ധ്രാപ്രദേശിൽ 1271 ആണെങ്കിൽ വെസ്ററ് ബംഗാളിൽ 734 ആണെങ്കിൽ കേരളത്തിൽ 1968 ആണ്. ഈ നികുതി നിരക്ക് നിലവിലുള്ള നമ്മുടെ സംസ്ഥാനത്ത് ഇനി വളരെയേറെ നികുതി വർദ്ധനവ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് മുന്നോട്ടു പോകുവാൻ കഴിയുകയില്ല. അതുകൊണ്ടാണ് മററ് മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് മുന്നോട്ടു പോകുവാൻ ഈ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത്. മററ് നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും ചെലവ് ചുരുക്കാനുമുള്ള നയസമീപനങ്ങൾ ഈ ഗവൺമെൻറ് പ്രഖ്യാപിച്ചു കഴിഞ്ഞു. ചെലവ് ചുരുക്കൽ ഈ ഗവൺമെൻറിന്റെ മുഖമുദ്രയായിരിക്കുമെന്ന് മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ആ നിലയിലാണ് ഈ ഗവൺമെൻറ് മുന്നോട്ടുപോകുവാൻ ആഗ്രഹിക്കുന്നത്; ആ നിലയിലേക്ക് ചിന്തിക്കുമ്പോൾ ചില നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ മുൻപാകെ വയ്ക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. അനാവശ്യ തസ്തികകൾ ഒഴിവാക്കണമെന്ന് നമ്മുടെ പല ആളുകളും സൂചിപ്പിച്ചു. ഇതിനുമുൻപുനടന്ന ചർച്ചകളിലും ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. അനാവശ്യ തസ്തികകൾ ഒഴിവാക്കണം, ശമ്പളത്തിന്റെ കാര്യത്തിൽ വലിയ വർദ്ധനവ് വരുന്ന കാര്യങ്ങൾ ഒഴിവാക്കണമെന്നും സൂചിപ്പിക്കുകയുണ്ടായി. ഓരോ ഡിപ്പാർട്ടുമെൻറുമായി ബന്ധിപ്പിച്ച് ഒട്ടേറെ ഇത്തരത്തിലുള്ള തസ്തികകൾ നിലനിൽക്കുന്നു. ഒരു ഐ. ജി. ഉണ്ടായിരുന്ന കാലത്ത് കാര്യങ്ങളൊക്കെ ഭംഗിയായി നടന്നുപോയിട്ടുണ്ട്. ഇന്ന് ആ ഐ. ജി.-യുടെ സ്ഥാനത്ത് ഡി.ജി.പി.-മാർ തന്നെ പലതാണ്. പക്ഷേ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോയെന്ന് ആലോചിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതുപോലെ ഓരോ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും പരിശോധന നടത്തണം. അതുപോലെ ചീഫ് എഞ്ചിനീയർമാരുടെ കാര്യവും നമ്മൾ ശ്രദ്ധിക്കണം. പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ തുടങ്ങുന്ന ആഫീസുകളുടെ കാര്യം, ഇതുപോലെയുള്ള കാര്യങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. അത്തരം കാര്യങ്ങളിൽ ആലോചന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇലക്ട്രിസിററി ബോർഡിനെ സംബന്ധിച്ച് നഷ്ടത്തിലാണെന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചേ മതിയാവൂ എന്നുമുള്ള യാഥാർത്ഥ്യം എല്ലാവരും അംഗീകരിക്കുന്നുണ്ട്. എന്താണ് ഇലക്ട്രിസിററി ബോർഡിന്റെ സ്ഥിതി? 18 ചീഫ് എഞ്ചിനീയർമാരാണ് ഇലക്ട്രിസിററി ബോർഡിലുള്ളത്. ഇത്രയും ആളുകളെ ആവശ്യമുണ്ടോ? ആറു മാസത്തേയ്ക്ക് എന്നും പറഞ്ഞ് ഉത്തരവ് ഇറക്കി Reforms Chief Engineer എന്നു പറഞ്ഞ് ഇലക്ട്രിസിററി ബോർഡിൽ കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ഒരു തസ്തികയുണ്ടാക്കി. ആറു മാസത്തേയ്ക്ക് എന്നാണ് ഉത്തരവിൽ പറഞ്ഞിരിക്കുന്നത്, ആറ് മാസത്തേയ്ക്ക് നിയമിച്ച ആ ചീഫ് എഞ്ചിനീയർ 3 വർഷത്തിനുശേഷം ഇപ്പോഴും തുടരുകയാണ്. ഇത്തരത്തിൽ ഒരു ചീഫ് എഞ്ചിനീയർ വരുമ്പോൾ, 3 ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, അതിനു കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അതിനു കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മററ് ക്ലറിക്കൽ സ്ററാഫ് അടക്കം ഒരു ഉദ്യോഗസ്ഥപ്പട ഇതിനോട് അനുബന്ധമായി ഈ നിലയിൽ നിയമിക്കപ്പെടുകയാണ്. ഇത്തരം അനാവശ്യ തസ്തികകൾ ഒഴിവാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ കർശനമായ നടപടികൾ സ്വീകരിക്കുവാൻ ധനകാര്യ മന്ത്രി മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ''എള്ള് ചോരുന്നത് കാണാം, തേങ്ങ ചോരുന്നത് കാണുകയില്ല'' എന്നുള്ള നിലയിലുള്ള സമീപനമാണ് ഈ രംഗത്തൊക്കെ നിലവിലുള്ളത്. അതിന് പരിഹാരമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ: Time is over. Please..................

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഞാൻ ഇതുംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. അതുപോലെ ഇത്തരം കാര്യങ്ങളിൽ അനാവശ്യ പോസ്ററുകൾ അവസാനിപ്പിക്കാനുള്ള കർശനമായ നടപടിയുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇവിടെ ജനങ്ങളോടുള്ള ഉത്തരവാദിത്വം കണക്കിലെടുത്ത് മുന്നോട്ടുവച്ച നികുതി നിർദ്ദേശങ്ങളിൽ റൊട്ടിയുടെ നികുതി പിൻവലിച്ചു. അതുപോലെ പല നികുതി നിർദ്ദേശങ്ങളും വിവരിക്കുകയുണ്ടായി. മിച്ച റബ്ബർ സംഭരിക്കുന്നതിനുവേണ്ടി 5 കോടി രൂപ നീക്കിവയ്ക്കാനുള്ള പ്രഖ്യാപനങ്ങൾ ഈ ഗവൺമെൻറ് നടത്തുകയുണ്ടായി. ആ പ്രഖ്യാപനങ്ങളെയൊക്കെ സ്വാഗതം ചെയ്യുകയാണ്. അതുപോലെതന്നെ വ്യാപാര സമൂഹം ഇന്ന് പ്രതിഷേധത്തിലാണ്. ഇവരുമായി പ്രശ്നങ്ങൾ ചർച്ച ചെയ്തുകൊണ്ട്, ആ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു ആർജ്ജവം ഈ ഗവൺമെൻറ് കാണിക്കണം. ടേൺ ഓവർ ടാക്സിൻെറ കാര്യത്തിൽ ഗവൺമെൻറ് ഒരു പുനരാലോചന നടത്തി ആ പ്രശ്നങ്ങൾ കൂടി പരിഹരിക്കാൻ തയ്യാറാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു.

ഡോക്ടർ കെ. സി. ജോസഫ്: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. സർ, ബഡ്ജററ് ചർച്ചാവേളയിൽ ഉന്നയിക്കപ്പെട്ട കാതലായ വിമർശനങ്ങൾക്കുള്ള മറുപടി പറയാതെയാണ് ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചർച്ച അവസാനിപ്പിച്ചത്. അതിൽ ചില കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട തോമസ് ഐസക്ക് ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ ബഡ്ജററിൽ പദ്ധതി വെട്ടിച്ചുരുക്കി വികസന പ്രവർത്തനങ്ങൾ മരവിപ്പിച്ച് അധിക വിഭവ സമാഹരണം കണ്ടെത്തിയപ്പോൾ, ആ അധിക വിഭവ സമാഹരണം നടത്തി ലഭ്യമാകുന്ന തുക ഇവിടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനോ ധവളപത്രത്തിലൂടെ കണ്ടെത്തിയെന്ന് പറയുന്ന കടം വീട്ടുന്നതിനോ ഒരു രൂപ പോലും നീക്കിവച്ചിട്ടില്ലായെന്നുമാത്രമല്ല പദ്ധതിയേതര ചെലവുകൾക്കുവേണ്ടി 92 കോടിയിലേറെ രൂപ നീക്കി വച്ചിട്ടുണ്ട്. അങ്ങനെ വികസന വിരുദ്ധമായിട്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്. ചെലവ് ചുരുക്കലിൻെറ ഭാഗമായി പദ്ധതിയേതര ചെലവ് ചുരുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദ്യോത്തര വേളയിൽ പറഞ്ഞു. പക്ഷേ പുതുക്കിയ ബഡ്ജററിൽ പദ്ധതിച്ചെലവ് കുറയ്ക്കുകയും പദ്ധതിയേതര ചെലവ് വർദ്ധിപ്പിക്കുകയും ചെയ്തു. ഇവിടെ ധവളപത്രത്തിൻെറ ചുവടുപിടിച്ചുകൊണ്ടാണ് മൊത്തത്തിലുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കടബാദ്ധ്യതകൾ പെരുപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുവാനും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവയിൽനിന്നും മുഖം തിരിച്ചു നിൽക്കുന്നതിനുംവേണ്ടി വർദ്ധിപ്പിച്ച കടബാദ്ധ്യത ചൂണ്ടിക്കാണിച്ച് അവയിൽനിന്നും ഒളിച്ചോടുവാനുള്ള ശ്രമമാണ് എല്ലാ കാലങ്ങളിലും നടക്കുന്നത്. ആ മാതൃക തന്നെയാണ് ധവളപത്രം; ധനകാര്യവകുപ്പ് പുറപ്പെടുവിച്ചതുകൊണ്ട് ഒരു ചെറിയ ധവളപത്രം, എന്തുമായിക്കൊള്ളട്ടെ എന്നുള്ള അടിസ്ഥാനത്തിൽ ഇവിടത്തെ പാവപ്പെട്ട ആളുകൾക്കുവേണ്ടി ഏറ്റവും ഫലപ്രദമായി പ്രവർത്തിച്ച ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങളെപ്പറ്റി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇന്നലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 1996-ൽ ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ അന്നത്തെ ഹൗസിംഗ് ബോർഡിന്റെ സഞ്ചിതനഷ്ടം ഇരുപത്തിരണ്ടര കോടി രൂപയായിരുന്നു. ആ ഇരുപത്തിരണ്ടര കോടി രൂപയുടെ സഞ്ചിതനഷ്ടം 5 വർഷത്തെ പ്രവർത്തനത്തിന്റെ ഫലമായി കുറച്ചുകൊണ്ടുവന്നു. ഏതാണ്ട് 27 കോടി രൂപ ലാഭത്തിലാക്കിക്കൊണ്ടാണ് കഴിഞ്ഞ ഹൗസിംഗ് ബോർഡ് സ്ഥാനം ഒഴിഞ്ഞത് എന്നുള്ളതാണ് വസ്തുത. ഹഡ്കോയിൽനിന്നും ലോൺ എടുത്തത് തിരിച്ചുകൊടുക്കാൻ ബാക്കിയുള്ളതുകൊണ്ടാണ് ഈ പ്രശ്നം മുഴുവൻ എന്നു പറയുവാൻ ശ്രമിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോൾ അന്ന് ഹഡ്കോക്ക് നൽകുവാൻ ഹൗസിംഗ് ബോർഡിന് ബാക്കിയുണ്ടായിരുന്നത് 311.16 കോടി രൂപയാണ്. പഴയ യു.ഡി.എഫ്. ഭരണകാലത്ത് ഹൗസിംഗ് ബോർഡ് സ്ഥാനം ഒഴിയുമ്പോൾ 311 കോടി രൂപ കൊടുക്കുവാനുണ്ടായിരുന്നു. 10 ശതമാനം പലിശ കണക്കാക്കിയാൽപ്പോലും 5 കൊല്ലം കൊണ്ട് അത് 501·12 കോടി രൂപയായി വരുമെങ്കിൽ ആ ബാദ്ധ്യത തീർക്കുവാൻ നടപടി സ്വീകരിച്ചതും ഇടതുപക്ഷമുന്നണിയുടെ കാലത്തുള്ള ആ ബോർഡാണ് എന്നുള്ളത് വിസ്മരിക്കുന്നത് ശരിയല്ല.

മൈത്രി ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി വാങ്ങിയ തുക വക മാററി ചെലവഴിച്ചു എന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മൈത്രി ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി ഹൗസിംഗ് ബോർഡ് 731 കോടി രൂപ കടം വാങ്ങിയെങ്കിൽ, ഹഡ്കോയിൽനിന്നും കടമെടുത്തുവെങ്കിൽ അതിൽ 725.30 കോടി രൂപയും മൈത്രി വായ്പയ്ക്കായി വിതരണം ചെയ്തു. പല ഇനങ്ങളിലായി കഴിഞ്ഞ ബോർഡും, ഇതിന്റെ തുടർച്ചയായ ബോർഡ് എന്നുള്ള നിലയിൽ കണക്കാക്കിയാൽ 1062 കോടി രൂപ ഹഡ്കോയിൽനിന്നും എടുത്തുകഴിഞ്ഞു.

മി. സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. സമയം കുറവാണ്.

ഡോ. കെ. സി. ജോസഫ്: അതെ, കുറവാണ്; അതുകൊണ്ട് ഈ ഹൗസിംഗ് ബോർഡിന്റെ കാര്യം മാത്രമേ പറയുന്നുള്ളൂ. ഹഡ്കോയിൽ നിന്നും 1062 കോടി രൂപ എടുത്തതിൽ ഇന്ന് ബാക്കി ലോണായി എല്ലാവർക്കും കൊടുത്തിരിക്കുന്നതിൽ ഔട്ട്സ്ററാൻറിംഗ് ആയി ഹൗസിംഗ് ബോർഡിനു കിട്ടേണ്ട ആ ലോൺ, അവർ ഡിസ്ബേഴ്സ് ചെയ്തിരിക്കുന്ന ലോൺ 1032 കോടി രൂപയാണ്. ആ നിലയിൽ കൊടുത്തിരിക്കുന്ന തുകയിൽനിന്നും എടുത്തിരിക്കുന്ന കടം ഒന്നുംതന്നെ വകതിരിച്ചിട്ടില്ല എന്നു കാണാൻ കഴിയും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും annuity ആയി വാങ്ങിയ 205 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാതെ ബാങ്കിൽ ഡെപ്പോസിററ് ചെയ്യാതിരിക്കുന്നതുകൊണ്ട് അഞ്ഞൂററി ചില്വാനം കോടി രൂപയുടെ ബാധ്യത വരും എന്ന് പറയുന്നതും ശരിയല്ല. പന്ത്രണ്ടര ശതമാനം പലിശയാണ് അത് ബാങ്കിൽ ഇട്ടുകഴിഞ്ഞാൽ കിട്ടുന്നത്. ആ പന്ത്രണ്ടര ശതമാനം പലിശ മാത്രം കിട്ടുമായിരുന്ന ആ തുക റവന്യൂ ടവറുകൾ നിർമ്മിക്കുന്നതിന്...... ...... ഹഡ്കോയിൽ നിന്നും പണമെടുക്കുന്നത് 16 ശതമാനം പലിശയ്ക്കാണ്. അതുപോലെ എച്ച്.ഐ.ജി., എൽ.ഐ.ജി. തുടങ്ങിയ ഇനങ്ങളിൽ കടം കൊടുക്കുന്നത് പതിനഞ്ചര ശതമാനം പലിശയ്ക്കാണ്. അങ്ങനെ വലിയ തോതിൽ പുറമെനിന്നും വലിയ പലിശയ്ക്ക് കൊടുത്തു വാങ്ങുന്നതിനു പകരമായി, ഈ തുക പന്ത്രണ്ടര ശതമാനത്തിന് ബാങ്കിലിടുന്നതിനു പകരമായി റവന്യൂ ടവറുകൾ നിർമ്മിക്കാൻ, എച്ച്.ഐ.ജി., എൽ.ഐ.ജി. തുടങ്ങിയ പദ്ധതികൾ നിക്ഷേപിക്കാൻ ഒക്കെ പരിശ്രമിച്ചതിന്റെ ഫലമായി 3 ശതമാനം പലിശ ഹൗസിംഗ് ബോർഡിന് ലാഭമായി വരും. ആ ഇനത്തിൽതന്നെ 5 വർഷംകൊണ്ട് 6·15 കോടി രൂപ ഹൗസിംഗ് ബോർഡിന് ലാഭമുണ്ടാകും. ഇതു സംബന്ധിച്ച് പഠനം നടത്തിയ കേരളാ സ്റേറററ് പബ്ലിക് എൻറർപ്രൈസസ് ബ്യൂറോയുടെ 1999-2000-ലെ കണക്കുകൾ നമ്മുടെ മുന്നിലുണ്ട്. ആ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 3-ാം സ്ഥാനത്തു നിൽക്കുന്ന ഭവന നിർമ്മാണ ബോർഡിനെ ലാഭകരമായി പ്രവർത്തിക്കുന്ന ചുരുക്കം ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായി ആ പബ്ലിക് ബ്യൂറോ എൻറർപ്രൈസസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 4 വർഷം തുടർച്ചയായി കേന്ദ്ര ഗവൺമെൻറിന്റെ ഏററവും മികച്ച പ്രവർത്തനത്തിന് അവാർഡ് നേടിയ ഹൗസിംഗ് ബോർഡ് മൂന്നു ലക്ഷത്തി ഇരുപത്തെട്ടായിരം ദുർബല ജനവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കാൻ നടപടി സ്വീകരിച്ചു. ഇപ്പോൾ 59 കോടി രൂപ ഹഡ്കോയ്ക്ക് കൊടുക്കാനുണ്ട്. അതിന് ഗവൺമെൻറിൽനിന്നും കൊടുത്തിരിക്കുന്ന ചെക്ക്, നമ്മുടെ എസ്.സി./എസ്.ററി. വിഭാഗക്കാർക്ക് വീടുകൾ നിർമ്മിക്കാൻവേണ്ടി കൊടുത്ത ചെക്ക് മാറാതിരിക്കുന്നത് 32 കോടി രൂപയുടേതുണ്ട്. അതിനുപുറമെ 100 കോടി രൂപ സബ്സിഡിയായി കിട്ടേണ്ടതുണ്ട്. ഈ തുകയെല്ലാം കൊടുത്തു കഴിയുമ്പോൾ വീണ്ടും ഹഡ്കോയിൽനിന്നും ലോൺ കിട്ടാനും ഈ മൈത്രി ഭവനനിർമ്മാണ പദ്ധതിക്ക് കൊടുത്തുതീർക്കാനും കഴിയും. ആ നിലയിൽ ഹഡ്കോയ്ക്ക് കൊടുക്കാനുള്ള തുക കൊടുത്ത് കൂടുതൽ ലോൺ വാങ്ങി വീടുകൾ പൂർത്തീകരിക്കുന്നതിനുപകരമായി ആ ഉത്തരവാദിത്വം വിസ്മരിച്ചുകൊണ്ട് ഹൗസിംഗ് ബോർഡിനെ തകർക്കാൻ, അങ്ങനെ പാവങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ തകർക്കാൻ, ജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളെ തകർക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഗവൺമെൻറ് നടത്തുന്നത്. ഗവൺമെൻറിന്റെ ഈ നയം അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ അതിനുവേണ്ടിയുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

**ശ്രീ. ജോണി നെല്ലൂർ:** സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററും ബഡ്ജററിന്റെ ചർച്ചയിൽ ഉയർന്നു വന്ന പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് സാധാരണക്കാർക്ക് ദ്രോഹം ഉണ്ടാകുന്ന നടപടികൾ പിൻവലിച്ച, ബഹുമാന്യനായ ധനകാര്യവകുപ്പു മന്ത്രിയെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പം എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. ജനങ്ങൾ വലിയ പ്രതീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത് അധികാരത്തിൽ കൊണ്ടുവന്ന ഒരു ഗവൺമെന്റാണിത്. എല്ലാ വിഭാഗം ജനങ്ങളും ഈ ഗവൺമെന്റിൽ വലിയ പ്രതീക്ഷയർപ്പിച്ചിട്ടുണ്ട്. വ്യാപാരി-വ്യവസായി സമൂഹത്തെ വളരെ ദോഷകരമായി ബാധിക്കുന്ന ടേൺ ഓവർ ടാക്സ് സമ്പ്രദായത്തെ സംബന്ധിച്ച് വ്യാപകമായ എതിർപ്പുണ്ടായിട്ടുണ്ട്. അത് വളരെ ഗൗരവമായിത്തന്നെ കണക്കിലെടുക്കണം എന്നാണ് ബഹുമാന്യനായ മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. എനിക്ക് ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളത്, വ്യാപാരികൾ തിടുക്കത്തിൽ സമരത്തിന്റെ മാർഗ്ഗത്തിലേക്ക് പോയത് ശരിയല്ല എന്നാണ്. പക്ഷേ ഗവൺമെന്റ് ചെയ്യേണ്ട ഒരു കാര്യമുണ്ട്. ഈ വ്യാപാരി-വ്യവസായി സ്നേഹിതൻമാരെ വിളിച്ചുവരുത്തി അവരുമായി ചർച്ച ചെയ്ത് ടേൺ ഓവർ ടാക്സ് ഒഴിവാക്കിക്കൊടുത്തുകൊണ്ടു തന്നെ വരുമാനം വർദ്ധിപ്പിക്കാൻ, വിഭവസമാഹരണം വർദ്ധിപ്പിക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ എന്ത് എന്ന് പരിശോധിക്കണം. അതിന് ഗവൺമെന്റ് തയ്യാറാകണം, ടേൺ ഓവർ ടാക്സ് പിൻവലിക്കണം എന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അപ്പുറത്തെ പ്രതിപക്ഷ സ്നേഹിതൻമാർ സംസാരിക്കുന്നതു കേൾക്കുമ്പോൾ തോന്നും രണ്ടു മാസം കൊണ്ടാണ് കേരളത്തിൽ ഈ കുഴപ്പം മുഴുവൻ ഉണ്ടായത് എന്ന്. എന്നാൽ കഴിഞ്ഞ 5 കൊല്ലക്കാലത്തെ കേരളത്തിലെ സ്ഥിതി എന്താണ്?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട ജോണി നെല്ലൂർ, ഇവിടെ ഡോ. കെ. സി. ജോസഫ് സംസാരിച്ചപ്പോൾ മൈത്രി ഭവന പദ്ധതിയിയിലൂടെ നടപ്പാക്കിയ കാര്യങ്ങളെക്കുറിച്ച് എല്ലാം പറഞ്ഞു. എന്റെ പ്രദേശങ്ങളിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്ത ചെക്ക് മാറാൻകഴിയാതെ ഉണ്ടാക്കിയ വീടുകൾ പൊളിഞ്ഞ്, അനവധി വീടുകൾ തറ കെട്ടിയിട്ടിരിക്കുകയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടോ?

ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ ബാബു പറഞ്ഞ കാര്യത്തിലേക്കാണ് ഞാൻ കടന്നുവരുന്നത്. സർ, ഈ ശല്യം ഒന്ന് ഒഴിവാക്കിത്തരണം.

മി. സ്പീക്കർ: അങ്ങ് വഴങ്ങാതിരുന്നാൽ മതി. സംസാരിക്കണം.

ശ്രീ. ജോണി നെല്ലൂർ: ശ്രീ. പി. സി. ജോർജ് എന്റെ സുഹൃത്താണെങ്കിലും ഒരു ശല്യമാണ് സർ. ശ്രീ. ജോർജ് എന്റെ സുഹൃത്താണ്. പക്ഷേ അടുത്തിരുന്ന് ശല്യം ചെയ്താൽ ഞാൻ എങ്ങനെയാണ് പ്രസംഗിക്കുന്നത്?

മി. സ്പീക്കർ: അദ്ദേഹം ശല്യം ചെയ്യില്ല. ശ്രീ. പി. സി. ജോർജ് ശല്യം ചെയ്യില്ല. ശ്രീ. ജോർജ് എന്റെ സുഹൃത്താണ്. ശല്യം ചെയ്യില്ല.

ശ്രീ. ജോണി നെല്ലൂർ: അതുമതി, അങ്ങ് ഉറപ്പുതന്നാൽ മതി. ഇവിടെ സാമ്പത്തിക രംഗത്ത് ഗുരുതരമായ........

മി. സ്പീക്കർ: അങ്ങയുടെ സമയം 10 മിനിറ്റാണ്. കളയരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ തുടങ്ങിയതേയുള്ളൂ. ഞാൻ അങ്ങ് പറയുന്നതു മുഴുവൻ മാനിക്കുന്ന ഒരാളാണ്. അങ്ങേയ്ക്ക് അറിയാമല്ലോ? കഴിഞ്ഞ 5 കൊല്ലം സാമ്പത്തിക മിസ്മാനേജുമെന്റ് ഈ സംസ്ഥാനത്തുണ്ടായി എന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? ഇവിടെ ശ്രീ. പി. ജെ. ജോസഫോ, ശ്രീ. പി. സി. ജോർജോ പറഞ്ഞു എന്നുള്ളതു മാത്രമല്ല, പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ പറഞ്ഞു. ഈ നിയമസഭയിൽ ഇപ്പോഴത്തെ അംഗമായ ഡോ. തോമസ് ഐസക്, അദ്ദേഹംപോലും അഭിപ്രായപ്പെട്ടു. ഇവിടെ ധനകാര്യ മിസ്മാനേജുമെന്റ് മൂലമാണ് ധനകാര്യ തകർച്ചയുണ്ടായത് എന്ന വസ്തുത എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. ഇവിടെ പ്രസംഗിക്കുന്ന ആളുകൾ ഒരു കാര്യം മറന്നുപോയത് എന്താണ്? ത്രിതല പഞ്ചായത്തുകൾക്ക് 40 ശതമാനം തുക പദ്ധതി വിഹിതമായി ചെലവഴിക്കാൻ കൊടുത്തു. കഴിഞ്ഞ ഗവൺമെന്റ് 4-ാം ഗഡു കൊടുത്തോ? എന്താണ് അപ്പുറത്തുള്ളവർ പറയാത്തത്? 4-ാം ഗഡു കൊടുക്കാതെ ഇറങ്ങിപ്പോയവരാണ്. 4-ാം ഗഡു കൊടുത്തില്ല, അതൊന്ന്. മറ്റൊരു കാര്യം, എത്ര ചെക്കുകളാണ് കെട്ടിക്കിടക്കുന്നത്? പാവപ്പെട്ട ആളുകൾക്കുള്ള ഭവനനിർമ്മാണ വായ്പയുടെ ചെക്കുകൾപോലും, കക്കൂസ് പണിയാൻ തുക അനുവദിച്ച ചെക്കുപോലും മാറാതെ സംസ്ഥാനം ഇതുപോലെ ദുർഗതിയിലേക്ക് തള്ളിവിട്ട ആളുകൾ ഇപ്പോൾ ഗീർവാണം പറയുന്നു. കരാറുകാരുടെ കുടിശ്ശിക കൊടുക്കണ്ടേ? എനിക്ക് ബഹുമാന്യനായ മന്ത്രിയോട് പറയാനുള്ളത്, പെൻഷൻകാരുടെ ആനുകൂല്യങ്ങൾ എന്തു സാമ്പത്തിക പരാധീനതയുണ്ടെങ്കിലും കൊടുക്കാനുള്ള നടപടിയുണ്ടാകണം. അവരൊക്കെ ഈ സർക്കാരിന്റെ വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ച ആളുകളാണ്. അവർ ഇനി കഷ്ടപ്പെടാൻ പാടില്ല. പെൻഷൻ കഴിഞ്ഞ് ആനുകൂല്യങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നവരോട് അൽപം ദയ കാണിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ചെലവഴിച്ച തുക. ജനകീയാസൂത്രണത്തിന് തുക ചെലവഴിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു? ഇതിനൊന്നും ആഡിറ്റേ വേണ്ട എന്നുള്ളതായിരുന്നു. എനിക്ക് ബഹുമാന്യനായ ധനകാര്യ മന്ത്രിയോട് പറയാനുള്ളത്, ഗവൺമെന്റ് കൊടുക്കുന്ന തുക എങ്ങനെയാണ് ചെലവഴിക്കുന്നത് എന്നതിന് നിർബന്ധമായി ആഡിറ്റ് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് കർശനമായ നിയന്ത്രണം കൊണ്ടുവരാൻ തയ്യാറാകണമെന്നാണ്.

ഇവിടെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചൊക്കെ എല്ലാവരും പ്രസംഗിക്കും. അധികാരം വിട്ടുപോയ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ അവസരംപോലും കിട്ടാതെപോയ മുൻപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർക്കൊക്കെ കൊടുക്കേണ്ട അലവൻസ് കൊടുക്കാതെ ഇറങ്ങിപ്പോയവരാണ് ഈ രണ്ടുമാസം പ്രായമുള്ള കുഞ്ഞിനെക്കുറിച്ച് ഇതുപോലെ കേഴുന്നത്. നമ്മുടെ നാടിന്റെ സ്ഥിതിയെന്താണെന്ന് ഒന്നാലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ സർക്കാർ സർവീസുകളിലുള്ള വാഹനങ്ങളുടെ ദുർവിനിയോഗം കർശനമായി നിയന്ത്രിക്കാൻ തയ്യാറാകണമെന്നാണ്. വാഹനങ്ങളുടെ ദുർവിനിയോഗം നമ്മുടെ സംസ്ഥാനത്ത് വ്യാപകമാണ്. ഉദ്യോഗസ്ഥൻമാരുടെ വാഹനങ്ങൾ, സർക്കാർ വാഹന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ അതെല്ലാം ഏതെല്ലാം വിധത്തിൽ ദുർവിനിയോഗം ചെയ്യുന്നുവെന്നുള്ളത് വളരെ വിശദമായി പരിശോധിക്കേണ്ടതാണ്. ഞാൻ ഇക്കാര്യത്തെക്കുറിച്ച് വളരെ വിശദമായി പറയുന്നില്ലെങ്കിലും ഈ കാര്യത്തിൽ കർശനമായ നിയന്ത്രണമുണ്ടാക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറ് തയ്യാറാകണം.

ശ്രീ. പി. സി. ജോർജ്: സർ......

മി. ഡെപ്യൂട്ടി സ്പീക്കർ: ദയവായി സഹകരിക്കണം; നിങ്ങളൊക്കെ മാതൃകയായിട്ടിരിക്കണം.

ശ്രീ. ജോണി നെല്ലൂർ: ഞാൻ തുടങ്ങിയതല്ലേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് സംസാരിക്കണം. അങ്ങയെ ഉപദ്രവിക്കരുതെന്ന് ഞാൻ പറയുകയാണ്.

ശ്രീ. ജോണി നെല്ലൂർ: നമ്മുടെ സംസ്ഥാനത്തെ പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ 50 കോടി രൂപ മാററിവച്ചിട്ടുണ്ട്. അതുകൊണ്ടൊന്നും ശമ്പളം കൊടുക്കാൻ കഴിയുകയില്ല. പ്ലസ് ടു അധ്യാപകരെ സംബന്ധിച്ച് പറയുകയാണെങ്കിൽ, നമ്മുടെ കുഞ്ഞുങ്ങൾക്ക് അറിവു പകർന്നു കൊടുക്കുന്ന അധ്യാപകരാണവർ. അവർക്ക് ശമ്പളം കൊടുത്തേ മതിയാകൂ. അവർക്ക് ശമ്പളം കൊടുക്കുവാനുള്ള തുക എവിടെനിന്നെങ്കിലും കണ്ടെത്തി കൊടുക്കണം. ഇവിടെ പ്രധാനമായും വിഭവസമാഹരണമാണ് നമുക്ക് ആവശ്യം. 5 വർഷം വിഭവസമാഹരണം നടത്താതെ ഗീർവാണപ്രസംഗങ്ങൾ കൊണ്ടുമാത്രം നാടിനെ മുടിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. നമുക്കത് പററില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയോട് എനിക്കു പറയാനുള്ളത്, മുഴുവൻ ആളുകളെയും വിളിച്ച് എവിടെനിന്ന് വിഭവസമാഹരണമുണ്ടാക്കുവാൻ കഴിയുമെന്നുള്ളതിനെ കുറിച്ച് ആലോചിക്കണം. ഇതുമായി ബന്ധപ്പെട്ട ആളുകൾ, വ്യാപാരി-വ്യവസായി സുഹൃത്തുക്കൾ എന്നിവരുമായി സംസാരിച്ച് നമുക്ക് സാമ്പത്തിക് വിഭവസമാഹരണരംഗത്ത് വളർച്ചയുണ്ടാക്കുവാൻ ആവശ്യമായ കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. അപ്പുറത്തുനിന്ന് വലിയ കോലാഹലമുണ്ടാക്കിക്കൊണ്ട് പറഞ്ഞതെന്താണ്? വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവരുന്നതിനെ സംബന്ധിച്ചാണ് പറഞ്ഞത്. ഞാൻ അതിന് മറുപടി പറയുന്നില്ലെങ്കിൽപ്പോലും, കഴിഞ്ഞകാലങ്ങൾ മറക്കരുതെന്ന് എൻെറ സ്നേഹിതൻമാരോട് പറയാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ അധികാരത്തിലിരുന്ന കാലഘട്ടം ഞങ്ങളൊക്കെ കണ്ടവരാണ്. 1996-ലെ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത് ഞങ്ങളൊക്കെ കണ്ടവരാണ്. എനിക്ക് ഒരൊററ കാര്യമാണ് എൻെറ സ്നേഹിതൻമാരോട് പറയാനുള്ളത്. നിങ്ങൾ അൽപ്പം കാത്തിരിക്കൂ. നിങ്ങൾ ആറു മാസം കാത്തിരിക്കൂ. ഈ കുഞ്ഞൊന്ന് വളരട്ടെ. ഈ കുഞ്ഞ് എന്താണ് ചെയ്യുന്നതെന്ന് നോക്കൂ. 'ദീപിക' പത്രം എഴുതിയത് നല്ല കാര്യങ്ങളാണ്. അതൊന്നും ഞാൻ പറയുന്നില്ല. ഞാൻ ഇഷ്ടപ്പെടുന്ന പത്രമാണത്. ആ പത്രത്തിൽ വരുന്ന......

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം......

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ അവസാനിപ്പിക്കാം. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത് ഈ ഗൗരവമായ പ്രശ്നം അതിൻെറ എല്ലാ ഗൗരവവും ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ

സംസ്ഥാനത്ത് വളരെ ഗൗരവതരത്തിലുള്ള ചർച്ചകൾ നടത്തണം. ബഹുമാനപ്പെട്ട തോമസ് ഐസക്കിനെ പോലെയുള്ള ആളുകളെയും വിളിക്കണം. അവരുടെ നിർദ്ദേശങ്ങൾ കേൾക്കണം. എല്ലാ വിഭാഗത്തിലുംപെട്ട ആളുകളെ വിളിച്ച് ആ കാര്യങ്ങൾ എന്തെന്ന് പഠിച്ചുകൊണ്ട് ആ രീതിയിലുള്ള ഒരു സമീപനമുണ്ടാകണം. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. അങ്ങും ഞാനും പ്രതിപക്ഷത്തിരുന്നപ്പോൾ കഴിഞ്ഞ പ്രാവശ്യം പലപ്പോഴും നമ്മൾ പറഞ്ഞ ഒരു കാര്യമുണ്ട്....

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ സമയം പാലിച്ചിട്ടുണ്ട്. സമയമനുസരിച്ചേ പ്രസംഗിച്ചിട്ടുള്ളൂ.

ശ്രീ. ജോണി നെല്ലൂർ: ഞാൻ അവസാനിപ്പിക്കാം. സർ, ഈ ഗവൺമെന്റിന്റെ മുകളിൽ ഒരു സൂപ്പർ ഗവൺമെന്റായി പ്ലാനിംഗ് ബോർഡ് പ്രവർത്തിച്ചിരുന്നുവെന്ന് ഈ നിയമസഭയിൽ നിരവധി പ്രാവശ്യം നമ്മളൊക്കെ പറഞ്ഞിട്ടുള്ളതാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഒരു കാരണവശാലും ഒരു സൂപ്പർ ഗവൺമെന്റായി പ്രവർത്തിക്കുവാൻ ഇവിടത്തെ പ്ലാനിംഗ് ബോർഡിനെ അനുവദിക്കരുത്. അങ്ങനെ അധികാരം കൈയാളുന്ന ഒരു സമിതിയായി പ്ലാനിംഗ് ബോർഡ് മാറാതിരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും, മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള ആളുകൾ കർശനമായി ഈ കാര്യത്തെ വീക്ഷിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. വി. സി. കബീർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. ജോണി നെല്ലൂർ രണ്ടുമാസം പ്രായമുള്ള കുഞ്ഞിനെക്കുറിച്ചാണ് പറഞ്ഞത്. പക്ഷെ കുഞ്ഞിനെ കാണുമ്പോൾതന്നെ കാര്യങ്ങളുടെ ഗതികൾ മനസ്സിലാകുന്നുണ്ട്. 'വിളയും പയറും മുളയിലേയറിയാം' എന്നു പറഞ്ഞതുപോലെ സർ, പോളിയോ ബാധിച്ച കുഞ്ഞാണ് യു. ഡി. എഫ്. ഗവൺമെന്റ്. അത് ഞാൻ പറയുന്നതല്ല. കെ. പി. സി. സി. (ഐ)-യുടെ പ്രസിഡന്റ് ശ്രീ. കെ. മുരളീധരൻതന്നെ പറയുന്നു, 'ഈ ഗവൺമെന്റിന് വേഗത പോരാ' എന്ന്. ഇതിലും വലിയ സർട്ടിഫിക്കറ്റ് വേണോ? ശ്രീ. കരുണാകരൻ പറയുന്നത് അതിലുമപ്പുറമാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഇന്നത്തെ ഭരണം 'ജഗപൊഗ'യാണ്. സെക്രട്ടേറിയറ്റിൽ പോയി നോക്കിയാൽ മന്ത്രിമാരെ കാണാനുള്ള ക്യൂ. ദൈവംതമ്പുരാനെ, പെരുമ്പാമ്പ് കിടക്കുന്നതുപോലെയാണ് ക്യൂ കാണുന്നത്. സെക്രട്ടേറിയറ്റിൽ നിന്നുതിരിയാൻ ഇടമില്ലാത്തവിധം കാറുകൾ നിറഞ്ഞിരിക്കുകയാണ്. സെക്രട്ടേറിയറ്റിനകത്ത് കാറുകൾ തമ്മിൽ കൂട്ടിമുട്ടുകയാണ്. ഇങ്ങനെ പോയാൽ ഞാൻ നേരത്തെ പറഞ്ഞ ഗതിയിലേക്ക് തന്നെയാണ് ചെന്നെത്തുക. വെള്ളപ്പൊക്കത്തെ തുടർന്ന് 105 പേർ മരിച്ചു. പതിനായിരക്കണക്കിന് വീടുകൾ നശിച്ചു. പലരും ഇപ്പോഴും സ്കൂൾകെട്ടിടങ്ങളിൽ താമസിക്കുകയാണ്. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടുവെന്ന് ഞാൻ കുറ്റപ്പെടുത്തുകയാണ്. ഒറീസ്സയിൽ വെള്ളപ്പൊക്കമുണ്ടായി. 24 മണിക്കൂറിനകം പ്രധാനമന്ത്രി പ്രഖ്യാപിക്കുന്നു 100 കോടി രൂപയുടെ ആശ്വാസം. എന്നിട്ട് പ്രത്യേക ടീമിനെ നാളെ അവിടേക്ക് അയയ്ക്കുകയാണ്. 105 ആളുകൾ മരിച്ചു. നിരവധിയാളുകൾ അമ്പലരും അശരണരുമായി കിടന്നിട്ട് അവരുടെ കാര്യം

പരിഗണിക്കാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും സമയമുണ്ടാകാതെ പോയി. അദ്ദേഹം പാർട്ടിയിലെ ആഭ്യന്തര പ്രശ്നങ്ങൾ തീർക്കുന്ന കാര്യങ്ങളിലാണ് ഇപ്പോൾ ശ്രദ്ധമുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നത്. പാവപ്പെട്ട നമ്മുടെ ജനങ്ങളെ സഹായിക്കാൻ ഈ ഗവൺമെൻറ് കുററകരമായ അനാസ്ഥ കാണിച്ചിരിക്കുന്നുവെന്ന് പറയാൻ യാതൊരു മടിയുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ എനിക്ക് 1964 മുതൽ അറിയാം. പാലക്കാട് റോബിൻസൺ റോഡിലെ കോൺഗ്രസ് ഓഫീസിൽ ഞങ്ങൾ ഒരുമിച്ചുണ്ടായിരുന്നു. അന്ന് അദ്ദേഹം മൂന്നുവട്ടം കുളിക്കുമായിരുന്നു. ഇപ്പോൾ രണ്ടു തവണയാണ് കുളിക്കുന്നത്. അദ്ദേഹത്തിന് നാരികളോടും, രോഗികളോടും, സാരികളോടും വിരോധമില്ല. അദ്ദേഹം കുമാരീശാപമേൽക്കാൻ പോവുകയാണ്. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ജോണി നെല്ലൂർ പറഞ്ഞല്ലോ, ഞാനും ഒരു റിട്ടയേർഡ് അധ്യാപകനാണ്. അദ്ദേഹത്തിന് കുമാരീശാപം വരാൻ പോകുന്നു. റിട്ടയർ ചെയ്ത അധ്യാപകർ എൻ.ജി.ഒ.-മാർ ഗവൺമെൻറ് ഉദ്യോഗസ്ഥർ എന്നിവർക്ക് പെൻഷനും ഗ്രാററുവിററിയും, പത്ത് പൈസപോലും കൊടുക്കുന്നില്ല. പെൺകുട്ടികളുടെ വിവാഹം മുടങ്ങിപ്പോവുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പെൺകുട്ടികളുടെ ശാപം, കുമാരികളുടെ ശാപം ധനകാര്യവകുപ്പുമന്ത്രിയുടെ മീതെയും ഈ ഗവൺമെൻറിനു മീതെയും വരാൻ പോകുന്നുവെന്ന്. അതുകൊണ്ട് പെൻഷനും ഗ്രാററുവിററിയും മററാനുകൂല്യങ്ങളും വേഗം തന്നെ റിട്ടയർ ചെയ്തവർക്ക് കൊടുക്കാനുള്ള നിർദ്ദേശമുണ്ടാകണം. ജീവകാരുണ്യപരമായ ഒരു കാര്യംകൂടി, ആയിരം രൂപ രോഗികൾക്ക് മരുന്നു വാങ്ങാൻ ആരോഗ്യ വകുപ്പുമന്ത്രി കൊടുക്കും. ഹൃദയ ശസ്ത്രക്രിയയ്ക്ക് 50,000 രൂപവരെ കൊടുക്കും. കിഡ്നി മാററി വയ്ക്കാൻ 25,000 രൂപവരെ കൊടുക്കുന്നുണ്ട്. ആ പാസ്സാക്കിയ പണംപോലും ഈ ഗവൺമെൻറ് ഇപ്പോൾ കൊടുക്കുന്നില്ല. പാവപ്പെട്ടവരായ ചെറുപ്പക്കാർ ഹൃദയശസ്ത്രക്രിയ നടത്താതെ മരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ കണ്ണു തുറക്കണം. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

ശ്രീ. ബി. വിജയകുമാർ: കഴിഞ്ഞ 5 വർഷത്തെ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും നിറഞ്ഞ ഭരണത്തിന്റെ ഫലമായി തകർന്ന സാമ്പത്തിക സ്ഥിതിയിൽനിന്നും പാളംതെററിയ ഭരണക്രമത്തിൽ നിന്നും ദിശാബോധം നഷ്ടപ്പെട്ട ഒരു ഭരണ വ്യവസ്ഥിതിയെ ശരിയായ പാതയിലൂടെ നയിക്കാനുള്ള വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയുള്ള ഒരു ഭരണവ്യവസ്ഥിതിയുടെ ചെലവിനായി അവതരിപ്പിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. ഈ ബഡ്ജററിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞ ഒരു വാക്ക് ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. മുന്നറിയിപ്പുകൾ കാററിൽ പറത്തി ലക്കും ലഗാനും ഇല്ലാതെ മദിച്ചുല്ലസിച്ചു ചെലവിട്ട മുൻ സർക്കാരിന്റെ സ്വാഭാവികമായ പരിണാമമാണ് ദൗർഭാഗ്യവശാൽ നമുക്ക് കാണേണ്ടിവന്നത്. ബഹുമാനപ്പെട്ട കബീർ മാസ്ററുടെ പ്രസംഗം, ഇതിനു തൊട്ടുമുമ്പ് അദ്ദേഹം മന്ത്രിയായിരുന്നുവെന്നുള്ളത് വിസ്മരിച്ചുകൊണ്ടുള്ള ഒരു പ്രസംഗമായിരുന്നുവെന്ന് മനസ്സിലാക്കാം. അദ്ദേഹം മന്ത്രിയായിരുന്ന ഗവൺമെൻറ് സർക്കാർ ജീവനക്കാർക്ക് കൊടുക്കാനുള്ള ഡി. എ. കുടിശ്ശികയും, പെൻഷൻകാരുടെ ആനുകൂല്യങ്ങളും എല്ലാം ഈ ഗവൺമെൻറ് കൊടുക്കുന്നില്ലെന്നു പറഞ്ഞ് കുററാരോപണം നടത്തിയിരിക്കുന്നു. ആശുപത്രികൾക്ക് മരുന്നിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിലയായ 30 കോടി രൂപ കൊടുക്കാത്ത ഒരു മന്ത്രിയാണ് ഈ ഗവൺമെന്റിനെക്കുറിച്ച് പറയുന്നതുവെന്നുള്ളത്, മലർന്നുകിടന്ന് തുപ്പുന്നതിനു തുല്യമാണ് കബീർ മാസ്ററേ. ഈ ബഡ്ജററിൽ കേരളത്തിന്റെ സമസ്ത മേഖലയിലെയും വികസന പദ്ധതിയുണ്ട്. നഗര വികസനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി പുതിയ ടെർമിനലിന് തറക്കല്ലിട്ടു, ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രിയും കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയും ചേർന്ന് തറക്കല്ലിട്ടു. രണ്ടുവർഷമായി ആ കല്ലിന്റെ പുറത്ത് മറെറാരു കല്ല് വയ്ക്കുവാൻ കഴിഞ്ഞ ഗവൺമെന്റിനു സാധിച്ചിട്ടില്ല. ഇപ്പോൾ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-ാം തീയതി യോഗംകൂടി പരിശോധിച്ചപ്പോൾ ആ പ്രൊപ്പോസൽ ക്യാബിനററിൽ കൊണ്ടുപോയിട്ടില്ല എന്നാണ് അറിഞ്ഞത്. ക്യാബിനററിന്റെ അംഗീകാരമില്ല. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമില്ല. എന്തു കല്ലാണ് മുൻ മുഖ്യമന്ത്രിയും കേന്ദ്രവ്യോമയാന മന്ത്രിയും ഇട്ടത്? ജനങ്ങളെ കബളിപ്പിച്ചു. ആ നയപരിപാടിക്ക് ബദലായി 13-ാം തീയതി തന്നെ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ 10 കോടി രൂപ അടുത്ത ക്യാബിനററിൽ വയ്ക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ നിർമ്മാണത്തിന് ക്യാബിനററ് അംഗീകാരം കൊടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം വാങ്ങി അത് നടപ്പാക്കാൻ പോകുന്നു. തീരദേശ വികസനം, മലയോര വികസനം ഇതൊക്കെ ഈ ബഡ്ജററിൽ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ജനക്ഷേമകരമായ പരിപാടികൾ നടപ്പാക്കുന്നതിനു പകരം കടമെടുത്ത് ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞ പ്രകാരം, സുഖിപ്പിക്കുകയും കേരളത്തിന്റെ സമ്പത്തും ആർജ്ജവവും മുഴുവൻ സ്വകാര്യ സ്വത്താക്കി മാററാൻ ശ്രമിച്ച മന്ത്രിമാരും എം. എൽ.എ.-മാരും മാർക്സിസ്ററ് നേതാക്കൻമാരുമാണ് കഴിഞ്ഞ ഗവൺമെന്റിനെ നയിച്ചത്. കൺസ്യൂമർ ഫെഡ്, പ്ലാനിംഗ് ബോർഡ്, കയർ ഫെഡ്, ആഡിയോ വിഷ്വൽ ആന്റ് റീപ്രോഗ്രാഫിക് സെന്റർ, ഐ.എച്ച്.ആർ.ഡി., നിർമ്മിതി കേന്ദ്രം, ഹാൻവീവ് ഇവിടെയൊക്കെ നിങ്ങളുടെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ബന്ധുക്കളും എം.എൽ.എ.-മാരുടെ ബന്ധുക്കളും മാർക്സിസ്ററ് പാർട്ടിയുടെ നേതാക്കൻമാരുടെ ഭാര്യമാരും ബന്ധുക്കളും ആയിരുന്നു നിയമിക്കപ്പെട്ടത്. ആയിരക്കണക്കിന് ആളുകളെ യാതൊരു മാനദണ്ഡവും നോക്കാതെ നിയമിച്ചു. 41 ലക്ഷം ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ററർ ചെയ്ത് തൊഴിൽരഹിതരായിട്ടുള്ളപ്പോൾ അധികാരം ഉപയോഗിച്ചുകൊണ്ട് നിങ്ങൾ തിരുകിക്കയററിയില്ലേ? എന്റെ മാന്യത കൊണ്ട് ആരുടെയൊക്കെ ബന്ധുക്കളാണ് പോസ്ററ് ചെയ്യപ്പെട്ടതെന്ന് ഞാൻ പറയുന്നില്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പ്രാഥമിക സഹകരണസംഘങ്ങളിൽനിന്ന് പണമെടുത്ത് ഖജനാവിൽ നിക്ഷേപിച്ചത്. ജപ്പാൻ സഹായത്തോടുകൂടി മൂന്നര ശതമാനം പലിശയ്ക്ക് 1787 കോടി രൂപ തിരുവനന്തപുരത്തെ വിവിധ നഗരങ്ങളിൽ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സഹായം കിട്ടുമായിരുന്നത് കമ്മീഷൻ തർക്കത്തിൽ നിങ്ങൾ ലാപ്സാക്കി, ആ കമ്മീഷൻ വാങ്ങേണ്ടത് മകനാണോ; മരുമകനാണോ എന്ന തർക്കത്തിൽ ക്ലിഫ് ഹൗസിൽ നടന്ന അന്തർ നാടകങ്ങൾ ഇനി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നില്ല. 1787 കോടി രൂപ മൂന്നരശതമാനം പലിശയ്ക്ക് കിട്ടുമായിരുന്നത് നിങ്ങൾ ലാപ്സാക്കിയില്ലേ? ആ ഗവൺമെന്റാണോ കുറവിനെക്കുറിച്ച് പറയുന്നത്? ആ ഗവൺമെന്റിനു നേതൃത്വം കൊടുത്ത സി. പി. എം.

LIBRARY ARCHIVES Kerala Legislative Assembly

ജനസേവനം മുഖമുദ്ര ആകേണ്ട രാഷ്ട്രീയ ശൈലി നിങ്ങൾ ബിസിനസ്സാക്കി മാററിയില്ലേ? ബിസിനസ്സാക്കി. എന്താണ് രാഷ്ട്രീയ പാർട്ടിയുടെ ലക്ഷ്യം? ജനസേവനമല്ലേ? നിങ്ങൾ ബിസിനസ് ആക്കി മാററി. മാർക്സിസ്ററ് പാർട്ടിയുടെ ലക്ഷ്യം, കൈരളി ചാനൽ, അമ്യൂസ്മെൻറ് പാർക്ക്, സഹകരണ ആശുപത്രി ഇതാണ്. സെക്രട്ടേറിയററിൽ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി സ്മാരകം നിർമ്മിച്ചു. സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി സ്മാരകം നിർമ്മിക്കുമ്പോൾ പ്രതിപക്ഷത്തിനോട് ആലോചിക്കണ്ടേ സർ? രാഷ്ട്രീയ പാർട്ടികളോട് ആലോചിക്കണ്ടേ? സ്വാതന്ത്ര്യസമര സേനാനികളെ വിളിച്ച് ആലോചിക്കണ്ടേ? നിങ്ങൾ ആലോചിച്ചോ? നിങ്ങൾ ഒരു സ്മാരകം ഉണ്ടാക്കി. അതു ഇന്നുപോയി പരിശോധിച്ചപ്പോൾ കഴിഞ്ഞ ഗവൺമെൻറിലെ മന്ത്രിമാരുടെ വികൃതങ്ങളായ രൂപങ്ങളാണ് അവിടെ ഉണ്ടാക്കി വെച്ചിരിക്കുന്നത്. 30 ലക്ഷം രൂപ മണ്ണടിഞ്ഞു തകർന്നു. ഇന്നലത്തെ ക്യാബിനററിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. എനിക്ക് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് പറയുവാനുള്ളത്, അതിനകത്ത് ഒരു അണ്ടർഗ്രൗണ്ട് സെല്ലാറുണ്ട്, ആ സെല്ലാറിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം മാർക്സിസ്ററ് പാർട്ടി കുന്നുകൂട്ടി സ്വരൂപിച്ച സ്വത്തുക്കൾ അവിടെ ഒളിപ്പിച്ചു വച്ചിട്ടില്ലേ എന്ന് ഞാൻ സംശയിക്കുന്നു. എ.കെ.ജി. സെൻററിൽപോലും വയ്ക്കാൻ സ്ഥലമില്ലാത്തതുകൊണ്ട് അവിടെ വച്ചിരിക്കുകയാണ്. അതുകൂടി ബഹുമാനപ്പെട്ട ഗവൺമെൻറ് അന്വേഷിക്കണം. ഇ.എം.എസ്സിൻെറ സ്മാരകം, നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജിയുടെ പ്രതിമ സർക്കാർ ചെലവിൽ ഈ രാജ്യത്ത് നിർമ്മിച്ചിട്ടില്ല. ഞാൻ ഇ. എം. എസ്സിൻെറ പ്രതിമ വയ്ക്കുന്നതിന് എതിരല്ല. നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന നമ്മുടെ രാഷ്ട്ര പിതാവിൻെറ പ്രതിമ പോലും സർക്കാർ ഖജനാവിൽനിന്ന് പണം ചെലവാക്കി നിർമ്മിച്ചിട്ടില്ല. ഒരു ലക്ഷം രൂപ, രണ്ടുലക്ഷം രൂപ ഗവൺമെൻറ് ഗ്രാൻറ് കൊടുക്കും. നിയമസഭയിൽ എനിക്ക് തന്ന മറുപടിയിൽ പറഞ്ഞത്, 48·7 ലക്ഷം രൂപ കൊടുത്തു ഇനി 11 ലക്ഷം രൂപ കൊടുക്കുവാനുണ്ട് എന്നാണ്. മഹാത്മജിയോട് ഈ രാഷ്ട്രം കാണിക്കാത്ത നയമല്ലേ ഇ.എം.എസ്സി.നോട് നിങ്ങൾ കാട്ടിയത്! എന്താണ്? കിട്ടിയ അധികാരം കൊണ്ട് എന്തും കാണിക്കും എന്ത് ധിക്കാരവും കാണിക്കാം എന്ത് ധാർഷ്ട്യവും കാണിക്കാം എന്ന രീതിയിലായിരുന്നില്ലേ നിങ്ങളുടെ ഭരണം? കനകക്കുന്ന്—എന്തൊരു പ്രകൃതി സൗന്ദര്യമുള്ള കൊട്ടാരമാണ് കനകക്കുന്ന്! ആ കൊട്ടാരം ഇന്ന് ഇടിച്ചുപൊളിച്ചിട്ടിരിക്കുന്നു. ആരോടെങ്കിലും നിങ്ങൾ ആലോചിച്ചോ? ഈ നഗരത്തിലെ ജനപ്രതിനിധികളോട് നിങ്ങൾ ആലോചിച്ചോ? എന്തിനുവേണ്ടി ലക്ഷങ്ങൾ മുടക്കുന്നു, അവിടെ ഇടിച്ചുപൊളിച്ച് പുനർനിർമ്മാണം നടത്തുന്നു? ലക്ഷങ്ങൾ മുടക്കി. ഇതിന് ഏത് പ്ലാനിംഗ് ബോർഡാണ് അധികാരം കൊടുത്തത്? സെക്രട്ടേറിയററ് ഫൈനാൻസ് വിംഗ് കൊടുത്തോ? സെക്രട്ടേറിയററ് ഫൈനാൻസ് വിംഗ്, അവിടത്തെ ഫൈനാൻസ് വിംഗ് ഒബ്ജക്ട് ചെയ്ത ഫയലുകൾ മന്ത്രിമാർ പ്ലാനിംഗ് ബോർഡിൽ അയച്ച് രാഷ്ട്രീയ സ്വാധീനം ചെലുത്തി ക്ലിയർ ചെയ്യിച്ച് ഇവിടെ നടപ്പാക്കിയില്ലേ? അവരുടെ എതിർപ്പിനെ നിങ്ങൾ അവഗണിച്ച് തള്ളിയില്ലേ? ഞാൻ അതിലേക്ക് പോകുന്നില്ല. പിന്നെ M.L.A. ഫണ്ട്. ഇവിടെ പറഞ്ഞത്, അധികാരങ്ങൾ പഞ്ചായത്തിൽനിന്ന് കവർന്ന് എടുക്കുന്നു എന്നാണ്. ഗ്രാമസഭകൾ കൂടി തെരഞ്ഞെടുക്കുന്ന നിർദ്ദേശങ്ങളെ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരെ അവിടെ നിയമിച്ചുകൊണ്ട്, വിദഗ്ദ്ധ സമിതികൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞ് പഞ്ചായത്ത് അംഗങ്ങളുടെ അധികാരം കവർന്നെടുത്ത വരാണ് ഇപ്പോൾ എം.എൽ.എ.-മാർ പഞ്ചായത്ത് അംഗങ്ങളുടെ അധികാരം കവർന്നെടുക്കുന്നുവെന്ന് പറയുന്നത്. ഈ എതിർപ്പ് ആശയപരമല്ല, ഇതെല്ലാം ആമാശയപരമാണ്. മുൻപ് എം.എൽ.എ.-മാരുടെ ശമ്പളം വർദ്ധിപ്പിച്ചപ്പോൾ, എം.എൽ.എ.-മാരുടെ മുറികളിൽ ടി.വി. വച്ചപ്പോൾ അന്ന് നിങ്ങൾ എതിർത്തു. എന്നിട്ട് ആ വർദ്ധിപ്പിച്ച ശമ്പളമൊക്കെ സുഖമായി എഴുതി വാങ്ങുന്നു. ഒരു കുഴപ്പവും ഉണ്ടായില്ല. ആദ്യം പ്രഖ്യാപിച്ചപ്പോൾ വിപ്ലവകരമായ വാർത്ത വരാൻവേണ്ടി അതിനെ എതിർത്തു. ഞങ്ങൾക്ക് ശമ്പളം വേണ്ടെന്ന് പറഞ്ഞു. ആറുമാസം വാങ്ങിയില്ല. അതുകഴിഞ്ഞ് സുഖമായി വാങ്ങി. അരിയേഴ്സ് ഉൾപ്പെടെ വാങ്ങി. ടി. വി. വേണ്ടെന്ന് പറഞ്ഞ് വീട്ടിൽകൊണ്ടുപോയതിനെ തിരികെ കൊണ്ടുവന്നു. അതു സുഖമായി ഉപയോഗിക്കുന്നു. അവരുടെ എതിർപ്പിനെ നമ്മൾ കാണേണ്ടതില്ല. അധികാരം കവർന്നെടുക്കുന്നതിനെ കുറിച്ച് ഇന്നലെ പറഞ്ഞല്ലോ; ഞങ്ങളാണോ അധികാരം കൊടുത്തതിനെ തിരിച്ചെടുത്തത്? പഞ്ചായത്തിന് ഫോട്ടോ കോപ്പിയർ വാങ്ങാൻ കൊടുത്ത തുക, ഒരുലക്ഷം രൂപ വീതം പഞ്ചായത്തിൽ നിന്ന് തിരികെ വാങ്ങിയ വരല്ലേ നിങ്ങളുടെ ഗവൺമെന്റ്; എന്തിനുവേണ്ടി? പഞ്ചായത്തുകൾക്ക് ഫോട്ടോ കോപ്പിയർ അയൽ സംസ്ഥാനങ്ങളിൽനിന്നും മുഴുവൻ ഞങ്ങൾ വാങ്ങിത്തരാമെന്ന് പറഞ്ഞ് കൊടുത്ത ഓരോ ലക്ഷം രൂപ പഞ്ചായത്തുകളിൽ നിന്ന് മടക്കി വാങ്ങിയ ഗവൺമെന്റല്ലേ നിങ്ങളുടെ ഗവൺമെന്റ്? എന്തിനുവേണ്ടി? ഞാൻ നേരത്തെ പറഞ്ഞ കമ്മീഷനുവേണ്ടി. O.E.C.F.—ജപ്പാൻ സഹായ പദ്ധതിപോലെ കമ്മീഷൻ വാങ്ങുന്നതിനുവേണ്ടി, ഫോട്ടോ കോപ്പിയർ കൊടുത്തോ? നിങ്ങൾ അഞ്ചുവർഷം കഴിഞ്ഞപ്പോൾ ഇറങ്ങിപ്പോയില്ലേ? പഞ്ചായത്തിന് ഫോട്ടോകോപ്പിയർ വാങ്ങികൊടുത്തോ? ഇന്നും രണ്ടു കമ്പനികൾ തമ്മിൽ തർക്കത്തിലാണ്. ആ കമ്മീഷൻ തർക്കത്തിൽ, നിങ്ങൾ ഇറങ്ങിപ്പോകുന്നതുവരെ ഫോട്ടോ കോപ്പിയർ വാങ്ങി കൊടുത്തില്ല. നിങ്ങളാണ് അധികാരം കവർന്നെടുത്തത്. എവിടെയൊക്കെ കമ്മീഷനുണ്ടോ ആ അധികാരം മുഴുവൻ ഇങ്ങോട്ടു പോരുകയും കമ്മീഷൻ കിട്ടാത്തത് അങ്ങോട്ട് കൊടുക്കുകയും ചെയ്യുന്ന നയം ആയിരുന്നില്ലേ കഴിഞ്ഞ അഞ്ചു വർഷം നിങ്ങളുടേത്? ഞാൻ ചില നിർദ്ദേശങ്ങൾ വച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. മലിനജല നിവാരണ പദ്ധതിക്ക് 21 കോടി രൂപ വകയിരുത്തി, അതിൽ 15 കോടി രൂപ തിരുവനന്തപുരത്തെ മലിനജല നിവാരണത്തിനാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കിള്ളിയാർ, തോടുകൾ, റോഡുകൾ മലീമസ മായിരിക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകും. തമ്പാനൂർ–കിഴക്കേകോട്ട പ്രദേശങ്ങളിലെ വെള്ളക്കെട്ടുകൾക്ക് പരിഹാരമുണ്ടാക്കാനും ഇതിൽ നടപടി ഉണ്ടാകും. അതിനെ സ്വാഗതം ചെയ്യുന്നു. ഒന്ന്, വൻകിട കച്ചവടക്കാരുടെ സെയിൽസ് ടാക്സ് കുടിശ്ശിക ഈ ഗവൺമെന്റ് പിരിച്ചെടുക്കണം. രണ്ട് അബ്കാരി മുതലാളിമാർ വർഷങ്ങളായി കിസ്ത് കുടിശ്ശിക സ്റ്റേ ചെയ്തിരുന്നത് ഒഴിവാക്കി ആ തുക പിരിച്ചെടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. മൂന്ന്, സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തി ടാക്സ് പിരിവ് ഊർജ്ജിതമാക്കണം. ഇന്ന് ചെക്ക് പോസ്റ്റുകളുള്ള റീജിയണുകളിൽ ഒരു പോലീസ് ഉദ്യോഗസ്ഥന് പോസ്റ്റിംഗ് കിട്ടാൻ ഒരു ലക്ഷം രൂപയാണ് കൊടുക്കേണ്ടത്. അപ്പോൾ മറ്റ് സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ റേറ്റ് എത്രയാണ്? അതുകൊണ്ട് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തി ടാക്സ് പിരിവ് ഊർജ്ജിതമാക്കണം. മറ്റൊരു കാര്യം പറയാനുള്ളത്, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ

ഡിപ്പാർട്ടുമെൻറ് വാഹനം ദുരുപയോഗം ചെയ്യുന്നത് തടയണമെന്നാണ്. ഇന്ന് മാർക്കററിൽ പോയാലും സ്കൂളിൽപോയാലും കോളേജുകളിൽ പോയാലും ഗവൺമെൻറ് വാഹനങ്ങൾ വന്നുകൂടുന്നത് കാണാം. ആ ദുരുപയോഗം തടയണം, ഉദ്യോഗസ്ഥൻമാർ ഗവൺമെൻറ് വാഹനങ്ങളിൽ യഥേഷ്ടം വിഹരിക്കുകയാണ്. അതു തടയണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പള പരിഷ്ക്കരണത്തിന് കോടികൾ ചെലവിട്ടു എന്നു പറയുകയുണ്ടായി. അവർ കൃത്യനിഷ്ഠ പാലിക്കാൻ നടപടി സ്വീകരിക്കണം. ഓഫീസിൽ അഞ്ചേകാൽ മണിവരെ ഉദ്യോഗസ്ഥൻമാർ ഉണ്ടാകാനുള്ള നടപടി സ്വീകരിക്കണം. മററൊരുകാര്യം പറയാനുള്ളത് വനമേഖലയുടെ കാര്യമാണ്. വനമേഖലയിൽ സ്വകാര്യവ്യക്തികളുടെ ചൂഷണം തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കാൻ ഗവൺമെൻറിന് കഴിയും. അതിനുള്ള നടപടി സ്വീകരിക്കണം. മററൊന്ന്, ആശുപത്രികളുടെ കാര്യമാണ്. സ്വാതന്ത്ര്യം

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കിട്ടിയതിനുശേഷം എല്ലാ ആളുകളേയും ചികിത്സാ രംഗത്ത് കൊണ്ടു വരിക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം. അതു നമ്മൾ കൊണ്ടുവന്നു. ഇന്ന് ഏത് ചെറിയ രോഗത്തിനും ആളുകൾ ആശുപത്രിയിൽ പോകുന്ന സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ട്. സംസ്ഥാനത്ത് ഇനി ആവശ്യമുള്ളത് ചികിത്സാ ആശുപത്രികൾ മെച്ചപ്പെടുത്തുക എന്നുള്ളതാണ്. തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ മെഡിക്കൽ കോളേജുപോലും ഒരു സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററൽ അല്ല. അതിനുള്ള സംവിധാനമില്ല. ഇന്ന് ഹൃദ്രോഗം സർവ്വസാധാരണമാണ്. പണമുള്ളവന് ഒന്നു രണ്ടു ലക്ഷം രൂപ മുടക്കി സ്വകാര്യ ആശുപത്രികളിൽ പോയി ഹാർട്ട് ഓപ്പറേഷൻ നടത്താൻ കഴിയും. പാവപ്പെട്ടവൻ എന്തു ചെയ്യും? തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെങ്കിലും കുറഞ്ഞ ചെലവിൽ ഹൃദ്രോഗ ചികിത്സ, ഓപ്പറേഷനുള്ള സംവിധാനമുണ്ടാക്കണം. എല്ലാവരെയും ചികിത്സാ സമ്പ്രദായത്തിൽ കൊണ്ടുവന്നു. ഇനി എല്ലാം ഫ്രീ എന്നുള്ള വ്യവസ്ഥിതിക്ക് മാററം വരുത്തികൊണ്ട് ഉള്ളവൻെറ കയ്യിൽ നിന്ന് പൈസ സമാഹരിച്ച് പാവപ്പെട്ടവന് മെച്ചമായ ചികിത്സ സർക്കാർ ആശുപത്രികളിൽ കിട്ടാനുള്ള സംവിധാനമാണ് നമ്മളുണ്ടാക്കേണ്ടത്. മററൊന്ന് വിദ്യാഭ്യാസത്തിൻെറ കാര്യമാണ്. എല്ലാവരെയും സ്കൂളുകളിൽ എത്തിക്കുക എന്നത് സ്വാതന്ത്ര്യം കിട്ടിയപ്പോൾ നമ്മുടെ ലക്ഷ്യമായിരുന്നു. എല്ലാവരെയും സ്കൂളുകളിൽ എത്തിക്കുന്നതിന് നമുക്ക് കഴിഞ്ഞു. ഇനി നമുക്കാവശ്യം മെച്ചമായ വിദ്യാഭ്യാസമാണ്. അതിൽ കേരളം പുറകോട്ടാണ്. വടക്കേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കേരളം വിദ്യാഭ്യാസ നിലവാരത്തിലും പിറകോട്ടാണ്. അത് മുന്നോട്ടു കൊണ്ടുവരണമെങ്കിൽ വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയ്ക്ക് നിർണ്ണായകമായ പങ്ക് വഹിക്കേണ്ടിവരും. സ്വകാര്യമേഖലയെ പങ്കെടുപ്പിച്ചുകൊണ്ട് പണമുള്ളവന് പഠിക്കാനുള്ള സൗകര്യം ഉറപ്പു വരുത്തുകയും പാവപ്പെട്ടവനുവേണ്ടി സർക്കാർ സ്ക്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തുകയും വേണം. അതായിരിക്കണം നമ്മുടെ ലക്ഷ്യം. നിലമ്പൂർ പ്ലൈവുഡ് ഫാക്ടറിയും ആലപ്പുഴ കെ.എസ്.ഡി.പി.യും സ്വകാര്യമേഖലയ്ക്ക് കൊടുക്കാൻ ശ്രമിച്ചു എന്നാണ് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. രണ്ടുകാലും മന്തുള്ളവൻ മണ്ണിനടിയിൽ കാലുകൾ കുഴിച്ചുവച്ചിട്ട് ഒററക്കാലിൽ മന്തുള്ളവൻ പോകുമ്പോൾ 'മന്തുള്ളവൻ പോണേ' എന്നു പറയുന്നതുപോലെയാണിത്.

ശ്രീ. കെ. പി. രാജേന്ദ്രന്റെ പാർട്ടിയിലുള്ള മന്ത്രി ടൂറിസം വകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ് കുമരകം, വർക്കല, എറണാകുളം എന്നിവിടങ്ങളിലെ കെ.ററി.ഡി.സി. ഹോട്ടലുകൾ ടാജ് കേരളാ റിസോർട്ടിന് കൈമാറിയത്. അങ്ങനെയല്ലേ? ഞങ്ങൾ കൊടുത്തില്ല. നിങ്ങളാണ് കൊടുത്തത്. 40 ശതമാനം ടാജ് ഗ്രൂപ്പിനും 20 ശതമാനം ഗവൺമെൻറിനും ചേർത്ത്, അങ്ങനെ 60 ശതമാനം ഷെയർ വ്യവസ്ഥിതിയിൽ നിങ്ങളാണ് കൊടുത്തത്. ഇനി അവശേഷിക്കുന്ന 40 ശതമാനവും അതേ റേഷ്യോയിൽ നിങ്ങൾക്ക് മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അങ്ങനെ സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിച്ചത് ഞങ്ങളല്ല. അതുപോലെ ജനകീയാസൂത്രണം. ഈ ബഡ്ജററിൽ ജനകീയാസൂത്രണത്തിനല്ല, അധികാര വികേന്ദ്രീകരണത്തിന് 1237·5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അധികാര വികേന്ദ്രീകരണത്തിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ കേരളത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് വ്യക്തികൾക്ക് ട്രഷറിയിൽനിന്ന് പണമെടുത്തു കൊടുത്തത്. അങ്ങനെ ചെയ്തത് നിങ്ങളുടെ ജനകീയാസൂത്രണത്തിന്റെ പേരിലാണ്. എം.എൽ.എ.-മാർക്ക് പൈസ കിട്ടിയില്ല; എം. പി.-മാർക്ക് പൈസ കിട്ടിയില്ല. അതിന്റെ കസ്റേറാഡിയൻ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ തന്നെയാണ്. പക്ഷെ സ്വകാര്യവ്യക്തികൾക്ക് ജനകീയാസൂത്രണത്തിന്റെ പേരിൽ ബെനിഫിഷ്യറി കമ്മിററിയുണ്ടാക്കി ട്രഷറിയിൽ നിന്ന് പണമെടുത്ത് കൊടുത്തത് നിങ്ങളുടെ ജനകീയാസൂത്രണത്തിന്റെ പേരിലാണ്. ആഡിററ് സമ്പ്രദായത്തെ തകർത്തുകൊണ്ട് അവർക്ക് യഥേഷ്ടം പണം ചെലവഴിക്കാനുള്ള അവസരം കൊടുത്തിട്ട്, നാലായിരം കോടിരൂപ ചെലവഴിച്ചു എന്നു പറയുന്ന നിങ്ങൾ അതിന്റെ പകുതിയോളം രൂപ ദുർവ്യയം ചെയ്തത് നിങ്ങളാണ്. അതിന്റെ ഫലമായിട്ടാണ് കേരളത്തിന്റെ ഖജനാവ് ഇന്ന് കാലിയായിരിക്കുന്നത്. ശരിയായ പാതയിലേക്ക് പോകാൻ സ്വകാര്യമേഖലയിൽ നാം പൊതുമേഖല ശക്തിപ്പെടുത്തിക്കൊണ്ടും സ്വകാര്യമേഖലയെ ആകർഷിച്ചുകൊണ്ടും കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെ മെച്ചമായ ദിശയിലേക്ക് നയിക്കാൻ ഉതകുന്ന ഒരു ബഡ്ജററിനെ തുടർന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. റൊട്ടിക്കും ബണ്ണിനും സാരിക്കും നികുതി കുറച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആശുപത്രികളിൽ രോഗികൾക്ക് നൽകുന്ന മരുന്നുകൾക്ക് നികുതി കുറയ്ക്കാത്തത് കഷ്ടമായിപ്പോയി. എനിക്ക് സമയക്കുറവുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിലെ ഒന്നു രണ്ടു കാര്യങ്ങളാണ് പറയാനുള്ളത്. മയ്യനാട് എന്ന സ്ഥലം ശ്രീ. സി. കേശവന്റെ നാടാണ്. സി. കേശവന്റെ നാടും കൊല്ലം കോർപ്പറേഷനുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി 20 വർഷങ്ങൾക്കു മുൻപ് ആരംഭിച്ച നിർമ്മാണ പ്രവർത്തനമാണ് താന്നി പാലം. അതിന്റെ പണി ഇന്നും ഇഴഞ്ഞു നീങ്ങുകയാണ്. അതിനാവശ്യമായിട്ടുള്ള തുക ഈ ബഡ്ജററിൽ വകയിരുത്തിയിട്ടില്ല. മാത്രമല്ല, 1984-ൽ എന്റെ നിയോജകമണ്ഡലത്തിൽ ഉമയനല്ലൂരിൽ ഒരു സർക്കാർ പ്രിൻറിംഗ് പ്രസ്സിന് അന്ന് പ്രിൻറിംഗ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരുന്ന ശ്രീമതി കമലം ഒരു കല്ലിടുകയുണ്ടായി. ആ കല്ലിലാണ് ഇപ്പോൾ ആ നാട്ടിലെ നായ്ക്കളെല്ലാം മലമൂത്ര വിസർജ്ജനം നടത്തുന്നത്. പ്രിൻറിംഗ് പ്രസ് ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥിരം കെട്ടിടം നിർമ്മിക്കാൻ ചില്ലിക്കാശുപോലും ഈ ബഡ്ജററിൽ

LIBRARY ARCHIVES Kerala Legislative Assembly

Page 30 of 64

കാണുന്നില്ല. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കഴിഞ്ഞ 5 കൊല്ലക്കാലം വ്യവസായ മേഖലയെ ശവപ്പറമ്പാക്കിയെന്ന് അദ്ദേഹം പറയുകയുണ്ടായി. കഴിഞ്ഞ അഞ്ചു കൊല്ലക്കാലം ആരാണ് ശവപ്പറമ്പാക്കിയത് എന്നതിനെ സംബന്ധിച്ച് പറയുമ്പോൾ അതിനു മുൻപ് 5 കൊല്ലക്കാലം ഈ സംസ്ഥാനം ഭരിച്ചിരുന്ന യു. ഡി. എഫ്. കാലഘട്ടത്തിൽ കൊല്ലം ജില്ലയിലെ കശുവണ്ടി വ്യവസായ രംഗത്തെ എല്ലാ കശുവണ്ടി ആഫീസുകളും അടച്ചിട്ട് രണ്ടു ലക്ഷം തൊഴിലാളികളെ തൊഴിൽ രഹിതരാക്കി അവിടെ ശവപ്പറമ്പാക്കിയ ഒരു ഗവൺമെൻറായിരുന്നു 1991–1996–ലെ ഗവൺമെൻറ്. ഒരുപക്ഷെ ധനകാര്യ വകുപ്പുമന്ത്രി അതറിഞ്ഞുകാണുകയില്ല. അന്ന് നാട്ടിൽ 11 ദിവസം മാത്രമായിരുന്നു തൊഴിലാളികൾക്ക് ജോലി കിട്ടിയത്. അവിടെ നടന്ന ഐതിഹാസികമായ സമരം ഒത്തുതീർപ്പിലെത്തിച്ചത് അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരനായിരുന്നു. അന്ന് അവിടെ നടന്ന തൊഴിൽ സമരവുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് ജോലി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ നടത്തിയ വമ്പിച്ച സമരത്തിൻെറ ഫലമായി നിരവധി ആളുകളെ അറസ്ററ് ചെയ്ത് ലോക്കപ്പിലും ജയിലിലുമടയ്ക്കുകയുണ്ടായി. ആ വസ്തുതയൊക്കെ മറന്നുകൊണ്ടാണ് 5 വർഷക്കാലം വ്യവസായമേഖല ശവപ്പറമ്പാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണെന്ന് ഒരുളുപ്പുമില്ലാതെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഇതൊക്കെ ആ നാട്ടിലെ ജനങ്ങൾ, കശുവണ്ടിത്തൊഴിലാളികൾ മറന്നിട്ടില്ല. അതിനു പകരംചോദിച്ചുകൊണ്ടാണ് തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ കൊല്ലം ജില്ലയിൽ ഇവർക്ക് രണ്ട് സീററ് മാത്രം ലഭിച്ചത്. ഇപ്പോൾ നിങ്ങൾ ഒരുപാട് തെററിദ്ധരിപ്പിച്ചു; ഒരുപാട് മോഹനസുന്ദര വാഗ്ദാനങ്ങൾ നൽകി. ആ വാഗ്ദാനങ്ങൾ നൽകിയതിൻെറ ഫലമായിട്ടാണ് നിങ്ങൾക്ക് കൂടുതൽ സീററ് കരസ്ഥമാക്കാൻ കഴിഞ്ഞതെങ്കിൽ അതിൻെറ ഫലമായിട്ടാണ് ഇന്നലെ നമ്മുടെ സംസ്ഥാനത്ത് നിങ്ങൾക്കെതിരായി നിങ്ങൾക്ക് വോട്ട് ചെയ്ത ആളുകളെല്ലാംതന്നെ പത്തിവിടർത്തി ഇതിൻെറ വാതിൽക്കൽ വന്നത്. ഇന്ന് പലരും അവരെ തലോടാൻ ശ്രമിക്കുന്നു. വ്യാപാരികളെ വിളിക്കണം; അവരെ ഒന്നിരുത്തണം; അവരുമായി സംസാരിക്കണമെന്ന് പറയാൻ തുടങ്ങിയത് എന്താണ്? അവർക്ക് മോഹനസുന്ദരമായ വാഗ്ദാനങ്ങൾ നൽകി തെററിദ്ധരിപ്പിച്ച് അവരുടെ വോട്ട് തട്ടിയെടുത്തവരാണ് നിങ്ങൾ. അതിൻെറ ഫലമായിട്ടല്ലേ ഇന്നലെ 60 ദിവസം തികയുന്നതിനുമുൻപ് അവർ പത്തി ഉയർത്തി നിങ്ങൾക്കെതിരെ ആടാൻ തുടങ്ങിയത്? അതുകൊണ്ട് അഭിമാനം കൊള്ളരുത്. ജനങ്ങളെ ഒരുപാട് തെററിദ്ധരിപ്പിച്ചുകൊണ്ടാണ് നിങ്ങൾ സന്ദർഭവശാൽ ഇത്തവണ അധികാരത്തിൽ വന്നത്. 5 വർഷമാകുമ്പോൾ കമ്പീർ മാസ്ററർ പറഞ്ഞതുപോലെ 'ഈ കുഞ്ഞിനെ ഇങ്ങനെ വളരാൻ ആണ് അനുവദിക്കുന്നതെങ്കിൽ ഇതൊരു മുടിയനായ പുത്രനാകും'. അതുകൊണ്ടാണ്, ഈ കുഞ്ഞിനെ നേരേ ചൊവ്വേ വളർത്താൻ വേണ്ടിയാണ് പ്രതിപക്ഷം, ഇടതുപക്ഷജനാധിപത്യമുന്നണി ഇതിനെ നേരേ ചൊവ്വേ നയിക്കണമെന്ന് ആവശ്യപ്പെടുന്നത്. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി എതിർക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. സി. രാമൻ: സർ, പ്രതികൂലമായ സാഹചര്യത്തിലും ഈ സംസ്ഥാനത്തെ കരകയററുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച വോട്ട് ഓൺ

12 Noon] അക്കൗണ്ടിനെ ഞാൻ സന്തോഷപൂർവ്വം അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷമായി ഈ സംസ്ഥാനം ഭരിച്ച എൽ.ഡി.എഫ്. സർക്കാരിന്റെ അഴിമതിയും ധൂർത്തും കുത്തഴിഞ്ഞ ധനവിനിയോഗ രീതിയുമാണ് ഈ സംസ്ഥാനത്തെ കുത്തുപാള യെടുപ്പിച്ചത്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുയരാൻ ഈ സർക്കാരിന് കഴിയുമെന്ന് എനിക്കുറപ്പുണ്ട്. സംസ്ഥാനത്തിന്റെ തകർന്നുതരിപ്പണ മായ സാമ്പത്തിക സ്ഥിതിയിൽ നിന്നും നമുക്ക് മുന്നേറുന്നതിന് ചെലവു ചുരുക്കൽ കർശനമാക്കണം. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഉയർന്ന തുക ശമ്പളമായി വാങ്ങുന്ന ഒട്ടേറെ ഉദ്യോഗസ്ഥൻമാരുണ്ട്. സൂക്ഷ്മമായി പരിശോധിച്ച് അത്തരം തസ്തികകളുടെ എണ്ണം കുറയ്ക്കാനാവശ്യമായ നടപടി ഉണ്ടാകണം. അത്തരമൊരു നീക്കം ഈ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. നേരത്തേ ബഹുമാനപ്പെട്ട ബി. വിജയകുമാർ പറഞ്ഞതുപോലെ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി പരാതിയുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരും അവരുടെ ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെ വ്യക്തിപരമായ ആവശ്യങ്ങൾക്കുപോലും ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുന്നതായി അറിയാൻ കഴിയുന്നു. അതിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ വാഹനം ദുരുപയോഗം ചെയ്യുന്ന ഏർപ്പാട് അവസാനിപ്പിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. അതുപോലെതന്നെ നഷ്ടത്തിലോടുന്ന നമ്മുടെ നാട്ടിലെ വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനത്തിനുവേണ്ടി സർക്കാർ നൽകുന്ന ഗ്രാന്റുകളും ലോണുകളു മെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്ന് കർശനമായി പരിശോധിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാകണം. സർക്കാർ ഓഫീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. സർക്കാർ ഓഫീസു കളിൽ നൽകുന്ന പരാതികൾക്ക് രസീത് നൽകണമെന്ന നിർദ്ദേശം പല ഓഫീസുകളിലും ഇന്നും പാലിക്കുന്നില്ല. പാവപ്പെട്ടവന് ആശ്വാസമായി നിൽക്കുന്ന ഒട്ടനവധി പദ്ധതികൾ ഈ സർക്കാരിന്റെ പരിഗണന യിലുണ്ടെന്ന് ഞാൻ മനസ്സിലാക്കുകയാണ്. അതൊക്കെ വിജയകരമായി നടപ്പിലാക്കുവാൻ ആവശ്യമായ പണം സ്വരൂപിക്കുന്നതിനുവേണ്ടി സർക്കാരിന്റെ മുൻപിലുള്ള ഏക വരുമാനമാർഗ്ഗം നികുതിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞ സർക്കാർ നികുതിപിരിവിൽ കാണിച്ച അനാസ്ഥ ഈ സർക്കാർ കാണിക്കരുത്. സെയിൽസ് ടാക്സ് ഇനത്തിലുള്ള നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കണം. പിരിച്ചെടുക്കാനുള്ള പണം ആയിരം കോടിയിലധികമുണ്ടെന്നുള്ള വിദഗ്ദ്ധൻമാരുടെ അഭിപ്രായം, ആ നിർദ്ദേശം കാര്യമായി പരിശോധിച്ചുകൊണ്ട് അത്തരത്തിലുള്ള പണം അടിയന്തിരമായി പിരിച്ചെടുക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുക യാണ്. അതുപോലെ അബ്കാരികൾക്ക് കഴിഞ്ഞ സർക്കാർ കുടിശ്ശിക എഴുതിത്തള്ളിയത് ഈ സർക്കാർ ആവർത്തിക്കരുത്. അത്തരത്തിലുള്ള തുകകളെല്ലാംതന്നെ പരിശോധിച്ചുകൊണ്ട് അത് തിരിച്ചുപിടി ക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഉള്ളവന്റെ കൈയിൽനിന്നും കിട്ടാനുള്ളത് അലംഭാവം കാട്ടാതെ പിരിച്ചെ ടുക്കാനാവശ്യമായ കർശന നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നും

ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ മാനവീയം പോലുള്ള, കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പരിപാടികളുടെ പുറകി ലുണ്ടായിട്ടുള്ള ദുർച്ചെലവും അഴിമതിയും അന്വേഷിക്കണം. പാർട്ടി പ്രവർത്തകൻമാർക്കും നേതാക്കൻമാർക്കും അവരുടെ ബന്ധുക്കൾക്കും മാത്രം ഉപകാരപ്രദമായ ഇത്തരം പരിപാടികൾ നമുക്കുവേണ്ട. അത്തരം കാര്യങ്ങളിൽ നടന്നിട്ടുള്ള അഴിമതി സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ ബണ്ണിനും റൊട്ടിക്കും സാരിക്കും നികുതി പിൻവലിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ സന്തോഷപൂർവ്വം അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തട്ടെ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ പിടിപ്പുകേടും കൊള്ളരുതായ്മയും കൊണ്ട് ആയിരക്കണക്കിന് കുടുംബങ്ങളെ തീരാ ദുഃഖത്തിലാഴ്ത്തി പൂട്ടിപ്പോയ മാവൂർ ഗ്വാളിയർ റയോൺസ് എന്ന വ്യവസായ സ്ഥാപനം സ്ഥിതിചെയ്യുന്ന മണ്ഡലത്തിൽനിന്നുമാണ് ഞാൻ വരുന്നത്. അവിടെ സർക്കാരിന്റേയോ പൊതുമേഖലാ സ്ഥാപന ത്തിന്റേയോ ആഭിമുഖ്യത്തിൽ പരിസ്ഥിതിപ്രശ്നം വരാത്ത രൂപത്തിലുള്ള മറെറാരു വ്യവസായത്തിന് രൂപം നൽകി മാവൂർ ഗ്വാളിയർ റയോൺസിൽനിന്നും പിരിഞ്ഞുപോയവർക്കും അതുമായി ബന്ധപ്പെട്ട മററാളുകൾക്കും തൊഴിൽ നൽകിക്കൊണ്ട് അവരുടെ കഷ്ടതകൾക്ക് അറുതിവരുത്താൻ ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥി ക്കുകയാണ്. അതുപോലെ ഒട്ടേറെ ആളുകൾക്ക് തൊഴിൽ നൽകുന്ന ക്രഷർ യൂണിററുകൾക്ക് താങ്ങാനാകാത്ത നികുതിഭാരമാണ് ടേണോവർ ഇനത്തിലെ നികുതിഭാരം വരുത്തിവയ്ക്കുന്നത്. അത്തരം സ്ഥാപനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. കഴിഞ്ഞ കുറച്ചു ദിവസമായി നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ഒരുകാര്യത്തിൽ പ്രതിപക്ഷവും ഭരണകക്ഷിയും യോജിപ്പി ലെത്തിയിരുന്നു—ഇപ്പോൾ ട്രഷറിയിൽ പണമില്ലെന്നുള്ള കാര്യത്തിൽ. ചെലവു ചെയ്യുന്നതിനെ സംബന്ധിച്ചും ആ ചെലവുചെയ്ത രീതിയെ സംബന്ധിച്ചും നേരത്തേയുണ്ടായിരുന്ന ഫണ്ടിനെ സംബന്ധിച്ചുമൊക്കെ തർക്കങ്ങളുണ്ടായിരുന്നുവെങ്കിലും പണമില്ലെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. 365 ദിവസത്തിൽ ഏതാണ്ട് 260 ദിവസവും ട്രഷറി ബാനു ണ്ടായിരുന്ന ഒരു സംസ്ഥാനത്തിന്റെ ഖജനാവോടുകൂടിയാണ് ബഹുമാന്യ നായ ധനകാര്യ വകുപ്പുമന്ത്രി ചാർജ്ജ് എടുത്തത്. ചാർജ്ജ് എടുത്ത് ബഡ്ജററ് അവതരിപ്പിച്ച ഉടനെ അദ്ദേഹത്തോട് ഈ കഴിഞ്ഞ ഗവൺ മെൻറിന്റെ ഏററവും വലിയ, ശക്തൻമാരായ വക്താക്കളായ ഡോ. കെ. സി. ജോസഫ് കോൺട്രാക്ടർമാർക്ക് എന്ന് പണം കൊടുക്കു മെന്ന് ഇപ്പോൾ പറയാമോ എന്നും ബഹുമാന്യനായ കബീർ മാഷ് മരുന്നിന്റെ പണം എപ്പോൾ കൊടുക്കുമെന്ന് ഇപ്പോൾ പറയാമോ എന്നും ശ്രീ. എ. കെ. ബാലൻ എപ്പോഴാണ് പാവങ്ങളുടെ കെട്ടിടം പണിക്കുള്ള പണം കൊടുക്കുക എന്നും ചോദിച്ചപ്പോൾ ആരാണ് അദ്ഭുതപ്പെടാത്തത്? അതിനു മറുപടിയായി ആത്മസംയമനം പാലിച്ച് അങ്ങ് മറുപടി പറഞ്ഞതിനും അതുപോലെ ചില പ്രത്യേക നികുതികൾ പിൻവലിച്ച

LIBRARY ARCHIVES Kerala Legislative Assembly

തിനും ഞാൻ അങ്ങയെ പ്രത്യേകമായി അനുമോദിക്കുകയാണ്. വരവിനേക്കാൾ കൂടുതൽ ചെലവുണ്ടായാൽ ചെറിയ പെട്ടിക്കടപോലും പൂട്ടിപ്പോകുമെന്നറിയാൻ എ.കെ.ജി. സെൻററിലൊക്കെ ഇരുന്ന് ബുദ്ധിജീവികൾ ആലോചിക്കണമോ? വരവിനേക്കാൾ കൂടുതൽ ചെലവുണ്ടായാൽ ഏതു സ്ഥാപനമായാലും അത് നിന്നുപോകും. മാത്രമല്ല, 15 ശതമാനം മുതൽ 25 ശതമാനം വരെ പലിശ കൊടുത്ത് വകമാറി ചെലവുചെയ്താൽ എങ്ങനെയാണ് സാമ്പത്തികമായി ആ മേഖല മുന്നോട്ടു പോകുന്നത്? നമുക്കറിയാം 50,000 രൂപ മുതൽ 5 ലക്ഷം രൂപ വരെ ദൈനംദിനം കടം വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്കുണ്ട്. ഈ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പരാതി പറയുമ്പോൾ, ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന് നമ്മൾ ആവശ്യപ്പെടുമ്പോൾ ചെറിയൊരു മാററമുണ്ടാക്കാൻപോലും നമുക്ക് സാധിക്കുന്നില്ല. പല കാരണങ്ങൾകൊണ്ടും നമുക്കത് സാധിക്കുന്നില്ല. ഈ കാര്യങ്ങൾ വരുമ്പോൾ പൊതുമേഖലാ സ്ഥാപനത്തിൻെറ കാര്യമായാലും വിലക്കയററമുണ്ടായാലും എന്തിന് ബലാൽസംഗത്തിൻെറ കാര്യമായാൽപോലും നമ്മൾ ഭരണകക്ഷിയും പ്രതിപക്ഷവും പരസ്പരം ആനന്ദിക്കുന്നത് ഞങ്ങളുടെ ഭരണകാലത്ത് ഇത്രയുമായിരുന്നു അതുകൊണ്ട് പ്രശ്നമില്ല എന്ന് തിരിച്ചും മറിച്ചും ആരോപണമുന്നയിച്ച് തൃപ്തിപ്പെടുകയാണ് വളരെക്കാലമായി ചെയ്യുന്നത്. അതുകൊണ്ട് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ശക്തമായ നടപടികളുണ്ടാകണം. നികുതി വർദ്ധിപ്പിച്ച് ഇപ്പോഴത്തെ പ്രതിസന്ധിയിൽനിന്നും മോചനം നൽകാൻ ഇത്രയും ശക്തനായ ശ്രീ. കെ. ശങ്കരനാരായണനെപ്പോലെയുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയൊന്നും ആവശ്യമില്ല. ആവശ്യങ്ങൾ വരുമ്പോൾ നികുതി ഇഷ്ടംപോലെ വർദ്ധിപ്പിക്കുക എന്നുള്ളതിന് ശ്രീ. കെ. ശങ്കരനാരായണനെപ്പോലെയുള്ള ആളുകളൊന്നും ആവശ്യമില്ല. അത് എല്ലാ സാധാരണ കൃഷിക്കാരനുപോലും അറിയാവുന്ന കാര്യമാണ്. ശക്തമായ ചില നടപടികളെടുത്തില്ലെങ്കിൽ ഈ സംസ്ഥാനത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് സാധിക്കില്ല. ആ ശക്തമായ നടപടികൾ നികുതി വർദ്ധിപ്പിച്ചുകൊണ്ടാകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കച്ചവടക്കാരെ ഇപ്പോൾ നികുതിവെട്ടിപ്പുകാരെന്ന് അടച്ചാക്ഷേപിക്കുകയാണ് ചെയ്യുന്നത്. ശരിയായി നികുതി കൊടുക്കുന്ന ഒരാൾക്ക്, ഒരു സ്ഥാപനത്തിന് ഒരിക്കലും ഈ ടേൺ ഓവർ ടാക്സ് താങ്ങാൻ സാധിക്കുകയില്ല. നികുതി വെട്ടിപ്പുകാർക്ക് ഏത് നികുതി വന്നാലും പ്രശ്നമില്ല. പെട്ടിക്കച്ചവടക്കാരിൽനിന്നുപോലും നികുതി വാങ്ങിച്ച് പുതിയ സമ്പാദ്യമുണ്ടാക്കുക എന്ന് സംസ്ഥാന ഗവൺമെൻറ് തീരുമാനിക്കുന്നത് വളരെ വിഷമകരമാണ്. പിന്നെ എങ്ങനെ പണം കിട്ടും എന്നു ചോദിച്ചേക്കാം. അതിനു പണം കണ്ടെത്തേണ്ടിവരും. നമ്മുടെ അബ്കാരി മേഖല പണം പ്രതീക്ഷിക്കുന്ന ഒരു മേഖലയാണ്. കള്ളുഷാപ്പുകൾ ലേലം ചെയ്യണമോ അതോ ബിവറേജസ് കോർപ്പറേഷൻ പുതിയ സ്ഥാപനങ്ങൾ തുടങ്ങണമോ വിദേശമദ്യം നമ്മൾ ഉണ്ടാക്കണമോ എന്ന നിരവധി ചോദ്യങ്ങൾ അവിടെ വരുന്നുണ്ട്. ആ ചോദ്യങ്ങൾക്കൊക്കെ മറുപടിയായി ഒട്ടേറെ മേഖലകളിൽ നിന്നും സംഘടനകൾ സമരത്തിനും വരുന്നുണ്ട്. എങ്ങനെയാണ് ഈ രീതിയിലൊരു പുതിയ നയം നമ്മൾ സ്വീകരിക്കുക? എങ്ങനെയാണ് നികുതി അവരിൽനിന്നു പിരിക്കുക? പണം പിരിക്കുന്നതിനുപകരം, പുതിയ സംവിധാനമുണ്ടാക്കുന്നതിനു പകരം, വരുമാനമുണ്ടാക്കുന്നതിനു പകരം വ്യാജമദ്യകടത്തും അതുപോലുള്ള കാര്യങ്ങളുമാണ് നമ്മുടെ സംസ്ഥാനത്തു നടക്കുന്നത്. 30 കോടി ലിററർ മദ്യം ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

വ്യാജമദ്യം ഉൾപ്പെടെ വരുന്നുണ്ടെന്നു പറയുമ്പോൾ അതെക്കുറിച്ച് വിഷമിക്കാതിരിക്കുവാൻ കഴിയില്ല. അതുകൊണ്ട് മദ്യത്തിൽനിന്നുള്ള വരുമാനം പ്രതീക്ഷിക്കാതെ മൊത്തത്തിലുള്ള നമ്മുടെ സാമ്പത്തിക മേഖല മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സഹകരണസംഘങ്ങളെല്ലാം പിരിച്ചുവിട്ട് കള്ളുഷാപ്പുകൾ അബ്കാരി കോൺട്രാക്ടർമാർക്ക് ലേലം ചെയ്തു കൊടുക്കാൻ പോകുന്നതായിട്ടുള്ള ശ്രീ. കെ. മുരളീധരന്റെ പ്രസ്താവന വന്നിട്ടുണ്ട്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: കോൺഗ്രസ്സിൽ പല അഭിപ്രായങ്ങളും ഉണ്ടാകും. എല്ലാ അഭിപ്രായങ്ങളും ചർച്ച ചെയ്തുകൊണ്ട് ഒരു പൊതു അഭിപ്രായമുണ്ടാക്കും..........................ഞാൻ രാജേന്ദ്രന്റെ അറിവിനായി ഒരു കാര്യം കൂടി പറയാം. തൃശ്ശൂരിൽ നിന്നു മന്ത്രിയില്ലെന്നല്ല മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപോലും ആളില്ലെന്നുള്ള കാര്യം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഗവൺമെന്റ് ശക്തമായ നടപടികളുമായി മുന്നോട്ട് പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഈ വോട്ട് ഓൺ അക്കൗണ്ട് നിർദ്ദേശത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ചെലവു ചുരുക്കലായിരിക്കും ഈ ഗവൺമെന്റിന്റെ മുഖമുദ്രയെന്ന്. പക്ഷേ മന്ത്രിമാരുടെ എണ്ണം തീരുമാനിക്കുന്ന ഘട്ടം വന്നപ്പോൾ 14 മന്ത്രിമാരുണ്ടായിരുന്ന സ്ഥാനത്ത് 20 മന്ത്രിമാരാക്കി വർദ്ധിപ്പിച്ചു കൊണ്ടാണ് ചെലവുചുരുക്കൽ മാതൃക കാണിക്കുന്ന സമീപനം ഗവൺമെന്റ് എടുത്തത്. അധികാരത്തിൽ വന്നതിനുശേഷം കേരളം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് വരുത്തിത്തീർക്കാൻ ശക്തമായ പ്രചരണം ഇവർ അധികാരമേററയുടൻ ആരംഭിച്ചു. ഇവർ പ്രസിദ്ധീകരിച്ച ധവളപത്രം, അതുപോലെ ഇവർ എഴുതിയുണ്ടാക്കി ഗവർണ്ണറെക്കൊണ്ട് ഈ സഭയിൽ വായിപ്പിച്ച നയപ്രഖ്യാപന പ്രസംഗം, അതുപോലെ 13-ാം തീയതി ഇവിടെ അവതരിപ്പിച്ച ബഡ്ജററ് എന്നിവയിലൂടെയെല്ലാം പുറത്തുവന്നത് കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ കിടന്നു നട്ടം തിരിയുകയാണെന്നാണ്. ഈ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കേരളത്തെ കരകയററുന്നതിന് ആവശ്യമായിട്ടുള്ള മാതൃകാപരമായിട്ടുള്ള നടപടി ഞങ്ങൾ സ്വീകരിക്കും എന്നാണ് ഇവർ പ്രഖ്യാപിച്ചത്. എന്നാൽ ബഡ്ജററിൽ ഇതിന്റെ നിർദ്ദേശം വന്നപ്പോൾ കേരളത്തിന്റെ സാംസ്കാരിക വികസനത്തിന് ഉതകുന്ന പദ്ധതിചെലവുകൾ ഒന്നാകെ കുറയ്ക്കുന്ന സമീപനമാണ് ഇവർ സ്വീകരിച്ചിട്ടുള്ളത്. കാർഷിക മേഖലയ്ക്കും വ്യാവസായിക മേഖലയ്ക്കും ഐ. ടി. ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും പദ്ധതി ചെലവിനു കോടി കണക്കിനു രൂപ കുറച്ചുകൊണ്ടാണ് ഇവർ ബഡ്ജററ് അവതരിപ്പിച്ചത്. എന്നാൽ മന്ത്രിമാരുടെ ചെലവിന്റെ ഘട്ടം വന്നപ്പോൾ 10 കോടി രൂപയുടെ ചെലവാണ് കഴിഞ്ഞ ഗവൺമെന്റിലും വച്ച് പ്പസായിട്ടു പദ്ധതിയേതര ചെലവിൽ ഉൾപ്പെടുത്തിയത്. മന്ത്രിമാർക്കു വേണ്ടി 10 കോടി രൂപയാണ് നീക്കി വച്ചത്. മുഖ്യമന്ത്രി അധികാരമേറെറടുത്തുകൊണ്ട് പ്രഖ്യാപിച്ചു. മന്ത്രിമാരാരും വിദേശ കാറിൽ യാത്ര ചെയ്യില്ല എന്ന്. നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രകടിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് കോടികൾ കൊടുത്തു തീർക്കാനുള്ളതിനെ സംബന്ധിച്ചും വിശദമായി ഇവിടെ സൂചിപ്പിച്ചു. ആ രൂപത്തിൽ കോടികൾ കൊടുത്തു തീർക്കാനുള്ളപ്പോൾ മന്ത്രിമാർ ന്യായമായ രൂപത്തിലുള്ള പ്രവർത്തനം നടത്തണമെന്നാണ് പറഞ്ഞത്. ഇന്നത്തെ ദീപിക പത്രത്തിൽ ലീഡ് ന്യൂസായിട്ടു വന്ന വാർത്തയുണ്ട്. 'ധൂർത്ത്', കോടികൾ, സർക്കാർ ചെലവു ചുരുക്കൽ പാളുന്നു.' ഈ പത്രം ഐക്യജനാധിപത്യമുന്നണിയെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എല്ലാ അർത്ഥത്തിലും സഹായിച്ച പത്രമാണ്. അതിൽ പറയുന്നു മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ളയും മുഖ്യമന്ത്രിയും ഒഴിച്ചുള്ള മന്ത്രിമാരെല്ലാം വിദേശ കാറുകളിലാണ് യാത്ര ചെയ്യുന്നത്. മന്ത്രിമന്ദിരങ്ങൾ മോടി പിടിപ്പിക്കുന്നതിന് ലക്ഷക്കണക്കിന് രൂപ ചെലവഴിക്കാൻ പോകുന്നു. ഇഷ്ടപ്പെട്ട നിറം തെരഞ്ഞെടുത്താണ് മന്ത്രിമാർ ഓഫീസുകൾ ഫർണീഷ് ചെയ്യുന്നത്. ഒരു മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറിക്കു താമസിക്കാൻവേണ്ടി മന്ത്രിയുടെ ഓഫീസ് തന്നെ കൊടുത്തു. എല്ലാം ഈ പത്രത്തിൽ എഴുതി വച്ചിട്ടുണ്ട്. എന്നു മാത്രമല്ല സഞ്ചരിക്കുന്നതിനാവശ്യമായിട്ടുള്ള കാറുകൾ, ഇതിനെല്ലാം കോടിക്കണക്കിന് രൂപ ചെലവുചെയ്യുകയാണ്. കഴിഞ്ഞ ഗവൺമെൻറിൽ നിന്നും ഇപ്പോൾ ബഡ്ജററ് റിവൈസ് ചെയ്തുവന്നപ്പോൾ 10 കോടി രൂപയുടെ അധികച്ചെലവാണ് വന്നിട്ടുള്ളത്. ആറു മന്ത്രിമാരാണ് വർദ്ധിച്ചിട്ടുള്ളത്. ആറു മന്ത്രിമാർ വർദ്ധിച്ചു എന്നു പറഞ്ഞാൽ ഒരു മന്ത്രിക്ക് രണ്ടു കോടി രൂപയുടെ ചെലവ്. രണ്ടുകോടി രൂപയുടെ ലളിത ജീവിതം ഈ കേരളത്തിനു സമ്മാനിക്കുമെന്നാണ് പുതിയ ഗവൺമെൻറിൻെറ നയം. രണ്ടുകോടി രൂപയ്ക്ക് എങ്ങനെയാണ് ലളിത ജീവിതം നയിക്കുക? എനിക്കത് മനസ്സിലാകുന്നില്ല. എൻെറ അപ്പുറത്തിരിക്കുന്ന ഐക്യജനാധിപത്യ മുന്നണിയുടെ സഹോദരൻമാർ ഒന്നു പറഞ്ഞുതന്നാൽ നന്നായിരുന്നു. പത്തു കോടി രൂപ ബഡ്ജററിൽ പ്രൊവിഷനുണ്ടാക്കിയിട്ട് അധികച്ചെലവു വരുത്താൻ തീരുമാനിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി പറഞ്ഞു മുണ്ടു മുറുക്കി ഉടുക്കണമെന്ന്. കേരളത്തിൽ പദ്ധതിച്ചെലവിൻെറ കാര്യം വന്നപ്പോൾ എല്ലാം കുറച്ചു. മന്ത്രിമാരുടെ കാര്യം വന്നപ്പോൾ മുണ്ടുമുറുക്കി ഉടുത്തില്ല എന്നു മാത്രമല്ല മുണ്ട് അഴിച്ചിട്ടാണ് നടക്കുന്നത്. ആ ഒരു സമീപനമാണ് ഈ ഗവൺമെൻറ് സ്വീകരിക്കുന്നത്. ഇന്നലെ ഇവിടെ ബഡ്ജററ് ചർച്ചയുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് ഒരു കാര്യം സൂചിപ്പിച്ചു ബിവറേജസ് കോർപ്പറേഷനെ സംബന്ധിച്ച് 2250 കോടി രൂപയുടെ ലാഭം ഉണ്ടാകുമെന്ന്. അപ്പോൾ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു, അത് വിററുവരവാണ്, ലാഭമല്ല എന്ന്. സാധാരണക്കാരായ ആളുകൾക്ക് ഇതു കേട്ടാൽ തോന്നും വിററുവരവിൽ ലാഭം ചെറിയൊരു ശതമാനം മാത്രമേ ഉണ്ടാകൂ എന്ന്. 2,250 കോടി രൂപയുടെ വിററു വരവ് ബിവറേജസ് കോർപ്പറേഷനുണ്ടെങ്കിൽ അതിൻെറ 80 ശതമാനം വിവിധ ടാക്സിനത്തിൽ സർക്കാരിനുവരും. 100 ശതമാനം സ്റേററ് എക്സൈസ് ഡ്യൂട്ടി. അതിൻെറ 85 ശതമാനം സെയിൽസ് ടാക്സ്, 10 ശതമാനം സർചാർജ്ജ്, 5 ശതമാനം ടേൺ ഓവർ ടാക്സ് എന്നുവച്ചാൽ 2250 കോടി രൂപയുടെ ഒരു വർഷത്തെ വിററുവരവ് ബിവറേജസ് കോർപ്പറേഷനുണ്ടാകുമ്പോൾ 1960 കോടി രൂപയുടെ വരവ് കേരള ഖജനാവിനുണ്ടാകുകയാണ്. ഇതു മറച്ചുവച്ചുകൊണ്ട് ധനകാര്യമന്ത്രി വസ്തുതകൾ അറിഞ്ഞിട്ടോ അറിയാതെയോ ഈ രൂപത്തിൽ സൂചിപ്പിച്ചത് ശരിയായില്ല. 1960 കോടി രൂപയുടെ വരവ് എവിടേയും കാണിച്ചിട്ടില്ല. ഇപ്പോൾ സ്വകാര്യവൽക്കരണത്തെ സംബന്ധിച്ച് പറയുന്നു. മാർക്സിസ്ററ് പാർട്ടി വികസനത്തിനെതിരാണെന്നു പറയുന്നു. ബിവറേജസ് കോർപ്പറേഷൻെറ

LIBRARY ARCHIVES Kerala Legislative Assembly

1960 കോടി രൂപയുടെ വരവ് നിങ്ങൾ എവിടെയാണ് ഉൾക്കൊള്ളിക്കാൻ പോകുന്നത്? കേരളത്തിലെ ജനങ്ങളെ തെററിദ്ധരിപ്പിക്കാൻവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ഇവിടം ഭരിച്ച് സാമ്പത്തികമായി നശിപ്പിച്ചു എന്ന രൂപത്തിലുള്ള പ്രചരണം നടത്തുന്നത് കേരളത്തെ കൊള്ളയടിക്കാനാണെന്നാണ് എനിക്ക് ഇക്കാര്യത്തെ സംബന്ധിച്ചു സൂചിപ്പിക്കാനുള്ളത്. ഈ വോട്ട് ഓൺ അക്കൗണ്ട് നിർദ്ദേശത്തെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിൻതാങ്ങുകയാണ്. കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഈ സഭയിൽ കേരളത്തിന്റെ ധനകാര്യ പ്രശ്നത്തെക്കുറിച്ചുള്ള ചർച്ച നടക്കുകയായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ ദയനീയമായ സ്ഥിതിയെക്കുറിച്ച് എല്ലാപേരും സമ്മതിച്ചു. അവിടേയ്ക്കിത് എങ്ങനെയെത്തിയെന്നുള്ളതിനെക്കുറിച്ചുള്ള വാദമുഖങ്ങളാണ് നടക്കുന്നത്. അടുത്ത നാലുമാസക്കാലം ചെലവഴിക്കേണ്ട പണമിടപാടിന് അനുവാദം കൊടുക്കുന്നതിനുവേണ്ടിയാണ് ഇവിടെ ചർച്ച നടക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കേരളത്തിലെ ജനങ്ങളെ മറന്നു പ്രവർത്തിച്ചതിന്റെ ഫലമായി കേരളത്തിൽ വികസന രംഗത്ത് മുരടിപ്പും ഉൽപ്പാദനരംഗം താറുമാറാകുന്ന ഒരവസ്ഥയുമുണ്ടായി. അതുകൊണ്ട് കേരളത്തിലെ സാമ്പത്തികനിലയാകെ വഷളാകുന്ന ഒരവസ്ഥയിലേയ്ക്ക് കേരളം എത്തി. കംപ്ട്രോളർ ആൻറ് ഓഡിററർ ജനറലിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ജീവനോപായങ്ങൾക്ക് പിടികിട്ടാദുരിതത്തിലാണ് സംസ്ഥാന സർക്കാർ ജീവിച്ചത്. റവന്യൂ കമ്മിയുടേയും ധനകമ്മിയുടേയും കുതിച്ചുചാട്ടം ജി. എസ്. ഡി. പി. നിരക്കുമായി പൊരുത്തപ്പെടാതെ കെട്ടിക്കിടക്കുന്ന നികുതിയും വൻപിച്ച പലിശ നിരക്കും പ്രകടമാക്കിയത് ഇതായിരുന്നു. പണം കടം വാങ്ങിയത് ശമ്പളവും പെൻഷനും കൊടുക്കാൻ വേണ്ടിയായിരുന്നു. അവയാകട്ടെ രണ്ടക്കങ്ങളിൽ വർദ്ധിച്ചു. മൂലധന കണക്കുകളുടെ പദ്ധതിച്ചെലവ് ചലനമററുകിടക്കവേ റവന്യൂ കണക്കിലെ പദ്ധതി ചെലവ് കാര്യമായി കൂടി. പൗരൻമാർക്ക് ആ ചെലവിൽ എന്തുകിട്ടി എന്നത് തർക്കവിഷയമാകുന്നു. നഷ്ടമുണ്ടാക്കിക്കൊണ്ടിരുന്ന വൈദ്യുതി ബോർഡിന്റെ വായ്പകൾ ഓഹരിയാക്കി മാററിക്കൊടുത്തത് ബാദ്ധ്യതകൾ താഴേയ്ക്കുകൊണ്ടുവന്നേക്കാമെങ്കിലും പണം വരവിന്റെ അഭാവത്തിൽ വൈദ്യുതി ബോർഡിനെ ഇത് ശരിക്കും സഹായിക്കുന്നില്ല. ഇത് കുഴപ്പങ്ങളിൽ കലാശിക്കുന്നു. അങ്ങനെ ഈ രാജ്യത്ത് ചെലവു ചെയ്തതിന്റെ കുത്തഴിഞ്ഞ ആ പ്രവർത്തനരീതി ഈ സംസ്ഥാനത്തെ കടക്കെണിയിലെത്തിച്ചിരിക്കുന്നു. ഈ ചർച്ചകൾ ഇവിടെ നടക്കുമ്പോൾ കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടാംഘട്ടത്തിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നു. കേരളത്തിൽ കൊട്ടിഘോഷിച്ച അധികാരവികേന്ദ്രീകരണം ഇവിടെ ഏറെ ചർച്ച ചെയ്യപ്പെട്ടു. ഇൻഡ്യയുടെ പ്രിയങ്കരനായ ശ്രീ. രാജീവ് ഗാന്ധി ജനങ്ങൾക്ക് അധികാരം ഞാൻ കൊടുക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഒരു ഭരണഘടനാ ഭേദഗതി പാർലമെൻറിൽ കൊണ്ടുവന്നപ്പോൾ അതിനെ എതിർത്തു പരാജയപ്പെടുത്തിയവരാണ് അപ്പുറത്തിരിക്കുന്നവർ. അതിനുശേഷം ആ അധികാരം വീണ്ടും ജനങ്ങൾക്ക് കൊടുക്കാൻവേണ്ടി 73-ഉം 74-ഉം ഭരണഘടനാഭേദഗതികളിൽക്കൂടി ഈ രാജ്യത്ത് നിയമം

പാസ്സാക്കി. ആ നിയമത്തിനനുബന്ധമായി കേരളത്തിലെ വികസനത്തിന്റെ നായകനെന്ന് വിശേഷിപ്പിച്ച ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് പഞ്ചായത്ത്‌രാജ് ആക്റ്റ് കേരള നിയമസഭയിൽ പാസ്സാക്കിയത്. ആ ഭരണഘടനാ ഭേദഗതിക്കനുബന്ധമായി ജനങ്ങൾക്ക് അധികാരം കൊടുക്കാൻ കേരള നിയമസഭ പാസ്സാക്കിയ നിയമം നടപ്പാക്കി വന്നപ്പോൾ കേരളത്തിൽ ഭരണമാററമുണ്ടായി. ആ ഭരണമാററത്തിന്റെ വെളിച്ചത്തിൽ അധികാരം ജനങ്ങൾക്ക് കൊടുക്കാൻ ശ്രീ. രാജീവ് ഗാന്ധി പറഞ്ഞതിനുപകരം കേരളത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരം മാർക്സിസ്ററുപാർട്ടിക്ക് കൈമാറി. ഈ രാജ്യത്തെ ജനങ്ങൾക്ക് അധികാരം കിട്ടിയില്ല. കേരളത്തിൽ കഴിഞ്ഞ മൂന്നുനാല് വർഷംകൊണ്ട് നാലായിരം കോടി രൂപ അധികാര വികേന്ദ്രീകരണത്തിനു ചെലവാക്കപ്പെട്ടുവെന്നാണ് സർക്കാരിന്റെ മുൻപിലുള്ള കണക്ക്. ആ പണം ചെലവഴിക്കാൻ കേരളത്തിലെ പ്ലാനിംഗ് ബോർഡ് ചില നിർദ്ദേശങ്ങൾ താഴേയ്ക്ക് കൊടുത്തു. ഗ്രാമസഭയാണ് അധികാരത്തിന്റെ ഏററവും സ്ഥായിയായ കേന്ദ്രം എന്നിരിക്കെ ആ ഗ്രാമസഭകളെപ്പോലും നിയന്ത്രിച്ചുകൊണ്ടുള്ള ചില ഉപദേശങ്ങൾ കേരളത്തിൽ പ്ലാനിംഗ്ബോർഡ് ഉണ്ടാക്കി. നാലായിരം കോടി രൂപ ചെലവാക്കാൻ കേരളത്തിലുണ്ടാക്കിയ ക്രമീകരണങ്ങളുടെ കണക്ക് ഇതാണ്, ഉൽപ്പാദനമേഖലയ്ക്ക് 40 ശതമാനം, സേവന മേഖലയ്ക്ക് 30 ശതമാനം, മററ് മേഖലകൾക്കുവേണ്ടി 30 ശതമാനം ചെലവഴിക്കണമെന്നാണ് അവർ നിർദ്ദേശം കൊടുത്തത്. കേരളത്തിൽ നാലായിരം കോടി രൂപയിൽ 40 ശതമാനം ഉൽപ്പാദന മേഖലയ്ക്കുവേണ്ടി ചെലവഴിക്കപ്പെട്ടിരുന്നുവെങ്കിൽ ആ മേഖലയ്ക്ക് 1600 കോടിരൂപ കഴിഞ്ഞ നാല് വർഷംകൊണ്ട് ചെലവാക്കണമായിരുന്നു. കേരളത്തിൽ ഉൽപ്പാദനമെന്നുപറയുമ്പോൾ നെല്ലുൽപ്പാദനം, നാളികേരം ഉൽപ്പാദനം, കോഴിമുട്ട ഉൽപ്പാദനം, പച്ചക്കറി ഉൽപ്പാദനം, പാലുല്പാദനം എന്നിവയാണ്. ആ മേഖലയ്ക്കുവേണ്ടി നാലുവർഷംകൊണ്ട് 1600 കോടി രൂപ അധികാരവികേന്ദ്രീകരണത്തിൽക്കൂടി ഇവിടെ ചെലവഴിച്ചിട്ട് 1995-നും 2000-നുമിടയ്ക്ക് ഇവിടെ ഒരു തുള്ളി പാൽ കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ആ പണം എവിടെപ്പോയി? ഇപ്പോഴും കോഴിയിറച്ചി തമിഴ്നാട്ടിൽനിന്നുമാണ് വരുന്നത്. പച്ചക്കറി തമിഴ്നാട്ടിൽനിന്നുമാണ് വരുന്നത്, ഇതിന്റെയൊക്കെ നഷ്ടം കേരളത്തിലുണ്ടായി. കടലിൽ കായം കലക്കുന്നതുപോലെ കേരളത്തിലെ കോടിക്കണക്കിന് രൂപ അധികാരവികേന്ദ്രീകരണത്തിന്റെ പേരിൽ ജനകീയാസൂത്രണമെന്ന ഓമനപ്പേരിട്ട് മാർക്സിസ്ററുപാർട്ടിയുടെ പോക്കററിലോട്ടൊഴുകിപ്പോയ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണം. അതുപോലെതന്നെ സേവനമേഖലയ്ക്ക് 30 ശതമാനമെന്ന് പറയുമ്പോൾ, 1200 കോടി രൂപയാണ്. കുടിവെള്ളം കൊടുക്കാൻ, വൈദ്യുതി കൊടുക്കാൻ, വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കാൻ ഇതിനൊക്കെയാണ്. ഇതിനൊക്കെവേണ്ടി ആ പണം ചെലവഴിച്ചു എന്നാണ് കണക്കുണ്ടാക്കിയിരിക്കുന്നത്. കേരളത്തിൽ ഇവർ എത്ര പേർക്ക് വീടുണ്ടാക്കിക്കൊടുത്തു? ഒരുലക്ഷത്തി എഴുപത്തി അയ്യായിരം ആളുകളുടെ വീടുകൾ പൊളിച്ചിട്ടിട്ട് അതിനു പണം കൊടുക്കാൻ കഴിയുന്നില്ലെന്ന് റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. കേരളത്തിൽ കുടിവെള്ളം എത്താത്ത ഗ്രാമങ്ങൾ ഇപ്പോഴും വെള്ളത്തിനു വേണ്ടി കേഴുന്നു. വൈദ്യുതി കിട്ടാത്ത ഗ്രാമങ്ങൾ വൈദ്യുതിക്കുവേണ്ടി കേഴുന്നു എന്നുമാത്രമല്ല ഇലക്ട്രിസിററി ബോർഡിന് മുന്നോട്ടു പോകാൻ കഴിയാതെ നിശ്ചലമായി നിൽക്കുമ്പോഴാണ് 1200 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

സേവനമേഖലയ്ക്കുവേണ്ടി ചെലവഴിച്ചത് എന്നാണ് പറയുന്നത്. അതുപോലെതന്നെ 30 ശതമാനം മററ് മേഖലയ്ക്കെന്ന് പറയുമ്പോൾ ആയിരത്തിൽചില്വാനം കോടി രൂപ മററ് ചെലവുകൾക്ക് ചെലവഴിച്ചു എന്നാണ്. അതുകൊണ്ട് ഇതിനെക്കുറിച്ചൊക്കെ സമഗ്രമായ ഒരന്വേഷണം നടത്തേണ്ടതാവശ്യമാണ്. ഇത്രയും ധൂർത്തടിച്ച്, പണം മുഴുവൻ നശിപ്പിച്ചിട്ട് ഇപ്പോൾ അതിൻെറ പേരിലിരുന്ന് കുററം പറയുന്നവർ മനസ്സിലാക്കണം. കടം വാങ്ങുന്നത് തെററാണോയെന്ന് കഴിഞ്ഞ പ്രാവശ്യം ശ്രീ. ടി. ശിവദാസമേനോൻ ചോദിച്ചു. കടം വാങ്ങുന്നത് തെററല്ല പക്ഷെ തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യതകൂടി കണ്ടെത്തണം. തൃശ്ശൂർ ജില്ലയെക്കുറിച്ച് നമ്മളെല്ലാപേരും സംസാരിച്ചതാണ്. ഞാൻ തൃശ്ശൂർ ജില്ലയിൽ നിന്നും ജയിച്ചുവന്ന ജനപ്രതിനിധിയാണ്. ''പന്ത്രണ്ട് മക്കളെപെററൊരമ്മ'' എന്നു കവിതയിൽ പറഞ്ഞതു പോലെ 12 യു.ഡി.എഫ്. മെമ്പർമാർ ഈ ഗവൺമെൻറിനെ പിൻതുണയ്ക്കാൻ ജയിപ്പിച്ച ജില്ലയാണ് തൃശ്ശൂർ ജില്ല. ഞാൻ അതിലോട്ടൊന്നും കടക്കുന്നില്ല. ഇതിൻെറ നൊമ്പരവും വേദനയുംകൊണ്ട് തൃശ്ശൂരിൻെറ മാതൃഹൃദയം കേഴുകയാണ്. അതുകൊണ്ട് അത് പരിഹരിക്കുന്നതോടൊപ്പം കേരളത്തിൽ എന്നും പിൻതുടരുന്ന ഒരു പാറേറൺ നികുതിഘടനയിൽ നമ്മുടെ സർക്കാരുകൾ സ്വീകരിക്കുന്ന സ്ഥിരം പാറേറണിൽ, നികുതി പിരിക്കുന്നതിൽ ഒരു മാററം വരുത്തുകയും നികുതിഘടനയിൽ ശാസ്ത്രീയമായ മാററം വരുത്താനുള്ള നടപടിക്രമങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് രണ്ടുമാസമായി. ഈ രണ്ടുമാസക്കാലം മുഴുവൻ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ആളുകൾ ജനങ്ങളെ ധരിപ്പിച്ചുകൊണ്ടിരുന്നത് കേരളം വമ്പിച്ച സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ്, ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ഇതിന് കാരണക്കാരെന്നുള്ള നിലയിൽ കേരളത്തിലെ ജനങ്ങളെയാകെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ് ഇവർ ധവളപത്രം മുന്നോട്ടുവച്ചത്. ഈ ചിത്രം കേരളത്തിനുമാത്രം ബാധകമാണോയെന്ന് പറയാൻ ഇത് മുന്നോട്ടുവച്ച ആളുകൾക്ക് ബാദ്ധ്യതയുണ്ട്. കേരളം ഒരു സ്വതന്ത്ര രാജ്യമാണോ? ഇൻഡ്യാ രാജ്യത്തിൻെറ ഒരു ചെറിയ ഭാഗമാണ് കേരളം. ഇൻഡ്യയാകെ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ സാമ്പത്തിക പ്രശ്നങ്ങളിൽനിന്ന് വഴുതിമാറാൻ കേരളംപോലുള്ള ഒരു സംസ്ഥാനത്തിന് എങ്ങനെയാണ് കഴിയുക? ഈ ബഡ്ജററിൻെറ ഒരു ഭാഗത്ത് ധനകാര്യമന്ത്രി കേരളത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യമുണ്ട്. അദ്ദേഹം പറയുന്നത് ഒരു പ്രണവമന്ത്രംപോലെ കടംവാങ്ങുക, ചെലവാക്കുകയെന്നുള്ളത് ആപ്തവാക്യമായി അംഗീകരിച്ച ഒരു ഗവൺമെൻറായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് എന്നാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിൻെറ നയസമീപനങ്ങൾ മാത്രമാണോ കേരളത്തെ ഈ കടക്കെണിയിലേയ്ക്ക് തള്ളിവിട്ടത്? 1990-മുതൽ രാജ്യത്തിൻെറ ഭരണാധികാരത്തിലുണ്ടായിരുന്ന കോൺഗ്രസ് എന്നുപറയുന്ന രാഷ്ട്രീയ പ്രസ്ഥാനം, അതിന് നേതൃത്വം കൊടുത്തയാളുകൾ അനുവർത്തിച്ച തെററായ, വികലമായ സാമ്പത്തിക നയത്തിൻെറ ഫലമായി ഈ രാജ്യംതന്നെ കടക്കെണിയിലേയ്ക്ക് പോയതിൻെറ എത്രയെത്ര തെളിവുകൾ നിരത്താൻ കഴിയും. ഈ രാജ്യത്ത് പിറന്നുവീഴുന്ന ഓരോ കുഞ്ഞിൻെറയും

LIBRARY ARCHIVES Kerala Legislative Assembly

മുതുകത്ത് 14,570 രൂപയുടെ കടബാദ്ധ്യതയേൽപ്പിച്ച, കോൺഗ്രസ് പാർട്ടിക്ക് നേതൃത്വം കൊടുത്ത നേതാക്കൻമാരടക്കമുള്ള പിൻതലമുറക്കാർ കേരളംപോലുള്ള ഒരു സംസ്ഥാനത്തിനകത്ത് ഇന്ന് അധികാരത്തിൽ വന്നപ്പോൾ കഴിഞ്ഞ അഞ്ചുവർഷം ഭരിച്ച ഇടതുപക്ഷമുന്നണിയെ ആക്ഷേപിക്കുന്നതിനുവേണ്ടി അവരാണ് ഈ രാജ്യത്തെ കടക്കെണിയിലാഴ്ത്തിയതെന്നു പറയുന്നതിൽ എന്ത് വസ്തുതയാണുള്ളത് ? കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ ജനങ്ങൾക്കെല്ലാം വലിയ പ്രതീക്ഷയാണ് ഐക്യജനാധിപത്യ മുന്നണിയിലെ നേതാക്കൻമാരും അവരെ പിൻതാങ്ങിനിന്ന പത്രങ്ങളും അതുപോലെ തന്നെ മററ് മാദ്ധ്യമങ്ങളുമെല്ലാം നൽകിയത്. ധനകാര്യ വകുപ്പു മന്ത്രിയുടെ ബഡ്ജററിനെ ന്യായീകരിച്ചുകൊണ്ട് ഒരംഗം പറഞ്ഞു ഇതൊരു തിരുത്തൽ ബഡ്ജററാണെന്ന്. ത്രിമൂർത്തികളായ സ്ഥിതിയുടേയും സൃഷ്ടിയുടേയും സംഹാരത്തിൻെറയും മൂർത്തികളായിട്ടുള്ള അതിൽ സ്ഥിതിയുടേയും സംഹാരത്തിൻേറയും മൂർത്തികളായിട്ടുള്ള ശങ്കരൻേറയും നാരായണൻേറയും നൻമകൾ മാത്രം ഉൾക്കൊള്ളുന്ന ഒരു മനുഷ്യനിൽനിന്നും കേരളത്തിലെ മുഴുവൻ ജനങ്ങളേയും രക്ഷിക്കുന്നതിനുവേണ്ടി പിറന്നുവീണ ഒരു ബഡ്ജററ് എന്നാണ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ഈ ബഡ്ജററിനെ അംഗീകരിച്ചുകൊണ്ട് പറഞ്ഞത്. സ്ഥിതിയുടേയും സംഹാരത്തിൻെറയും മൂർത്തികളായിട്ടുള്ള ശങ്കരൻേറയും അതുപോലെതന്നെ നാരായണൻേറയും നൻമകൾ മാത്രമുൾക്കൊള്ളുന്നതാണോ ഈ ബഡ്ജററ്? ഇത് ശങ്കരൻെറ രുദ്രതാളത്തിലുള്ള താണ്ഡവത്തിൻെറ, കൈലാസം കുലുക്കുന്ന താണ്ഡവത്തിൻെറ പതിഞ്ഞ താളത്തിലുള്ള ഒരു തുടക്കം മാത്രമാണ്. ആ തുടക്കത്തിൽത്തന്നെ കേരളത്തിലെ ജനങ്ങൾ നടുങ്ങാൻ തുടങ്ങിയിരിക്കുന്നു. ഇന്നലെ കേരളത്തിൽ നടന്ന വ്യാപാരി വ്യവസായികളുടെ ബന്ദ് തെളിയിക്കുന്നത് തീർച്ചയായും വരുന്ന അഞ്ചുവർഷക്കാലം പാരമ്യതയിലെത്താൻ പോകുന്ന ശങ്കരൻെറ രുദ്രതാളത്തിലുള്ള താണ്ഡവത്തിൻെറ തുടക്കം മാത്രമാണ് ഇവിടെ നടന്നത് എന്നാണ്. ഇതിൽനിന്നും രക്ഷപ്പെടാൻ കഴിയുമോ, ഈ കേരളത്തിലെ ജനങ്ങൾക്ക്? ഈ ഗവൺമെൻറ് അനുവർത്തിക്കുന്ന സാമ്പത്തികനയത്തിൻെറ ഭാഗമായി എല്ലാ മേഖലയിലും ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ നാളുകൾ കഴിയുംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ റേഷൻ സംവിധാനം താറുമാറാകാൻ പോകുകയാണ്. സാമൂഹിക ക്ഷേമ പദ്ധതികളുടെ ഭാഗമായി . കൊടുത്തുതീർക്കാനുള്ള പെൻഷൻ കൊടുത്തുതീർക്കാൻ ആവശ്യമായ എന്തെങ്കിലും ഒരു നിർദ്ദേശം ഈ ബഡ്ജററിൻെറ ഭാഗമായി മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഈ വരുന്ന നാല് മാസക്കാലത്തേയ്ക്ക് സഭയുടെ അംഗീകാരമില്ലാതെ യഥേഷ്ടം ചെലവഴിക്കാൻ വേണ്ടിയുള്ള അനുവാദത്തിന് ചോദിക്കുമ്പോൾ ഇവിടെ ഏതെങ്കിലുമൊരു മേഖലയിൽ സാധാരണക്കാരെ സഹായിക്കാൻ ആവശ്യമായ എന്തെങ്കിലും ഒരു സമീപനം ഈ ബഡ്ജററിൻെറ ഭാഗമായി മുന്നോട്ടുവയ്ക്കാൻ ധനകാര്യമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ലായെന്നുമാത്രമല്ല കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായ നിലയിലേയ്ക്ക് വരുംനാളുകളിൽ അവരുടെ ജീവിതത്തെ തള്ളിനീക്കുന്ന ഒരുപാട് ദുരന്തപൂർണ്ണമായ അനുഭവങ്ങൾ ഈ ബഡ്ജററിൻെറ വെളിച്ചത്തിൽ കേരളത്തിൽ ഉണ്ടാകാൻ പോകുകയാണ്. എം. എൽ. എ. ഫണ്ട് എന്ന് കേൾക്കുമ്പോൾ പല ആളുകളും ആവേശം കൊണ്ട് തുള്ളിച്ചാടി. എനിക്ക് ഓർമ്മ വരുന്നത് ഒരു പോക്കററടിക്കാരൻെറ കഥയാണ്. ബസ്സിൽ യാത്ര ചെയ്യുന്ന അവസരത്തിൽ ഒരു പാവപ്പെട്ട ചെറുപ്പക്കാരൻെറ കയ്യിലുണ്ടായിരുന്ന കാശ് പോക്കററടിച്ചു.

കണ്ടക്ടർ വളരെ കർശനമായി യാത്രചാർജ് ചോദിച്ചപ്പോൾ അന്തിച്ചു നിൽക്കുന്ന ചെറുപ്പക്കാരനെ സമാധാനിപ്പിക്കുന്നതിന് ഞാൻ കാശ് കൊടുക്കാമെന്ന് പറഞ്ഞ് മാന്യനായ ഒരാൾ മുന്നോട്ടുവന്നു. കാശ് കൊടുക്കാൻ മുന്നോട്ടുവന്ന ആൾ കൊടുത്ത കാശ് ചെറുപ്പക്കാരന്റെ പോക്കററടിച്ച കാശിന്റെ വിഹിതമായിരുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിനുവേണ്ടി നീക്കിവച്ച കാശ് കൊള്ളയടിച്ചിട്ട്, 175 കോടി രൂപ പദ്ധതിവിഹിതത്തിൽ വെട്ടിച്ചുരുക്കിയിട്ട്, 35 കോടി രൂപ എം. എൽ. എ. മാരുടെ കൈകളിലേയ്ക്ക് കൊടുത്തിട്ട് ഇവിടെ വികസനത്തിന്റെ ഒരു വേലിയേററം ഉണ്ടാക്കാൻ പോകുന്നു എന്നു പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ പോക്കററടിക്കാരന്റെ റോളിലാണെന്ന് പറഞ്ഞാൽ ഈ ബഡ്ജററിലെ കണക്കുകൾ വച്ചുകൊണ്ട് നിഷേധിക്കാൻ കഴിയുമോ? കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജററ് കേരളത്തിലെ ജനങ്ങളുടെ ദുരിതം വർദ്ധിപ്പിക്കുന്ന ബഡ്ജററാണ്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഏററവും പ്രധാനപ്പെട്ട പോരായ്മ തന്നെയാണ്. ആർക്കെങ്കിലും സഹായം നൽകാൻ തയ്യാറാകുന്നുണ്ടോ? നിയമന നിരോധനം ഇല്ലായെന്നല്ലേ ഇന്നലെപ്പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്? എന്നാൽ നിയമന നിരോധനം കേരളത്തിൽ നിലവിലുണ്ട്. പല വകുപ്പുകളും പി. എസ്.സി.-ക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. ഒരൊററ ഒഴിവും ഇനി റിപ്പോർട്ട് ചെയ്യേണ്ടായെന്ന് പറഞ്ഞിരിക്കുകയാണ്. ഇലക്ട്രിസിററി ബോർഡ്, നമ്പർ Estt. 17/249/2001 പ്രകാരം ഒരു കത്ത് പി. എസ്. സി.-ക്ക് കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. ദയവായി നിറുത്തുക.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പതിനയ്യായിരത്തോളം നിയമനങ്ങൾക്ക് അഡ്വൈസ് മെമ്മോ ലഭിച്ച ആളുകൾ ഈ സംസ്ഥാനത്തുണ്ട്. ആ പതിനയ്യായിരത്തോളം ഉദ്യോഗാർത്ഥികളുടെ പ്രതീക്ഷയിൽ കരിനിഴൽ വീഴ്ത്തുന്ന ഈ ഗവൺമെന്റിന്റെ സമീപനം, 15 ലക്ഷം പേർക്ക് വർഷം തോറും തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞിട്ട് ..........

(മൈക്ക് ഓഫ് ചെയ്തു)

മി. സ്പീക്കർ: ശ്രീ. കെ. കെ. നായർ.

ബഹുമാനപ്പെട്ട മെമ്പർ ദയവായി അവസാനിപ്പിക്കുക.

(ശ്രീ. കെ. കെ. നായരെ വിളിച്ചതിനുശേഷവും ശ്രീ. കെ. വി. കുഞ്ഞിരാമൻ സംസാരിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ദയവായി അവസാനിപ്പിക്കുക.

ശ്രീ. കെ. കെ. നായർ.

ശ്രീ. കെ. കെ. നായർ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് നെല്ലിക്കാ മോഡലിലുള്ള ചില കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആദ്യം കയ്ക്കുകയും അവസാനം മധുരിക്കുകയും ചെയ്യുന്ന ചില കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കേരളം ഇന്ന് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് എല്ലാപേരും സമ്മതിക്കുന്നു. കഴിഞ്ഞ അര നൂററാണ്ടിലേറെയായി രാജ്യം ഭരിക്കുന്ന വിവിധ പാർട്ടികളുടെ ഗവൺമെന്റുകൾ, അവർ ഉൾപ്പെട്ട ആളുകളെല്ലാംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സാമ്പത്തിക പ്രതിസന്ധിയാണെന്ന് സമ്മതിക്കുന്നു. ഈ രാജ്യത്തിലെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണക്കാരാരാണെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. ഈ നാട്ടിലെ കൃഷിക്കാരോ കർഷക തൊഴിലാളികളോ അങ്ങനെയുള്ള ആരെങ്കിലും ഈ സാമ്പത്തിക പ്രതിസന്ധിക്ക് കാരണക്കാരായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് നാം ആലോചിക്കേണ്ടതാണ്. ഈ സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണം ഈ രാജ്യത്തെ ഭരണയന്ത്രം തന്നെയാണ്. ഭരണയന്ത്രം എന്ന് ഞാൻ പറയുമ്പോൾ ഈ രാജ്യത്തെ ചീഫ് സെക്രട്ടറി മുതൽ ഗ്രേഡ് II വരെയുള്ള ഉദ്യോഗസ്ഥൻമാരുടെ സമൂഹവും അവരെ കഴിഞ്ഞ അര നൂററാണ്ടുകാലം ഭരിച്ച നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ആ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തുന്ന ഗവൺമെൻറിനെ താങ്ങിനിർത്താൻ വേണ്ടി ഈ നിയമസഭയിൽ അവർക്ക് പിന്തുണയും അതുപോലെതന്നെ പ്രതിപക്ഷത്തിരുന്നുകൊണ്ട് അവരെ എതിർക്കുകയും ചെയ്യുന്ന മെമ്പർമാരും അതിന് ഉത്തരവാദികളാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ രാജ്യത്ത് കൂടുതൽ നികുതി ചുമത്തി സാധാരണക്കാരായ ആളുകളെ ബുദ്ധിമുട്ടിക്കാതെ ഇതിന് കാരണക്കാരായ നമ്മൾതന്നെ ചില നൂതന മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് അതിന് പരിഹാരം കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ കഴിഞ്ഞ 32 വർഷക്കാലമായി ഞാൻ ഈ നിയമസഭയിൽ അംഗമായിരിക്കുകയാണ്. ഈ 32 വർഷത്തിനിടയ്ക്ക് ഒരു വർഷംപോലും കൈത്തറി, കശുവണ്ടി, കയർ തുടങ്ങിയുള്ള മേഖല കളിൽ എന്തെങ്കിലും നേട്ടം ഉണ്ടാക്കിയതായി പറയാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഒരു മന്ത്രിക്കും കഴിഞ്ഞിട്ടില്ല. അതുപോലെ ചില വർഷങ്ങളിൽ ചില വ്യവസായങ്ങൾ ലാഭത്തിൽ നടത്തുന്നുണ്ടെന്ന് ചില വ്യവസായങ്ങളെക്കുറിച്ച് പറയുന്നതല്ലാതെ ഒരു സാമാന്യരീതിയിലുള്ള നേട്ടമുണ്ടാക്കിയെന്ന് ആർക്കും പറയാൻ കഴിയുകയില്ല. ഇതിൻെറയൊക്കെ ഉത്തരവാദിത്വം ആരാണ് വഹിക്കേണ്ടത് എന്നതാണ് ഇന്ന് രാജ്യത്ത് നമ്മൾ പ്രധാനമായും ചിന്തിക്കേണ്ട വിഷയം. അടുത്ത തലമുറയ്ക്ക് നശിച്ച് താറുമാറായ ഒരു കേരളത്തെ സംഭാവന ചെയ്യണമോയെന്നും നമ്മൾ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ നേരത്തെ പല ആളുകളും സൂചിപ്പിച്ചതുപോലെ ഒന്നും രണ്ടും ഡിപ്പാർട്ടുമെൻറ് നേതാക്കൻമാർ ഉണ്ടായിരുന്ന സ്ഥാനത്ത് പത്തും ഇരുപത്തിയാറും മുപ്പത്തിയഞ്ചുമൊക്കെ ആയി വർദ്ധിച്ചുവന്നിട്ടുണ്ട്. ആരാണ് ഇതിന് ഉത്തരവാദികൾ? വിവിധ കാലങ്ങളിൽ ഭരണം നടത്തിയ വിവിധ ഗവൺമെൻറുകൾ, അത്തരത്തിലുള്ള പുതിയ തസ്തികകൾ സൃഷ്ടിച്ച തിൻെറ ഫലമായി ഇന്ന് ഭരണയന്ത്രംതന്നെ ദുർമ്മേദസ് ബാധിച്ച ഒരു ശരീരം ആയി മാറിയിരിക്കുകയാണ്. ഈ ദുർമ്മേദസ് കുറെയൊക്കെ നഷ്ട പ്പെടുത്താതെ, മാററിയെടുക്കാതെ, ആരോഗ്യകരമായ ഒരു സാമ്പത്തികരംഗം ഈ രാജ്യത്ത് ഉണ്ടാക്കിയെടുക്കാൻ കഴിയുകയില്ല എന്നുള്ള വസ്തുതയും നാം മനസ്സിലാക്കണം. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്, ഈ ഉപരിതലങ്ങളിലുള്ള വലിയ ഉദ്യോഗങ്ങളിൽ പലതും വാനിഷിംഗ് പോസ്ററുകളാക്കി പ്രഖ്യാപിക്കണമെന്നാണ്. നമ്മൾ ഒരു പഠനം നടത്തി, ഇത്രയിത്ര പോസ്ററുകളാണ് ആവശ്യമുള്ളതെന്ന് കണക്കാക്കി, ബാക്കിയുള്ള പോസ്ററുകൾ വാനിഷിംഗ് പോസ്ററുകളാക്കി പ്രഖ്യാപിച്ച്, അവർ പെൻഷൻ പററുന്നതോടുകൂടി ആ പോസ്ററുകളും അവസാനിപ്പിക്കുന്ന രീതിയിൽ ഒരു സംവിധാനം ഉണ്ടാക്കിയാൽ മതിയാകും. അതേസമയം താഴെക്കിടയിലുള്ള ആളുകളെ വളരെ വളരെ കുറച്ചുകൊണ്ടു പോകുന്ന ഒരു സ്ഥിതിവിശേഷവും ഇപ്പോഴുണ്ട്. ആശുപത്രികളിൽ താഴെത്തട്ടിലുള്ള ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. പത്തനംതിട്ട

ജില്ലാ ആശുപത്രിയിൽ ആശുപത്രി വൃത്തിയാക്കേണ്ട ആളുകളുടെ 12 പോസ്റ്റുകൾ ഉള്ളിടത്ത് ഇപ്പോൾ രണ്ട് പോസ്റ്റുകൾ മാത്രമേയുള്ളൂ. അങ്ങനെയുള്ള പോസ്റ്റുകൾ കുറയ്ക്കുകയും അതേസമയം കൂടുതൽ ശമ്പളക്കാരായ ആളുകളെ കൂടുതലായി നിയമിക്കുകയും ചെയ്യുന്ന ഒരു സംവിധാനം ഈ രാജ്യത്ത് ഉണ്ട്. ഭരണ രംഗത്ത് അത്തരത്തിലുള്ള മാററം വരുത്തുന്നതിൽ നാം പരമാവധി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറണമെങ്കിൽ ഇതിന് കാരണക്കാരായ നമ്മൾതന്നെ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ചില നിർദ്ദേശങ്ങൾ ഗവൺമെൻറിനു മുന്നിൽ വയ്ക്കാൻ ആഗ്രഹിക്കുകയാണ്. 15,000 രൂപയിൽ കൂടുതൽ ശമ്പളവും അലവൻസും വാങ്ങിക്കുന്ന ആളുകൾ കൂടുതൽ വാങ്ങുന്ന തുകയുടെ 50 ശതമാനം ആദ്യത്തെ വർഷവും, 30 ശതമാനം രണ്ടാമത്തെ വർഷവും, 20 ശതമാനം മൂന്നാമത്തെ വർഷവും പി. എഫ്.-ൽ ലയിപ്പിക്കാൻ തയ്യാറാകണം. അടുത്ത മൂന്നുവർഷക്കാലത്തേയ്ക്ക് പി. എഫ്. പലിശ 4 ശതമാനം ആക്കി നിശ്ചയിക്കാൻ ഗവൺമെൻറ് തയ്യാറാകണം. ഇങ്ങനെ കിട്ടുന്ന മിച്ചം ഈ രാജ്യത്തെ കോൺട്രാക്ടർമാരുടെ ബാദ്ധ്യത തീർക്കുന്നതിന് ഉപയോഗിക്കുകയും ആ ബാദ്ധ്യതകൾ തീർത്തുകഴിഞ്ഞാൽ ഇന്ന് ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന രീതിയിലുള്ള ഭരണം അവസാനിപ്പിക്കാൻ നാം പരിശ്രമിക്കുകയും ചെയ്യണം. ഏതെങ്കിലും ഒരു വർക്കിന് എസ്റ്റിമേററ് എടുത്തു കഴിഞ്ഞാൽ, അത് മൂന്നു നാലു പ്രാവശ്യം റിവൈസ് ചെയ്യും. 18 കോടി രൂപ അംഗീകരിച്ചുകൊണ്ട് പമ്പാ ഇറിഗേഷൻ പദ്ധതി തുടങ്ങിയതിനുശേഷം അഞ്ഞൂററി ചില്വാനം കോടി രൂപ ചെലവഴിച്ചുവെങ്കിലും ഇന്നും കൃഷിക്കാർക്ക് വെള്ളം കിട്ടാത്ത സ്ഥിതിയാണ്. ഇത്തരത്തിലുള്ള ഭരണ നടപടികൾ വളരെ കർശനമായി നിയന്ത്രിക്കുകയും ഒരു എസ്റ്റിമേററ് തയ്യാറാക്കി കഴിഞ്ഞാൽ ആ എസ്റ്റിമേററിൽ നിന്നുകൊണ്ട് തീർക്കത്തക്ക രീതിയിലുള്ള ഒരു പുതിയ സംവിധാനം ആരംഭിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ വിദ്യാഭ്യാസ രംഗത്ത് എട്ടാം സ്ററാൻഡേർഡ് മുതൽ ഫീസ് ഏർപ്പെടുത്തണം. ഫീസ് ഏർപ്പെടുത്തുമ്പോൾ 8, 9, 10 സ്ററാൻഡേർഡുകളിൽ കുറഞ്ഞത് 25 രൂപയെങ്കിലും ഒരു വിദ്യാർത്ഥിയിൽനിന്നും വാങ്ങാൻ നമ്മൾ തയ്യാറാകണം. അതുപോലെ 11, 12 സ്ററാൻഡേർഡുകളിൽ 50 രൂപയും ഡിഗ്രി ക്ലാസ്സുകളിൽ 100 രൂപയും പോസ്ററ് ഗ്രാഡുവേഷൻ ക്ലാസ്സുകളിൽ 150 രൂപയും ഫീസ് വാങ്ങാൻ നമ്മൾ തയ്യാറാകണം. എഞ്ചിനീയറിംഗ്, മെഡിക്കൽ മേഖലകളിലും അതേ രീതിയിലുള്ള ആനുപാതികമായ ഫീസ് വാങ്ങാൻ നമ്മൾ തയ്യാറാകണം. ഈ അവസരത്തിൽ മറെറാരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യത്ത് 'ബിലോ പോവർട്ടി ലൈനി'നു താഴെയുള്ള ആളുകളുടെ എണ്ണം എല്ലാ ബ്ലോക്കുകളിലും നമ്മൾ സംഭരിച്ചു വച്ചിട്ടുണ്ട്. നഗരപ്രദേശങ്ങളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം എടുത്ത്, അത്തരത്തിലുള്ള ആളുകൾക്ക് വിദ്യാഭ്യാസ രംഗത്ത് സൗജന്യം അനുവദിക്കേണ്ടതാണ്. മററാർക്കുംതന്നെ സൗജന്യം അനുവദിക്കാൻ പാടില്ലാത്തതുമാണ്. അതുപോലെ ഇവിടത്തെ ഉദ്യോഗസ്ഥൻമാർ മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് രംഗത്ത് എത്ര കോടി രൂപയാണ് സർക്കാരിന് നഷ്ടം ഉണ്ടാക്കിവയ്ക്കുന്നത് എന്ന് ആലോചിക്കേണ്ടതാണ്. ചില ഉദ്യോഗസ്ഥൻമാർ എല്ലാ മാസവും 2000, 3000 രൂപാ വീതം മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് എന്നുപറഞ്ഞ് മാററിയെടുക്കുന്ന സമ്പ്രദായം ഇവിടെയുണ്ട്. ചില മരുന്നുഷോപ്പുകളിൽ ശ്രദ്ധിച്ചാൽ കാണാം, അയൽപക്കത്തുള്ള ആളുകൾക്ക് മരുന്ന് വാങ്ങിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ബില്ലും സ്വന്തം പേരിൽ വാങ്ങി റീ-ഇംബേഴ്സ് ചെയ്യുന്ന ആളുകളുമുണ്ട്. ലൈഫ് ഗിവിങ്ങ് മെഡിസിന് അല്ലാതെ മററ് യാതൊന്നിനും ഈ ആനുകൂല്യം ഗവൺമെൻറ് നൽകേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ആ രീതിയിലും ഗവൺമെൻറ് കൂടുതൽ ലാഭം ഉണ്ടാക്കാൻ പരിശ്രമിക്കണം. അതുപോലെതന്നെ നമ്മുടെ ആഡിററ് സമ്പ്രദായം. എനിക്ക് ഒരു അനുഭവം ഉണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഒരു ജനറേററർ വാങ്ങുന്നതിനുവേണ്ടിയുള്ള ഒരു സംരംഭത്തിന് അവിടത്തെ ലേ സെക്രട്ടറിയോട് അതിനുള്ള നടപടി എടുക്കാൻ പറഞ്ഞു. അദ്ദേഹം മൂന്ന് ക്വട്ടേഷനുകൾ വാങ്ങിയിട്ട് 66,000 രൂപ ഏററവും കുറഞ്ഞത് എന്ന് പറഞ്ഞു. പക്ഷേ ഞാൻ അടുത്ത കടയിൽ അന്വേഷിച്ചപ്പോൾ 45,000 രൂപ മാത്രമേ അതിന് വിലയുള്ളൂ. 45,000 രൂപയ്ക്ക് ഞാൻ എന്റെ പേരിൽ രസീത് വാങ്ങി ജനറേററർ വാങ്ങി അവിടെ കൊണ്ടുകൊടുത്തു. ആഡിററുകാർ പറയുകയാണെങ്കിൽ ഞാൻ അതിന് ഉത്തരം പറഞ്ഞുകൊള്ളാമെന്നും പറഞ്ഞു. ഈ രീതിയിലുള്ള ആഡിററ് സമ്പ്രദായം ഒന്ന് മാറേറണ്ടതാണ്. ക്വട്ടേഷൻ വാങ്ങുന്നത് ഏററവും ലോവസ്ററ് എന്നുള്ളത് മാററി കമ്പോളത്തിൽ വിലയെന്ത് എന്നുകൂടി അറിഞ്ഞിട്ട് ഈ ആഡിററ് സമ്പ്രദായം നിയന്ത്രിച്ചാൽ സർക്കാരിന് എത്ര കോടി രൂപ ലാഭം ഉണ്ടാകുമെന്ന് കണക്കാക്കിയാൽ മതി. അതുപോലെയാണ് ലാൻറ് അക്വിസിഷൻ. ലാൻറ് അക്വിസിഷൻ രംഗത്ത് എനിക്ക് വേറൊരു അനുഭവം ഉണ്ടായിട്ടുണ്ട്. 10 കൊല്ലത്തിന് മുമ്പ് വാങ്ങിയ ഒരു യന്ത്രത്തിന്റെ വിലയേക്കാൾ പത്തിരട്ടി കൂടുതൽ അതിന് നഷ്ടപരിഹാരം കോടതി അനുവദിച്ചുകൊടുത്ത ഒരു സംഗതി ഞാൻ കണ്ടു. ഈ രീതിയിലുള്ള കാര്യങ്ങൾ ചോദ്യംചെയ്യാൻപോലും ഗവൺമെൻറിന് യാതൊരു സാദ്ധ്യതയുമില്ലാത്ത , ഈ രംഗമാണ് ഉള്ളത്. ഈ കാര്യങ്ങളൊക്കെ നിയന്ത്രിച്ച് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടതാണ്. ട്രാൻസ്പോർട്ട്–ഇലക്ട്രിസിററി ചാർജ്ജുകൾ കൂട്ടുന്നത് ശരിയല്ല എന്ന അഭിപ്രായമാണ് എനിക്ക് ഉള്ളത്. ട്രാൻസ്പോർട്ട് ഈ രീതിയിൽ മുന്നോട്ടുകൊണ്ടുപോയി ഒരുകാലത്തും നന്നാക്കാൻ സാദ്ധ്യമല്ല. ഇത് പല മേഖലകളായി വിഭജിക്കണം. പല മേഖലകളായി വിഭജിച്ച് ഇന്നുള്ള ഉദ്യോഗസ്ഥൻമാരെ അതേ രീതിയിൽ നിലനിർത്തുക എന്നുള്ളതല്ല, അത്യാവശ്യം ഒരു ബസ് സർവീസ് നടത്തുന്നതിന് ഡ്രൈവറും കണ്ടക്ടറും ചെക്കറും മെക്കാനിക്കൽ സ്ററാഫും ഒക്കെയാണ് പ്രധാനമായിട്ടുള്ള ആവശ്യം. കിഴക്കേക്കോട്ടയിൽ ചെന്നുകഴിഞ്ഞാൽ രണ്ടുമൂന്ന് കൊട്ടാരം നിറയെ ക്ലാർക്കുമാരാണ്. എന്താണ് ഇതിന്റെ ആവശ്യമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കണ്ടക്ടറായിട്ട് സെലക്ഷൻ കിട്ടിയാലും 'അദർ ഡ്യൂട്ടി' എന്നുപറഞ്ഞ് ക്ലാർക്ക് ആയിട്ട് മാറുന്ന സമ്പ്രദായം നമ്മുടെ പ്രദേശത്തുണ്ട്. വളരെയധികം ആളുകൾ ഒരു ജോലിയുമില്ലാതെ ട്രാൻസ്പോർട്ട് രംഗത്ത് നിൽക്കുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് നഷ്ടപരിഹാരം കൊടുത്തു പിരിച്ചുവിടാൻ തയ്യാറാകുമോ? മൂന്നോ നാലോ മേഖലകളായി തിരിച്ചുകഴിഞ്ഞാൽ പുതിയ ഉദ്യോഗസ്ഥ നിയമം വരുമ്പോൾ അതിനുള്ള സേവന വ്യവസ്ഥയും ശമ്പള വ്യവസ്ഥയുമൊക്കെ പ്രത്യേകമായ രീതിയിൽ വ്യാവസായിക കാഴ്ചപ്പാടോടുകൂടി പരിഹരിച്ചു മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കണം. ഈ രീതിയിലുള്ള ഭരണപരിഷ്ക്കാരത്തിൽകൂടി തൽക്കാലം നമുക്ക് പിടിച്ചുനിന്നുകൊണ്ട് പുതിയ ഒരു ക്യാൻവാസിൽ പുതിയ ഒരു കേരളസൃഷ്ടിക്കുവേണ്ടി നമ്മൾ പ്രവർത്തിക്കണം, പരിശ്രമിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: സർ, ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഗണിക്കാത്ത ഈ വോട്ട് ഓൺ അക്കൗണ്ടിനോട് എനിക്ക് യോജിക്കാൻ ഒരു കാരണവശാലും സാധിക്കുകയില്ല. പരിണതപ്രജ്ഞനായ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ മുതൽ ശ്രീ. ടി. യു. രാധാകൃഷ്ണൻ വരെയുള്ളവർ നടത്തിയ തൃശ്ശൂർ വിലാപം നമ്മൾ കേൾക്കുകയുണ്ടായി. മുൻപ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടാകാത്ത വിലാപമാണ് നമ്മൾ കേട്ടത്. ഒരു പ്യൂണിനെ എങ്കിലും കിട്ടിയാൽ മതിയെന്നാണ് അവർ പറഞ്ഞത്. അത് ദയനീയമാണ്. ഈ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തോട് എന്ത് വിവേചനമാണ് കാണിക്കുന്നത്? അദ്ധ്യാപകർക്ക് ശമ്പളം നീക്കി വച്ചിട്ടില്ല. കരാറുകാർക്ക് തുകയില്ല. ഹൗസിംഗ് ബോർഡിന് ആവശ്യമായ തുക നീക്കിവച്ചിട്ടില്ല. പൊതുമേഖലാവ്യവസായത്തിനും പരമ്പരാഗത വ്യവസായത്തിനും ആവശ്യമായ തുക നീക്കിവച്ചിട്ടില്ല. പഞ്ചായത്തുകൾക്കുള്ള തുക വെട്ടിക്കുറച്ചിരിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇല്ലാത്ത സാഹചര്യത്തിൽ ഇതിനെ അനുകൂലിക്കുവാൻ ഒരു കാരണവശാലും സാധിക്കുകയില്ല.

പൊതുമേഖലാ വ്യവസായത്തെ സംബന്ധിച്ച് പറയുമ്പോൾ മഹാനായ ജവഹർലാൽ നെഹ്റുവിനെ ഇപ്പോൾ പലരും ഉദ്ധരിക്കുമെങ്കിലും കോൺഗ്രസ് സ്നേഹിതൻമാർ, ഗാന്ധിജിയേയും ജവഹർലാൽ നെഹ്റുവിനേയും ഒന്നും ഉദ്ധരിക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. മിക്സഡ് ഇക്കോണമി സാമ്പത്തിക നയമായി അംഗീകരിച്ച കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള യാതൊരു നിർദ്ദേശങ്ങളും ഇപ്പോഴില്ല. ഒരു നിർദ്ദേശവും ഉൾപ്പെടുത്തിയിട്ടില്ല. പ്രതിസന്ധി നേരിടുന്ന ധാരാളം വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. കേരളാ സോപ്പ്സ് ആൻറ് ഓയിൽസ്, അതുപോലെതന്നെ കേരളത്തിലെ ഏററവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, കേരളത്തിലെ തന്നെ ഏററവും പഴക്കമേറിയ വ്യവസായ സ്ഥാപനമായ പുനലൂർ പ്ളൈവുഡ് ഫാക്ടറി പുനരുദ്ധരിക്കാൻ ഒരു രൂപ പോലും നീക്കി വച്ചിട്ടില്ല. സർ, ഞാൻ വരുന്നത് കൊല്ലം ജില്ലയിൽ നിന്നാണ്. നമ്മുടെ പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ എന്ത് നിർദ്ദേശമാണ് ഗവൺമെൻറ് ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്? കയർ, കൈത്തറി, കശുവണ്ടി മേഖലകളെ ആകെ അവഗണിച്ചിരിക്കുകയാണ്. എൽ. ഡി. എഫ്. ഗവൺമെൻറിന്റെ കാലഘട്ടത്തിൽ വർഷത്തിൽ ശരാശരി 200 ദിവസം തൊഴിൽ നൽകുന്ന സാഹചര്യം ഉണ്ടായിരുന്നു. ഈ വർഷം അല്ലെങ്കിൽ അടുത്ത വർഷം എത്രപേർക്ക് തൊഴിൽ നൽകുമെന്ന് ഗവൺമെൻറിന് വ്യക്തമാക്കാൻ കഴിയുമോ? കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയിരിക്കുകയാണ്. കശുവണ്ടി വികസന കോർപ്പറേഷന് ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജററിൽ അനുവദിച്ച തുകയേക്കാൾ 50 ലക്ഷം രൂപ കുറവാണ് ഇപ്പോഴത്തെ ഗവൺമെൻറ് അവതരിപ്പിച്ച ബഡ്ജററിൽ നീക്കി വച്ചിരിക്കുന്നത്. അതുപോലെതന്നെ കാപ്പക്സിന് 4 കോടി രൂപ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് കൊടുക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിൽ ഇപ്പോഴത്തെ ബഡ്ജററിൽ കാപ്പക്സിന് കൊടുക്കാൻ തുക നീക്കി വച്ചിട്ടില്ല. ശ്രീ. കെ. പി. രാജേന്ദ്രൻ ഇന്ന് രാവിലെ ഉന്നയിച്ചത് പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഈ വിഷയം അടിയന്തിരപ്രമേയമായി വരുകയുണ്ടായി. വളരെ ലാഘവബുദ്ധിയോടുകൂടിയാണ് റവന്യൂ വകുപ്പുമന്ത്രി അതിന് മറുപടി

പറഞ്ഞത്. കഴിഞ്ഞ സഭയിൽ നിങ്ങൾ മെമ്മോറാണ്ടം കൊടുത്തു. ഫാക്സ് അയച്ചു. നേരിട്ട് അവിടെ പോയി കണ്ടാൽ ആവശ്യമായ തുക കേരളത്തിന് അർഹമായ വിഹിതം നിങ്ങൾക്ക് വാങ്ങിച്ചുകൂടേ എന്നുള്ള നിലയിൽ പലതവണ ഇവിടെ പ്രശ്നമുണ്ടാക്കി വാക്കൗട്ട് നടത്തി പോയിട്ടുള്ള ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ഒറീസയ്ക്ക് 100 കോടി രൂപ അനുവദിച്ചപ്പോൾ കേരളത്തിന് ഒരു രൂപ പോലും അനുവദിച്ചില്ല എന്നു മാത്രമല്ല ഒരു നിവേദനം പോലും ലഭിച്ചിട്ടില്ല എന്നാണ് ബന്ധപ്പെട്ട കേന്ദ്രമന്ത്രി പറഞ്ഞത്. ഒറീസയിൽ 35 പേരാണ് മരിച്ചത്. കേരളത്തിൽ 105 പേർ മരിച്ചു. ഒറീസയിൽ ഉണ്ടായതിനേക്കാൾ വലിയ ദുരന്തമാണ് കേരളത്തിൽ ഉണ്ടായത്. അന്ന് ആ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പ്രകൃതിക്ഷോഭം ഉണ്ടായതിനെത്തുടർന്ന് ജില്ലകളിൽ കോൺഫറൻസ് വിളിക്കാതിരുന്നത്. ഒരു ജില്ലയിലും കോൺഫറൻസ് വിളിച്ചിട്ടില്ല. ഈ വിഷയത്തിലുള്ള പ്രതിഷേധം കൂടി രേഖപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇല്ലാത്ത ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി കൊടുക്കുന്നതിൽ യാതൊരു അർത്ഥവുമില്ലാത്തതിനാൽ ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. കര കാണാൻ കഴിയാത്തവിധം കടലിൽ അകപ്പെട്ടപോലെ കേരളം കര കയറുവാൻ കഴിയാത്തവിധം വൻ കടക്കെണിയിലാണ് ചെന്ന് പെട്ടിട്ടുള്ളത് എന്ന് നമുക്ക് അറിയാം. റവന്യൂ വരുമാനം ശമ്പളത്തിനും പെൻഷനും തികയാത്ത സ്ഥിതിയിൽ 27,000 കോടി രൂപയുടെ കടത്തിന് പലിശ കൊടുക്കാൻ ഇനിയും കടം വാങ്ങേണ്ട സ്ഥിതിയിലാണ് നമ്മുടെ ധനസ്ഥിതി ചെന്ന് എത്തിയിരിക്കുന്നത് എന്ന പരമാർത്ഥം എല്ലാവർക്കും മനസ്സിലാകും. ആന കരിമ്പിൻ കാട്ടിൽ കടന്നതുപോലെ എൽ. ഡി. എഫ്. ഗവൺമെന്റും കുരങ്ങന്റെ കയ്യിൽ പൂമാല കിട്ടിയതുപോലെ ശ്രീ. ശിവദാസമേനോനും അഞ്ചുകൊല്ലം നടത്തിയ ഭരണ വിക്രിയകളുടെ ഫലമാണ് ഇന്ന് ഉണ്ടായിട്ടുള്ള ഈ പ്രതിസന്ധിയെന്ന് നമുക്കറിയാം. 1996 മുതൽ 2001 വരെ കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി നായനാർ ഭരണത്തിന്റെ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ടാണ് കടക്കെണിയിൽ ചെന്ന് പെട്ടിട്ടുള്ളത് എന്ന് കണ്ടെത്താൻ പാഴൂർ പടിപ്പുരയിൽ പോകേണ്ട ആവശ്യമുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. ഇടതുപക്ഷജനാധിപത്യ മുന്നണി ഉൾപ്പെടെ കേരളം ഭരിച്ച ഗവൺമെന്റുകൾ 40 കൊല്ലം ഈ രാജ്യത്ത് നടത്തിയ ഭരണം കൊണ്ട് പതിനായിരം കോടി രൂപയുടെ പൊതു കടമാണ് ഉണ്ടാക്കിയതെങ്കിൽ ഈ 5 കൊല്ലക്കാലം കൊണ്ട് നായനാർ ഭരണം 17,000 കോടി രൂപയുടെ പൊതു കടമാണ് വർദ്ധിപ്പിച്ചത്. 1995-96-ൽ യു. ഡി. എഫ്. ഗവൺമെന്റ് 481 കോടി രൂപ മിച്ചം വച്ച് എൽ. ഡി. എഫിനെ ഏൽപ്പിച്ച ഈ ഖജനാവ് 2001-2002-ൽ 2500 കോടി രൂപയുടെ റവന്യൂ കമ്മിയിലായാണ് യു. ഡി. എഫിനെ തിരിച്ചേൽപ്പിച്ചിട്ടുള്ളത് എന്ന പരമാർത്ഥം അപ്പുറത്തിരിക്കുന്നവർ അംഗീകരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ഭരണ വൈകല്യങ്ങൾകൊണ്ട് കാലിയായ ഖജനാവിനെ സമതുലിതാവസ്ഥയിൽ നിലനിർത്തി ഖജനാവ് പൂട്ടിയില്ല എന്ന് വരുത്താൻ ബുക്ക് അഡ്ജസ്റ്റുമെന്റുകൾക്ക് പുറമെ പല ഡിപ്പാർട്ടുമെന്റുകളുടേയും ട്രഷറിയിൽ ഉണ്ടായിരുന്ന 500 കോടി രൂപ മരവിപ്പിച്ച് സഹകരണ ബാങ്കുകളുടെ 641 കോടി രൂപ നിക്ഷേപവും

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഉൾപ്പെടുത്തി ട്രഷറി അഡ്ജസ്റ്റുമെന്റുകൾ നടത്തിയിട്ടും മുന്നോട്ടു പോകാൻ കഴിയാത്ത ഒരു സ്ഥിതിയാണ് ഇവിടെ ഉണ്ടായതെന്ന് നമ്മൾ കാണുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റിസർവ് ബാങ്കിൽനിന്നും വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടും നിൽക്കക്കള്ളിയില്ലാതെ വന്നതുകൊണ്ട് 25 പ്രാവശ്യം 3375 കോടി രൂപ ഓവർഡ്രാഫ്റ്റ് എടുക്കേണ്ടിവന്നു. ഈ ഓവർഡ്രാഫ്റ്റിന്റെ പലിശ മാത്രം ഏഴ് കോടി രൂപ കൊടുക്കേണ്ടി വന്നിട്ടുണ്ട്,

1991–1996 കാലത്ത് ഗ്രോസ് ഫിസ്ക്കൽ ഡെഫിസിറ്റ് വെറും 8·55 ശതമാനം ആയിരുന്നത് 1996–2000-ത്തിൽ 32·44 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. 1991–1996-ൽ മൂലധനനിക്ഷേപ വളർച്ചാനിരക്ക് 14·89 കോടി ആയിരുന്നത് 1996–2000-ത്തിൽ 3.5 ശതമാനമായി കുറഞ്ഞിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ മൂലധന നിക്ഷേപംകൂടി ഉൾപ്പെടുത്തിയിട്ടും 3·5 ശതമാനത്തിലെ മൂലധനവർദ്ധനവ് എത്തിക്കാൻ കഴിഞ്ഞുള്ളൂ എന്ന സത്യം നമ്മൾ മനസ്സിലാക്കണം. 1991–1996-ൽ റവന്യൂവരുമാനത്തിന്റെ വളർച്ചാനിരക്ക് 18·55 ശതമാനം ആയിരുന്നു എങ്കിൽ 1996–2000-ത്തിൽ ഇത് 10·55 ശതമാനമായി കുറയുകയാണ് ചെയ്തത് എന്ന സത്യം അപ്പുറത്തിരിക്കുന്നവർ അംഗീകരിക്കും എന്ന് ഞാൻ കരുതുന്നു, ഇനി ചെലവിന്റെ കാര്യങ്ങൾ നോക്കാം. 1991–1996-ൽ റവന്യൂ ചെലവ് 15·72 ശതമാനം ആയിരുന്നു എങ്കിൽ 1996–2000-ത്തിൽ അത് 18·7 ശതമാനമായി ഉയർന്നു. ചെലവുചുരുക്കലിനെ കുറിച്ചൊക്കെ അപ്പുറത്തുനിന്നു പറയുമ്പോൾ ഇതൊക്കെ ഒന്നു ശ്രദ്ധിച്ചാൽ, ഒന്നു മനസ്സിലാക്കിയാൽ, ഒന്നു വായിച്ചാൽ കൊള്ളാം. 1996-ൽ റവന്യൂ കമ്മി 5 ശതമാനമായിട്ട് കുറഞ്ഞിരുന്നു എങ്കിൽ 1996–97-ൽ 59·63 ശതമാനവും, 1997–98–ൽ 74·63 ശതമാനവും 1998–99-ൽ 80· 78 ശതമാനവും 1999–2000-ത്തിൽ 78·54 ശതമാനവുമായി വർദ്ധിച്ചത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കും എന്ന് ഞാൻ കരുതുന്നു. സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1991–1996-ൽ 16·12 ശതമാനം ആയിരുന്നു എങ്കിൽ 1996–2000-ത്തിൽ അത് 23 ശതമാനമായി ഉയർന്നത് നിങ്ങൾക്ക് മനസ്സിലാകും എന്ന് ഞാൻ കരുതുന്നു. സർക്കാരിന്റെ കണ്ടിജൻസി ബാദ്ധ്യത 1995–96 വരെ 2082·32 കോടി രൂപയായിരുന്നു എങ്കിൽ 1996–2000-ത്തിൽ 7952·24 കോടി രൂപയായി ഉയർന്നു. നാല് ദശാബ്ദക്കാലം കേരളം ഭരിച്ച വിവിധ ഗവൺമെന്റുകളുടെ കാലയളവിൽ 1996 വരെ 3000 കോടി രൂപയായിരുന്നു വായ്പാ ബാദ്ധ്യത എങ്കിൽ കഴിഞ്ഞ നായനാർ ഗവൺമെന്റ് നാലുവർഷം കൊണ്ടുമാത്രം 8,000 കോടി രൂപയായി അത് ഉയർത്തി എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. 1996 വരെ ഗവൺമെന്റ് ഗ്യാരന്റി തുക 5,167·48 കോടി രൂപയായിരുന്നു എങ്കിൽ 1996–2000-ത്തിൽ ഇത് 11,431·59 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ഈ സെക്രട്ടേറിയറ്റ് ഉൾപ്പെടെ ഗ്യാരന്റി കൊടുത്ത് പണയപ്പെടുത്തിയിരിക്കുകയാണ്. കേരളം ആകെ വിറ്റാലും തീരാത്ത ഗ്യാരന്റിയാണുള്ളത്. സ്വത്ത് മുഴുവനും ഗ്യാരന്റി കൊടുത്ത് തീർത്തിരിക്കുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുമാത്രം 150 കോടി രൂപയാണ് കമ്മി.

(ബഹളം.......... ..ബഹളം....... ....)



LIBRARY ARCHIVES Kerala Legislative Assembly

**Mr. Speaker:** Order......Order......Nothing will come in record......This is not fair Balan, this is not fair. When he is not yielding, you are not........Quite unfair..........

(ബഹളം........ബഹളം........)

ശ്രീ. ടി. എച്ച്. മുസ്തഫ: എനിക്ക് പേഴ്സണൽ എക്സ്പ്ലനേഷനുള്ള സമയം തരണം.

മി. സ്പീക്കർ: യേസ്, നിങ്ങൾ വഴങ്ങിയില്ല, പിന്നെ എന്തിനാണ് പേഴ്സണൽ എക്സ്പ്ലനേഷൻ? Nothing will go in record. Then why do you want explanation?

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, കെ. എസ്. ഇ.ബി.-ക്ക് മാത്രം 160 കോടി രൂപയാണ് ബോർഡിന്റെ മാസംപ്രതി കമ്മി. ഇതിന് 65·27 കോടി രൂപവേണം ഒരു മാസം പലിശ കൊടുക്കാൻ. വിപ്ലവം നടത്തിയതാണ്; വെളിച്ച വിപ്ലവം. അന്യായവിലയ്ക്ക് പുറത്തുനിന്ന് കറണ്ട് വാങ്ങിച്ചുകൊണ്ടുവന്ന് ഇവിടെ നിസ്സാരവിലയ്ക്ക് വിററ്, ഇവിടെ പവർകട്ട് ഒഴിവാക്കി എന്ന് വലിയ നേട്ടം ഉണ്ടാക്കിപ്പറയുമ്പോൾ ഈ സംസ്ഥാനഗവൺമെന്റ് 160 കോടി രൂപയ്ക്ക് കടപ്പെടുകയും പ്രതിമാസം 65·27 കോടി രൂപ പലിശ മാത്രം കൊടുക്കേണ്ട സ്ഥിതിയും വന്നെത്തി. നിങ്ങളുടെ വെളിച്ച വിപ്ലവമാണ്, ഇത് എന്തൊരു വിപ്ലവമാണ് സഖാക്കളേ. സർക്കാരിന്റെ മൊത്തത്തിലുള്ള പ്രതിമാസ ബാദ്ധ്യതയുടെ പലിശ 200 കോടി രൂപയാണ്. വിററുകിട്ടുന്നതിനേക്കാൾ എത്രയോ കൂടുതൽ തുകയ്ക്കാണ് വൈദ്യുതി വാങ്ങി പവർകട്ട് ഒഴിവാക്കി എന്ന ഖ്യാതിയുമായി ഇവർ നടക്കുന്നത്. കെ. എസ്. ആർ. ടി. സി. പ്രതിമാസം 15 കോടി രൂപയുടെ നഷ്ടം വരുത്തുന്നു. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കെ. എസ്. ഇ. ബി.യും, കെ. എസ്. ആർ. ടി. സി. യും ലാഭത്തിൽ ആയിരുന്നു എന്ന വസ്തുത ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കടക്കെണിയിൽ കഴിയുന്ന കേരള ജനത വീട്ടിത്തീർക്കേണ്ട കടങ്ങൾ എത്രയോ കോടികളാണ്! ഈ വിവിധ വകുപ്പുകളുടെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ട്രഷറിയിൽ അടച്ച 500 കോടി ഉറുപ്പിക നിങ്ങൾ മരവിപ്പിച്ച് വകമാററി ചെലവാക്കി. ഇന്ന് ആ ഡിപ്പാർട്ടുമെന്റുകൾക്ക് വികസനപ്രവർത്തനം നടത്താൻ, നിത്യ ചെലവ് നടത്താൻ കാശില്ല. അവരുടെ ചെക്കുകൾ ഒന്നും മാറുന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കൊടുത്ത ചെക്കുകളും മാറുന്നില്ല. ഇവിടെ സഹകരണ ബാങ്കുകൾ നിക്ഷേപിച്ച 643 കോടി രൂപ ട്രഷറിയിൽ നിന്ന് എടുത്ത് അത് വകമാററി ചെലവാക്കി. അതുകൊണ്ട് നബാർഡിൽനിന്ന് കൃഷിക്കാർക്ക് കിട്ടേണ്ട ധനസഹായംപോലും കിട്ടാത്ത അവസ്ഥ വന്നു. 31 കോടി രൂപ നബാർഡിൽനിന്ന് നമുക്ക് കിട്ടേണ്ടതും കിട്ടാതെപോയി. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള കോ-ഓപ്പറേററീവ് അക്കാഡമി എന്ന നായനാർ–പിണറായി–ശർമ്മാ കമ്പനിയുടെ കെണിയിൽ പെട്ട് ആറ് എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽകോളേജും തുടങ്ങി. ഇന്ന് അത് നിലനിർത്തി അതിൽ വന്നുപെട്ട വിദ്യാർത്ഥികളെ രക്ഷിക്കണമെങ്കിൽ 786 കോടി രൂപ ഗവൺമെന്റ് കൊടുക്കേണ്ട സ്ഥിതിയിലാണ്. അടിസ്ഥാന സൗകര്യ വികസന ബോർഡിനുവേണ്ടി പിരിച്ച 507 കോടി രൂപ വകമാററി ചെലവാക്കി, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ പത്തുപൈസപോലും ചെലവാക്കാതെ വകമാററി ചെലവാക്കിപ്പോയി. അതിന് ഇപ്പോൾ പ്രതിവർഷം 70 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

പലിശ കൊടുക്കുകയും രണ്ടുവർഷം കഴിയുമ്പോൾ 507 കോടി രൂപ നിക്ഷേപകർക്ക് തിരിച്ചുകൊടുക്കുകയും ചെയ്യേണ്ട ബാദ്ധ്യതയിലാണ് ഈ ഗവൺമെൻറ് വന്നുപെട്ടിരിക്കുന്നത് എന്നത് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കോളേജുകളിൽ പ്രീഡിഗ്രി വേർപെടുത്തുമ്പോൾ പ്രീഡിഗ്രി ബോർഡ് ഉണ്ടാക്കി അതിന്റെ കീഴിൽ പ്രീഡിഗ്രി വിദ്യാഭ്യാസം നടത്താനും പ്രീഡിഗ്രി അദ്ധ്യാപകരെ പ്രീഡിഗ്രി ബോർഡിന്റെ കീഴിലേക്ക് മാററി അവരെക്കൊണ്ടു പഠിപ്പിക്കാനും ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒരു പരിപാടി കൊണ്ടുവന്നിട്ട് രാജ്യം മുഴുവൻ കത്തി എരിയിപ്പിച്ച്, സർക്കാർ വാഹനങ്ങൾ കത്തിച്ച്, ട്രാൻസ്പോർട്ട് ബസുകൾ കത്തിച്ച് ജനജീവിതം ദുസ്സഹമാക്കി ഈ പ്രീഡിഗ്രി ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസത്തെ എതിർത്ത ആളുകൾ അതിനെ വേർപെടുത്തി പേരുമാററി പ്ലസ് ടു എന്നാക്കി. ആ കോളേജിൽ എക്സസ് ആയ അദ്ധ്യാപകരെ അവിടെത്തന്നെ നിർത്തി ഖജനാവിൽ നിന്നും ശമ്പളവും നൽകി പുതിയ അദ്ധ്യാപകരെ നിയമിച്ച് പുതിയ സ്കൂളുകൾക്ക് അനുമതി കൊടുത്ത് കോടിക്കണക്കിന് ഉറുപ്പികയുടെ ബാദ്ധ്യത സർക്കാരിനുണ്ടാക്കി കോടികളുടെ അഴിമതി നടത്തിയതിന്റെ ഫലമായി ഇന്ന് ഗവൺമെൻറിന് 210 കോടി രൂപയുടെ അധിക ബാദ്ധ്യത വന്നുചേർന്നിരിക്കുന്നു. ഇത് കാണാൻ നിങ്ങൾക്ക് കഴിയണം എന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാവപ്പെട്ട രോഗികൾക്ക് മരുന്ന് തന്നവർക്ക് 31 കോടി രൂപ കൊടുക്കാനുണ്ട്. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് വിദേശയാത്രയ്ക്ക് ചെലവാക്കിയത് കോടികളാണ്. മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കാൻ രണ്ടരക്കോടി രൂപയാണ് ചെലവാക്കിയത്, ആ കാശ് ഉണ്ടായിരുന്നെങ്കിൽ മരുന്ന് മേടിച്ച കാശ് കൊടുക്കാൻ പാടില്ലായിരുന്നോ? നിങ്ങളുടെ എല്ലാ മന്ത്രിമാരും പോയില്ലേ വിദേശങ്ങളിലേക്ക്? എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. രാധാകൃഷ്ണനും പോയില്ലേ വിദേശത്തേക്ക്? എന്ത് കൊണ്ടുവരാൻ പോയതാ, ഈ സംസ്ഥാനത്തിന് എന്ത് നേട്ടം ഉണ്ടാക്കാൻ പോയതാ. ആ കാശ് എടുത്ത് മരുന്ന് മേടിച്ചവർക്ക് കൊടുക്കാമായിരുന്നില്ലേ നിങ്ങൾക്ക്. അതുപോലെ കോൺട്രാക്ടർമാർക്ക്, ചെയ്തുതീർത്ത പണികൾക്ക് 820 കോടി രൂപ കൊടുക്കാനുണ്ട്, പത്ത് പൈസ കൊടുത്തിട്ടില്ല. കുട്ടികളുടെ ഉച്ചഭക്ഷണത്തിന് അരിയും പയറും വാങ്ങിച്ച 100 കോടി രൂപ കൊടുക്കാനുണ്ട്. പാവപ്പെട്ട കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള കാശ് കൊടുക്കാതെ നിങ്ങൾ എന്തെല്ലാം തോന്നിയവാസം ചെയ്തു ഇവിടെ. അവരുടെ ഉച്ചഭക്ഷണത്തിന്റെ കാശ് കൊടുത്തിട്ടില്ല. വിദേശത്തേക്ക് കൂട്ടംകൂട്ടമായി ഉല്ലാസയാത്ര. ജീവനക്കാരുടെ ഡി. എ. കുടിശ്ശിക 216 കോടി രൂപ കൊടുക്കാനുണ്ട്. ഇത്രയും കാലം ഗവൺമെൻറിൽ സർവ്വീസ് ചെയ്തിട്ട് പെൻഷൻ പററി പോകുന്നവരുടെ ഗ്രാററുവിററിയും, പ്രോവിഡൻറ് ഫണ്ടും പെൻഷൻ ആനുകൂല്യങ്ങളും അഞ്ചുകൊല്ലക്കാലമായി കൊടുക്കാത്ത ഒരു ഗവൺമെൻറ് കേരളത്തിന്റെ ചരിത്രത്തിൽ എൽ. ഡി. എഫ്. ഗവൺമെൻറാണ്. നീചവും നിന്ദ്യവും നികൃഷ്ടവുമായ പ്രവൃത്തിയല്ലേ ഈ ഉദ്യോഗസ്ഥൻമാരോട് കാണിച്ചത്? പഞ്ചായത്തുകൾക്ക് ഫോട്ടോ സ്ററാററ് മെഷീൻ മേടിച്ച് കൊടുക്കാമെന്നുപറഞ്ഞ് 12 കോടി രൂപ വാങ്ങിച്ചിട്ട് ഇപ്പോൾ 12 കോടിയുമില്ല, ഫോട്ടോസ്ററാററ് മിഷ്യനുമില്ല. ഇപ്പോൾ ഈ ഗവൺമെൻറ് പഞ്ചായത്തുകൾക്ക് 12 കോടി രൂപ അങ്ങോട്ട് കൊടുത്തുതീർക്കേണ്ട സ്ഥിതിയിൽ അത് ഉണ്ടേച്ചുപോയവരാണ് അപ്പുറ ത്തിരിക്കുന്നവർ എന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പഞ്ചായത്തുകളിലൊക്കെ കമ്പ്യൂട്ടർ വയ്ക്കാമെന്നു പറഞ്ഞ് മുറികളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിച്ചു, കമ്പ്യൂട്ടർ ഓപ്പറേറ്റർമാരേയും നിയമിച്ചു. കമ്പ്യൂട്ടർ കൊടുത്തില്ല. ഇപ്പോഴും ആ മുറിയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരും ഓപ്പറേറ്റ് ചെയ്യാൻ കമ്പ്യൂട്ടർ ഇല്ലാതെ ഇരിക്കുകയാണ്. എൽ. ഡി. എഫ്. നേ അങ്ങനെ കഴിയൂ. കമ്പ്യൂട്ടർ ഇല്ലാതെ കമ്പ്യൂട്ടർ ഓപ്പറേറ്റു ചെയ്യാൻ പഠിച്ചിട്ടുള്ളവരാണവർ. കമ്പ്യൂട്ടർ ഓപ്പറേറ്റ് ചെയ്യാൻ ഇല്ലാത്തതുകൊണ്ട് അത് ഇല്ലാതെ ഓപ്പറേറ്റ് ചെയ്ത് ശീലിച്ചവരാണ് ഇവർ. 75 കോടി രൂപ വേണം ഇനി കമ്പ്യൂട്ടർ മേടിച്ചുകൊടുക്കണമെങ്കിൽ. ഈ ഗവൺമെന്റ് അതിനും 75 കോടി രൂപയുടെ ബാദ്ധ്യതയിലാണ്. 2500 പേരെ അതിന്റെ പേരിൽ മാർക്സിസ്റ്റുകാർ എല്ലായിടത്തുമായി നിയമിച്ചിട്ടുണ്ട്.

സർ, അതുപോലെ ഏറ്റവും വലിയ ഗതികേട് മന്ത്രിസഭാ യോഗത്തിന് ഇന്ത്യൻ കോഫീ ഹൗസിൽനിന്നും കാപ്പി കൊണ്ടുവന്ന് കുടിച്ചിട്ട് കാശ് കൊടുക്കാതെ പോയ ഒരു ഗവൺമെന്റിനെ

1 p.m.] കുറിച്ച് കേട്ടിട്ടുണ്ടോ? ഇന്ത്യൻ കോഫീ ഹൗസിൽനിന്ന് കാപ്പി കുടിച്ചിട്ട് ആ സൊസൈറ്റിക്ക് കാപ്പി കുടിച്ച കാശ് കൊടുക്കാതെ ഇറങ്ങിപ്പോയ മന്ത്രിമാരാണ് ഇവിടെ ഉണ്ടായിരുന്നത്. സർ, എ. കെ. ജി. യുണ്ടാക്കിയ സൊസൈറ്റിയാണ് ഇത്. അവരെപ്പോലും കടത്തിലാക്കിയിരിക്കുന്നു. ഇവിടെ ക്ഷേമനിധികൾ ഒന്നും കൊടുത്തിട്ടില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ, ക്ഷയരോഗികൾക്കുള്ള പെൻഷൻ, പാവപ്പെട്ട വിധവകളുടെ കുട്ടികളെ കെട്ടിച്ചയയ്ക്കാനുള്ള ധനസഹായം. സർ, ക്യാൻസർ രോഗിയടക്കമുള്ളവർക്ക് പെൻഷൻ കൊടുത്തിട്ടില്ല. തൊഴിലില്ലായ്മവേതനം പതിനഞ്ചുമാസമായി കൊടുത്തിട്ടില്ല. ഇതൊന്നും കൊടുക്കാത്ത, ഒരു ക്ഷേമപദ്ധതിയും നടപ്പാക്കാത്ത ആളുകളാണ് അവർ. ചുരുക്കിപ്പറഞ്ഞാൽ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് വാങ്ങിയതെല്ലാം കടമായും, കൊടുത്തതെല്ലാം കടം വാങ്ങിയും നിത്യവൃത്തിക്ക് കടംവാങ്ങി, എല്ലാം നശിപ്പിച്ച് ഇല്ലംവിറ്റ് പോയവരെപ്പോലെ ഈ നാട്ടിൽനിന്ന് ഈ ഗവൺമെന്റിനെ മുഴുവൻ കടക്കെണിയിലാക്കി, ഈ സെക്രട്ടേറിയറ്റ് പോലും പണയപ്പെടുത്തി ഇറങ്ങിപ്പോയ, ഈ രാജ്യത്തെ ജനങ്ങളെ ദുരിതത്തിലാഴ്ത്തിയ കോടിക്കണക്കിന് ഉറുപ്പികയുടെ ധൂർത്തും അഴിമതിയും നടത്തിയ ഈ ഗവൺമെന്റിനെ നയിച്ച ശ്രീ. നായനാരേയും അതുപോലെ ഈ രാജ്യം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ മിസ് മാനേജുമെന്റും അഴിമതിയും നടത്തിയ ശിവദാസമേനോനെയും അവർക്ക് കൂട്ടുനിന്ന മന്ത്രിമാരേയും വിശ്വാസവഞ്ചന, കൂട്ടക്കവർച്ച, വാങ്ങിയാൽ തിരിച്ചുകൊടുക്കാതെയുള്ള കരാർലംഘനം, പബ്ലിക് ഫണ്ട് ദുർവിനിയോഗം, അഴിമതി, കെടുകാര്യസ്ഥത തുടങ്ങിയ കുറ്റങ്ങൾക്ക് അവരെ അറസ്റ്റുചെയ്ത് ജയിലിലാക്കണം. സർ, അവരെ തെററിദ്ധരിപ്പിച്ച് ഈ പ്രേരണ നടത്തി അവരെക്കൊണ്ട് തെററ് ചെയ്യിപ്പിച്ച ഈ ഡോക്ടർ ഐസക് തോമസിനെ പ്രേരണക്കുററം ചുമത്തി അറസ്ററു ചെയ്ത് ജയിലിലാക്കണം. സർ, ഈ രാജ്യത്തെ ഈ സ്ഥിതിയിൽ ഇവിടെകൊണ്ടു വന്ന് എത്തിച്ച് ഈ രാജ്യത്തെ കടക്കെണിയിലാഴ്ത്തിയ ആ ഭരണത്തിന് നേതൃത്വം കൊടുത്ത മാർക്സിസ്ററു പാർട്ടി കോടാനുകോടി ഉറുപ്പിക ഈ സംസ്ഥാനത്തെ കടപ്പെടുത്താനും ഖജനാവ് ചോർത്താനും നേതൃത്വം കൊടുത്ത മാർക്സിസ്ററുപാർട്ടിയുടെ കൈരളി ചാനൽ ഉൾപ്പെടെ സർവ്വവിധ സ്ഥാവര ജംഗമ സ്വത്തുക്കളും ജപ്തിചെയ്ത് ഈ കടം വീട്ടാൻ ഉപയോഗപ്പെടുത്തണമെന്ന് വിനയപുരസ്സരം പറയുവാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എന്തൊരു ഭരണമായിരുന്നു നടത്തിയിരുന്നത്. ഇവിടെ പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തിയെന്നു പറഞ്ഞു, ഒരു അഞ്ചു മിനിട്ടു കൂടി തരണം സർ,

**Mr. Speaker:** Yes......Yes......You got enough time. Please conclude.

ശ്രീ. ടി. എച്ച്. മുസ്തഫ: ഞാൻ കൺക്ലൂഡ് ചെയ്യാം സർ, ഈ പദ്ധതി മുഴുവൻ കൊടുത്ത്, പദ്ധതി തുക മുഴുവൻ അലോട്ടു ചെയ്ത് ആ തുക വച്ച് പ്ലാൻ ചെയ്ത് പണികരം മുഴുവൻ ഏർപ്പെടുത്തി നടപ്പാക്കിയിട്ട് ഏററവും അവസാനം ഇരുപത്തിയഞ്ചു ശതമാനം വെട്ടിക്കുറച്ചു, 4-ാം ഗഡു കൊടുക്കാതെ, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കടക്കെണിയിൽ കൊണ്ടുചെന്ന് എത്തിച്ചവരാണ് ഇപ്പോൾ മുൻകൂറായി ഈ പദ്ധതിയിൽ 16 ശതമാനം കുറവ് വരുമെന്ന് മുൻകൂട്ടി അറിയിച്ചു, പദ്ധതിയിൽ വെട്ടിക്കുറവു നടത്തുന്ന ഈ ഗവൺമെൻറിനെ വിമർശിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഈ എം. എൽ. എ. ഫണ്ട്, ഇതിനെ ഇവർ എതിർക്കുന്നു. ഇവർക്കെല്ലാം മനസ്സിലാകണമെങ്കിൽ അത് കേട്ട് ഒരു 15 കൊല്ലം കഴിയണം. ഇന്നു പറയുന്നത് ഒരു പതിനഞ്ചു കൊല്ലം കഴിഞ്ഞാൽ മനസ്സിലാകും. ഇവർ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയില്ല എന്നു പറഞ്ഞ് കരിദിനം ആചരിച്ചു നടന്നില്ലേ. ഇപ്പോഴോ, ഇവർ ഗാന്ധിജി എന്താക്കി ഇന്ത്യ മാന്തി പുണ്ണാക്കി എന്നു പറഞ്ഞു നടന്നില്ലേ, ഇപ്പോൾ എന്താണ് ഗാന്ധിജിയെക്കുറിച്ചു പറയുന്നത്? ഇവർ കമ്പ്യൂട്ടറിനെ എതിർത്തില്ലേ, ഇവർ ടി. വി. യെ എതിർത്തില്ലേ, ഇവർ എന്തിനെയാണ് എതിർക്കാതിരുന്നിട്ടുള്ളത്? ഇവർ ട്രാക്ടറും ട്രില്ലറും ഇറങ്ങിയപ്പോൾ എതിർത്തില്ലേ? ഇപ്പോൾ എന്താണ് ഇതിനെക്കുറിച്ചെല്ലാം പറയുന്നത്? ഈ നാടിന് ഗുണം ചെയ്യുന്ന നാടിനെ വികസിപ്പിക്കുന്ന ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന കാര്യങ്ങളെയെല്ലാം ഇവർ ആദ്യം തന്നെ എതിർക്കും. അവസാനം അത് അവർ അംഗീകരിക്കും, അവസാനം ഇവർതന്നെ നടപ്പിലാക്കും. സർ, ഇപ്പോൾ ഇവർ പ്ലസ് ടൂവിന്റെ വക്താക്കളാരാണ്, ഇപ്പോൾ കമ്പ്യൂട്ടറിന്റെ വക്താക്കളാരാണ്, ഇപ്പോൾ ട്രാക്ടറിന്റേയും ട്രില്ലറിന്റേയും വക്താക്കൾ ആരാണ്, ഇപ്പോൾ ടി. വി. ചാനലിന്റെ ഉടമകൾ ആരാണ് ചിന്തിക്കണം.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, പ്ലീസ്, പ്ലീസ്, ഇനി ശ്രീ. മുസ്തഫ പറയുന്നതൊന്നും രേഖയിൽ ഉണ്ടാവില്ല. No, No, Musthafa, you are a Senior Member. You are behaving very badly. Nothing will go in record. ഇതൊന്നും റിക്കോർഡ് ചെയ്യുകയില്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ട് നിർദ്ദേശങ്ങളെ ശക്തമായി എതിർക്കുകയാണ്. യാഥാർത്ഥ്യങ്ങളെല്ലാം മറച്ചുവെച്ചുകൊണ്ട് വേണ്ടതിനും വേണ്ടാത്തതിനും എല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനെ പഴിചാരിക്കൊണ്ട് ക്രിയാത്മകമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയാത്ത വെറും

LIBRARY ARCHIVES Kerala Legislative Assembly

Page 51 of 64

വാചകക്കസർത്തുകൊണ്ടുമാത്രം ഭരണം നടത്തുന്ന ഇവരെ അനുകൂലിക്കാൻ കഴിയുകയില്ല സർ, എന്തുകൊണ്ടാണ് സർ, ഇവർ ഈ യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത്? സർ, സാമ്പത്തിക പ്രതിസന്ധികളെ കുറിച്ചു പറയുമ്പോൾ ഒരു ഗവൺമെന്റിന്റെ സാമ്പത്തികസ്രോതസുകളെ കുറിച്ചു പറയാൻ ഇവർ ബാദ്ധ്യസ്ഥരല്ലേ സർ? ചാരായ നിരോധനം നമ്മുടെ രാജ്യത്തുണ്ടാക്കിയ സാമ്പത്തിക നഷ്ടം, അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയ പക്ഷപാതപരമായ പെരുമാററംമൂലം പദ്ധതി വിഹിതം വെട്ടിക്കുറച്ചതുകൊണ്ടുണ്ടായ സാമ്പത്തിക നഷ്ടം, കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയംമൂലം ഉണ്ടായിട്ടുള്ള ഭീമമായ നഷ്ടം, കാർഷിക രംഗത്ത് കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വില കുറഞ്ഞു പോയതുകൊണ്ടും പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ കെട്ടിക്കിടന്നതു കൊണ്ട് രാജ്യത്തുണ്ടായിട്ടുള്ള ഭീമമായ നഷ്ടം—ഇവയെക്കുറിച്ചൊന്നും ഇവർ സൂചിപ്പിക്കുന്നില്ല. കേരളം ആഭ്യന്തര കമ്പോള സ്തംഭനത്തിലേക്കു വരെ എത്തിയില്ലേ? ഗൾഫ് പണം നമ്മുടെ രാജ്യത്ത് വന്നില്ലായിരുന്നെങ്കിൽ നമ്മുടെ സംസ്ഥാനം സ്ഫോടനാത്മകമായ ഒരവസ്ഥയിൽ എത്തുമായിരുന്നില്ലേ? ഈ പ്രതികൂല സാഹചര്യത്തിലാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് എല്ലാ വിഭാഗം ജനങ്ങൾക്കും ചെറിയ നൻമകളെങ്കിലും സംഭാവന ചെയ്തുകൊണ്ട് അഞ്ചു വർഷക്കാലം ഇവിടെ ഭരിച്ചത്. ഈ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റേതല്ലാത്ത കുററം കൊണ്ടുണ്ടായ ഈ പ്രശ്നങ്ങളെ ഇവർ എങ്ങനെയാണ് വിലയിരുത്തിയിട്ടുള്ളത്. ബഡ്ജററ് പ്രസംഗത്തിൽ ഈ നിയമസഭയിൽ ധനകാര്യമന്ത്രി പറയുകയുണ്ടായി, 'ലക്കും ലഗാനുമില്ലാതെ മദിച്ചുല്ലസിച്ചു ചെലവഴിച്ചു' എന്ന്. എന്താണ് സർ ഈ പദപ്രയോഗത്തിന്റെ അർത്ഥം? എങ്ങനെയാണ് സർ ഇവിടെ ചെലവഴിച്ചിട്ടുള്ളത്. നാൽപ്പത്തിയഞ്ചുകൊല്ലം ഇന്ത്യാരാജ്യം ഭരിക്കാൻ അവസരം ലഭിച്ചവർ, ഈ കേരളത്തിൽ ഇടയ്ക്ക് ഇടയ്ക്ക് ഭരണത്തിന് അവസരം ലഭിച്ചവർ, ചെയ്യാതിരുന്ന കാര്യങ്ങൾ ഏറെറടുത്തുചെയ്യാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായതാണോ? ലക്ഷങ്ങൾക്കു വീടില്ലാതായപ്പോൾ അവർക്ക് ഒരു കൂര പണിയുന്നതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്തതാണോ മദിച്ചുല്ലസിക്കൽ? രാജ്യത്തെ പാവപ്പെട്ടവർക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി പദ്ധതി കൊണ്ടു വന്നതാണോ മദിച്ചുല്ലസിക്കൽ? അതുപോലെതന്നെ പാവപ്പെട്ടവന് എല്ലാ സൗകര്യവും ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തുകൊണ്ട് അതിനാവശ്യമായ ഫണ്ട് നൽകിയതാണോ മദിച്ചുല്ലസിക്കൽ? ഈ കേരളത്തെ കൂരാക്കൂരിരുട്ടിലാക്കി പോയവരാണ് നിങ്ങൾ. അവർക്ക് ആവശ്യമായ വൈദ്യുതി ഉണ്ടാക്കിക്കൊണ്ട്—ഏററവും ഉൾപ്രദേശങ്ങളിൽ കിടക്കുന്നവർക്കാണെങ്കിലും കോളനികൾക്കാണെങ്കിലും വെളിച്ചം എത്തിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി കൊണ്ടുവന്നു. ഇപ്പോൾ 100 മെഗാവാട്ട് കറണ്ട് തമിഴ്നാട്ടിലേക്ക് വിൽക്കുന്നില്ലേ, എങ്ങനെയാണ് അതുണ്ടായത്. പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഇല്ലല്ലോ, ഇതെല്ലാം ചെയ്തതിനാണോ മദിച്ചുല്ലസിക്കൽ എന്നു പറയുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് 10 കിലോ അരി കൊടുക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് തീരുമാനമെടുത്തപ്പോൾ അതിൽ കൂടുതൽ പേർക്ക് കൊടുക്കുന്നതിനുവേണ്ടി, 17 ശതമാനം പേരെ കൂടുതൽ ഉൾപ്പെടുത്തിക്കൊണ്ട് എൽ. ഡി. എഫ്. ഗവൺമെന്റ് നഷ്ടം സഹിച്ചുകൊണ്ട് അരി വിതരണം ചെയ്തു—ഇതാണോ മദിച്ചുല്ലസിക്കൽ എന്നു പറയുന്നത്. ഇവർ മറുപടി പറയേണ്ടതാണ്. ഇത്തരം പദപ്രയോഗത്തിന്റെ അർത്ഥമെന്താണെന്ന് വിശദീകരിക്കണം. സംസ്കാരസമ്പന്നരായ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് ഈ പദപ്രയോഗത്തിൽ ലജ്ജിച്ചു തലതാഴ്ത്തേണ്ടിയിരിക്കുന്നു. ഇത് ആരുടെ സംസ്ക്കാരമാണ് സർ? ഇത്തരം പദപ്രയോഗങ്ങൾ നടത്തേണ്ടത് സൂര്യനെല്ലിയിലാണ്. ഈ നിയമസഭയിലല്ല. ഈ കേരളത്തിലെ മുഴുവൻ ജനങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ടാണ് നമ്മൾ ഇവിടെയിരിക്കുന്നത്. അത്തരം പദപ്രയോഗങ്ങൾ പിൻവലിക്കേണ്ടതാണ്. അതാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. ഇത് ഒരുപക്ഷെ യു. ഡി. എഫ്.-ന്റെ സംസ്ക്കാരമായിരിക്കാം. ഇത് കേരളത്തിന്റെ സംസ്ക്കാരത്തിന് യോജിച്ചതല്ല എന്നു ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ........(ബഹളം)......

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, പേ റിവിഷനെക്കുറിച്ചും ഗവൺമെന്റ് അതിനുവേണ്ടി ചെലവഴിച്ച പണത്തെക്കുറിച്ചും സൂചിപ്പിക്കുന്നില്ല. കാലാവധി പൂർത്തിയാക്കിയ ഗവൺമെന്റുകൾ എല്ലാംതന്നെ ശമ്പളപരിഷ്ക്കരണം കൊണ്ടുവന്നു എന്നു പറഞ്ഞുകൊണ്ട്, അതിനെ കുറച്ചു കാണിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. 1992-ൽ നടത്തിയ ശമ്പള പരിഷ്ക്കരണത്തിൽ ചെലവഴിച്ചത് 162 കോടി രൂപയാണ്. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ചത് 1,300 കോടി രൂപയാണ് എന്നു പറയുമ്പോൾ അന്ന് ചെലവഴിച്ചതിനേക്കാൾ എട്ട് ഇരട്ടി തുക ചെലവഴിച്ചതാണ്. പെൻഷൻകാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ 1992-ൽ 21 ദിവസത്തേക്ക് നൽകാതിരുന്നവരാണ്; അവരാണ് ഇവിടെ വർത്തമാനം പറയുന്നത്. അതുപോലെതന്നെ വിവര സാങ്കേതിക വിദ്യാരംഗത്ത് ഒന്നും ചെയ്യുന്നില്ല, എന്നല്ലേ അവിടെനിന്നും ആക്ഷേപം വന്നിട്ടുള്ളത്. നമുക്കറിയാം, തിരുവനന്തപുരത്തുള്ള ടെക്നോപാർക്ക്, എട്ടു വർഷക്കാലംകൊണ്ട് 63 കോടി രൂപയാണ് ആ ടെക്നോപാർക്കിന് കൊടുത്തത്. അതിൽ 58 കോടി രൂപയും ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇവിടെ ഭരിക്കുമ്പോഴാണ് കൊടുത്തിട്ടുള്ളത്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? ലോകത്തിൽതന്നെ മനോഹരമായ ഈ പാർക്ക് സംഭാവന ചെയ്തത്, കെട്ടിപ്പടുത്തത് ഇടതു പക്ഷ ജനാധിപത്യമുന്നണി ഭരണത്തിലാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ബാഹ്യപ്രേരണയില്ലാതെ ........ബഹളം...... ....

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ബാഹ്യപ്രേരണ കൂടാതെ വികസനങ്ങൾക്ക് മുൻഗണന കൊടുക്കുമെന്ന് ഇവർ പ്രഖ്യാപിച്ചിരിക്കുകയാണ്. ആ പ്രഖ്യാപനം നടത്തുന്നതിനോടൊപ്പം ഗ്രാമവികസന വകുപ്പും തദ്ദേശസ്വയംഭരണവകുപ്പും രണ്ടായി വിഭജിച്ചിരിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ സത്തതന്നെ നശിപ്പിച്ചിരിക്കുകയാണ്. അതിന്റെ ആത്മാവിനെ കശക്കി നശിപ്പിക്കാൻവേണ്ടി ഇവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ അംഗീകരിക്കാൻ കഴിയില്ല. കേന്ദ്ര ഗ്രാമവികസനവകുപ്പുമന്ത്രി ശ്രീ. വെങ്കട സുബ്ബയ്യ കഴിഞ്ഞ ആഴ്ച പ്രഖ്യാപിച്ചില്ലേ, ഏറ്റവും നന്നായി അധികാര വികേന്ദ്രീകരണം നടത്തിയത് ഈ കേരളത്തിലാണെന്ന്. ഓംബുഡ്സ്മാൻ, ഇന്ത്യയ്ക്കുതന്നെ മാതൃകയാണെന്നു പറഞ്ഞില്ലേ. പക്ഷേ അപ്പുറത്തിരിക്കുന്നവർ പറയുന്നത് ഓംബുഡ്സ്മാൻ പിരിച്ചു വിടണമെന്നാണ്. നിങ്ങൾക്കെന്താ സർ, പേടി........ബഹളം......

LIBRARY ARCHIVES Kerala Legislative Assembly

Page 53 of 64

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: .......അതുപോലെതന്നെ അധികാരം താഴെത്തട്ടിലേക്കു കൊടുത്തുകൊണ്ട് അപ്പുറത്തിരുന്നുകൊണ്ട് ഒരു മന്ത്രി പറയുന്നു—എനിക്ക് ജോലിയില്ലെന്ന്. എസ്. സി./എസ്. റ്റി. വകുപ്പ്. അതിന് ജോലിയില്ലാതായിരിക്കുന്നു, വകുപ്പുമന്ത്രി പറയുന്നു. അപ്പോൾ താഴെത്തട്ടിലേക്കു കൊടുത്തിരിക്കുന്ന അധികാരങ്ങൾ തിരിച്ചുപിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇതിനെ നമുക്ക് കാണാൻ കഴിഞ്ഞിരിക്കുന്നത്. ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുണ്ട്. ഇവിടെ തിരഞ്ഞെടുപ്പുവാഗ്ദാനം പാലിക്കുന്നതിനുവേണ്ടി, അവർക്കതു കഴിയുന്നില്ല. ധനമന്ത്രി പാലക്കാട്ടുനിന്നും ജയിച്ചു വന്ന ആളാണ്. അദ്ദേഹം വോട്ടു കിട്ടുന്നതിനുവേണ്ടി അവിടത്തെ മണ്ഡലത്തിലെ ജനങ്ങളോട് പറഞ്ഞ ഒരു കാര്യമുണ്ട്. കെ. എൽ. യു. പ്രശ്നത്തിന്, ഞാൻ ജയിച്ചുപോയാൽ 20 ദിവസത്തിനുള്ളിൽ പരിഹാരം കാണാം എന്ന്. കെ. എൽ. യു.-വിനെക്കുറിച്ച് ഒരക്ഷരം ഇവിടെ മിണ്ടുന്നില്ല. ഇവിടെ ജാതിമത ശക്തികളെ കൂട്ടുപിടിച്ചുകൊണ്ട്, വർഗ്ഗീയശക്തികളെ കൂട്ടുപിടിച്ചുകൊണ്ട്, ഇല്ലാത്ത നുണപ്രചരണങ്ങൾ അഴിച്ചുവിട്ടുകൊണ്ട് അധികാരത്തിൽ വന്നവർക്ക് ഇനിയെങ്കിലും നിങ്ങൾക്ക് നുണ പറയാതിരുന്നുകൂടെ. സീററ് കിട്ടിക്കഴിഞ്ഞില്ലേ. ഈ രാജ്യത്തെ ജനങ്ങളോട് കാര്യങ്ങൾ സത്യസന്ധമായി അവതരിപ്പിക്കാൻ കഴിയണം. ജനങ്ങൾക്കു കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കാൻ കഴിയണം. അതിനു വേണ്ടി ചെയ്യാൻ ആകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലത്ത് ഒരുപാട് സ്ത്രീ പീഡനങ്ങൾ അനുഭവിച്ചു എന്ന്. ശ്രീമതി ശോഭനാ ജോർജ്ജിന് പറയാൻ പററുമോ സർ? അവർക്ക് സംരക്ഷണം കൊടുത്തത് ഇടതുപക്ഷജനാധിപത്യ മുന്നണി അല്ലേ? സ്വന്തം പാർട്ടിക്കാർ, അവരുടെ അനുഭവം, ആലപ്പുഴ ജില്ലയിൽ പരസ്യമായി ഒരു പരിപാടിയിൽ പങ്കെടുക്കുമ്പോൾ സ്വന്തം പാർട്ടിക്കാർ അപമാനിച്ചപ്പോൾ അവരുടെ ജീവന് സംരക്ഷണം കൊടുത്തത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. അവർ നിഷേധിക്കട്ടെ. അതു പോലെതന്നെ 40 പേർ ചേർന്നുകൊണ്ട് ഒരു പാവപ്പെട്ട യുവതിയെ സൂര്യ നെല്ലിയിൽ മാനസികമായും ശാരീരികമായും പീഡിപ്പിച്ചുകഴിഞ്ഞപ്പോൾ, ആ 40 പേരെയും സ്പെഷ്യൽ കോടതി മുൻപാകെ കൊണ്ടുവന്ന് വിചാരണ നടത്തിക്കൊണ്ട്, കൈയാമം വയ്പിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ ഭരണകാലത്താണ്. അത് നിഷേധിക്കാൻ കഴിയുമോ? ആ പെൺകുട്ടിക്ക് ജോലി കൊടുത്തുകൊണ്ട് ആ പെൺകുട്ടിയെ സംരക്ഷിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറാണ്. ഇവർ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനെതിരായി എത്രത്തോളം പ്രചരണ പ്രവർത്തനങ്ങൾ നടത്തിയാലും ഇവിടെ കയറി ഇരുന്ന് നൂറ് സീററ് അധികമുണ്ടെന്നുള്ള അഹങ്കാരത്തിൽ ജനങ്ങളെ മുഴുവൻ ദ്രോഹി ക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അത് അനുവദിച്ചുതരാൻ കഴിയില്ലെന്ന് പറഞ്ഞുകൊണ്ട് ഈ നിർദ്ദേശങ്ങളെ ഞാൻ ശക്തമായി എതിർക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കര നാരായണൻ): സർ, ഇവിടെ ഞാൻ അവതരിപ്പിച്ച നാലു മാസത്തെ ചെലവിനുള്ള വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ച വികാരങ്ങൾ ഞാൻ വളരെ മാർദ്ദവത്തോടുകൂടി സ്വീകരിക്കുന്നു. ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്നും

പാസ്സാർക്കണ്ടെന്നും പൂർവ്വകാലങ്ങളിലെപ്പോലെ ഭരണപക്ഷവും പ്രതിപക്ഷവും പറഞ്ഞിരിക്കുന്നു. പാർലമെന്ററി ഡെമോക്രസിയുടെ ഒരു ചെറിയ ചിത്രം മാത്രമാണത്. ഇന്നലെ, ബഹുമാനപ്പെട്ട മാരാരിക്കുളം മെമ്പർ ഡോക്ടർ തോമസ് ഐസക് പറഞ്ഞതിന് മറുപടി പറഞ്ഞു എന്നാണ് ഞാൻ വിചാരിച്ചത്; പറയുകയും ചെയ്തു. പക്ഷേ അത് പരിപൂർണ്ണമല്ലെന്നുള്ള ഒരു ചിന്ത ഇന്നും വന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ വളരെ ആലോചിച്ച് തീരുമാനിച്ചിട്ടുള്ള ഒരു കാര്യം ഒരു തെററില്ലാതെ, തപ്പില്ലാതെ, പിഴവില്ലാതെ, തകരാറില്ലാതെ, കണക്ക് തെററാതെ, ചൂഷണം ചെയ്യാതെ ഞാൻ പറഞ്ഞിട്ടുള്ള കാര്യമാണ്. അത് പിന്നേയും ആവർത്തിച്ചു പറഞ്ഞപ്പോൾ എനിക്കു തോന്നി, ഈ അഞ്ഞൂറു കോടി ഉറുപ്പിക എവിടെ പ്പോയി എന്നാണ് ചോദിക്കുന്നത്. സത്യം പറഞ്ഞാൽ, എനിക്ക് ഈ അഞ്ഞൂറു കോടി ഉറുപ്പികയ്ക്ക് എത്ര പൂജ്യം ഉണ്ടെന്ന് നിശ്ചയമില്ലാത്ത ഒരു വ്യക്തിയാണ് ഞാൻ. ആ അഞ്ഞൂറു കോടി അതെവിടെപ്പോയെന്ന് ചോദിച്ചപ്പോൾ, സത്യം പറഞ്ഞാൽ ഞാൻ ഭയന്നുപോയി. ഏകദേശം 1100 കോടി ഉറുപ്പിക 2000–01-ൽ ഖജനാവിൽ അടച്ചിരുന്നു എന്ന കാര്യം കൂടി ഞാൻ പരാമർശിച്ചുകൊള്ളട്ടെ. എങ്ങനെ ആയാലും ബദൽ രേഖയിൽ സൂചിപ്പിച്ചിരുന്ന 2000 കോടി രൂപ എന്ന മോഹിപ്പിക്കുന്ന തുകയേക്കാൾ യഥാർത്ഥത്തിൽ എത്രയോ അകലെയാണ് ഞാൻ പ്രതീക്ഷിക്കുന്ന ഏകദേശം 500 കോടി ഉറുപ്പികയുടെ അധിക വരുമാനം! ഈ അഞ്ഞൂറു കോടി ഉറുപ്പികയുടെ അധിക വരുമാനം എന്നു പറയുന്നത് റവന്യൂ വരവ് 10626·17 കോടി ഉറുപ്പികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഒരു കാര്യം അങ്ങയോട് പറയട്ടെ, I don't want to take up any controversy. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുപ്രകാരം 2000–01-ൽ പിരിച്ചെടുത്ത സംസ്ഥാനത്തിന്റെ സ്വന്തം റവന്യൂ 6622·52 കോടി ഉറുപ്പിക ആയിരുന്നു. 2000–01-ലേക്കുള്ള ബഡ്ജററിൽ 7270·49 കോടി രൂപ ആയിരിക്കും വരുമാനം എന്നാണ് കണക്കാക്കിയിരുന്നത്. സംസ്ഥാനത്തിന്റെ സ്വന്തം റവന്യൂ വരുമാനം ഞാൻ കണക്കാക്കിയിരിക്കുന്നത് 8184·73 കോടി രൂപയാണ്. അതായത് 2000–01-ൽ ഉണ്ടായ തോതിൽ ഇളവു വരാതിരിക്കാൻവേണ്ടി 647·94 കോടി രൂപ ഞാൻ അധികമായി കണ്ടെത്തണം. ബിവറേജസ് കോർപ്പറേഷൻ മുഖേന ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന 480.50 കോടി രൂപകൊണ്ട് ഇത് നികത്താമെന്നാണ് ഞാൻ കരുതുന്നത്. അഞ്ഞൂറുകോടി രൂപയുടെ അധികവരുമാനം എന്നു പറഞ്ഞത് മാത്രമല്ല, ഈ തുകപോലും ബിവറേജസ് കോർപ്പറേഷൻ നേടി എടുക്കും എന്നു കരുതുന്നു. ഇത് വിററുവരവടിസ്ഥാനത്തിൽ നിജപ്പെടുത്തിയ ഒരു കണക്ക് മാത്രമാണ്. യഥാർത്ഥ വരുമാനം എന്താണെന്ന് അറിയാൻ ഇനിയും കാത്തിരിക്കണം. അതുകൊണ്ട് തന്നെയാണ് ഉറപ്പില്ലാത്ത ഈ തുക ബഡ്ജററ് പ്രസംഗത്തിൽ പ്രത്യേകം പരാമർശിക്കാതെ റവന്യൂ വരവ് 10,626.17 കോടി രൂപ എന്നു പറഞ്ഞ് മൊത്തം റവന്യൂ വരുമാനത്തിൽ ഉൾക്കൊള്ളിച്ചത്. സാധാരണഗതിയിലുള്ള വരുമാന വർദ്ധന അങ്ങനെതന്നെയാണ് ബഡ്ജററ് രേഖകളിൽ കാണാറുള്ളതെന്ന കാര്യം പ്ലാനിംഗ് വിദഗ്ദ്ധനായ അങ്ങേയ്ക്ക് അറിയാം എന്നാണ് എന്റെ വിശ്വാസം. അറിയുകയും ചെയ്യും. അറിയാത്തതിന്റെ യാതൊരു തകരാറുമില്ല. അതൊരു കൺഫ്യൂഷൻ ഉണ്ടാക്കണമെന്ന് വിചാരിച്ച് ആവർത്തിച്ച് പറഞ്ഞതാണ്. എനിക്ക് ഇതിനെക്കുറിച്ച് ഇതിലും സുതാര്യതയോടുകൂടി ഒന്നും പറയാനില്ല. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചപ്പോൾ ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു, നമ്മൾ പൂർവ്വകാലത്ത് നടത്തിയിട്ടുള്ള എല്ലാ കാര്യങ്ങളെ ക്കുറിച്ചും.—ശ്രീ. ഷൺമുഖദാസ് അങ്ങ് ഒരു പുതിയ അംഗമൊന്നുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

Page 55 of 64

നിയമസഭയിൽ നിയമസഭാസാമാജികനായും മന്ത്രിയായും രാഷ്ട്രീയ പ്രവർത്തകനായുമൊക്കെ വന്നതാണ്. ഞങ്ങൾ ചെയ്തത്, പുതിയ ഒരു ഗവൺമെന്റ് വന്നപ്പോൾ പഴയ കാലത്തെ ഗവൺമെന്റുകൾ ചെയ്ത വിധത്തിൽ ഒരു പ്രത്യേക സാഹചര്യത്തിൽ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ. 4 മാസം എന്ന സമയം പറഞ്ഞിട്ടുണ്ട്. ഈ നാല് മാസത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും within four months എന്ന് ഞാൻ പറഞ്ഞാൽ, പത്ത് ദിവസത്തിനുള്ളിൽ ചെയ്യുമോ എന്ന് ചോദിച്ചാൽ ഞാൻ ഇല്ല എന്നുള്ള മറുപടി അപ്പോൾതന്നെ പറയും. ഇത് അത്ര പ്രധാനപ്പെട്ട കാര്യമൊന്നുമല്ല. ഇവിടെ രണ്ട് മൂന്ന്........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇത് ക്ലോസ് ചെയ്ത സബ്ജക്ടാണ്, റൂളിംഗ് നൽകിയ കാര്യങ്ങളാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, പിന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞത്, ബഹുമാനപ്പെട്ട ഡോക്ടർ കെ. സി. ജോസഫാണ്. അദ്ദേഹം പറഞ്ഞത് ഈ ഹൗസിംഗ് ബോർഡിന്റെ കാര്യമാണ്. ഹൗസിംഗ് ബോർഡിന്റെ ഒരു ബുദ്ധിമുട്ട് വന്ന് പെട്ടത് എന്താണെന്ന് വച്ചാൽ, ഹഡ്കോയ്ക്ക് 202 കോടി രൂപയാണ് കൊടുത്തു തീർക്കാനുള്ളത്. ഹൗസിംഗ് ബോർഡിന്റെയാണ് പറഞ്ഞത്, പിന്നെയും കൊടുക്കാനുണ്ട്. ഇത് എല്ലാം കൊടുത്തുതീർക്കാനല്ലേ കഴിഞ്ഞ ഗവൺമെന്റിനുള്ളൂ. അതിൽ ഒന്ന് ഹൗസിംഗ് ബോർഡാണെന്നു മാത്രം. ''പൊട്ടക്കുളത്തിൽ പുളവൻ ഫണീന്ദ്രൻ'' അത്രയേ ഞാൻ പറഞ്ഞുള്ളു അല്ലാതെ വേറെ കാര്യമൊന്നും പറഞ്ഞില്ല. എല്ലാം കൊടുത്തു തീർക്കാനേയുള്ളു അത് എന്നെക്കൊണ്ട് രണ്ടാമത് റിപ്പീറ്റ് ചെയ്യിപ്പിക്കണ്ട. അതിൽ ഒന്ന് ഹൗസിംഗ് ബോർഡ് എന്ന് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. മൈത്രി ഭവന പദ്ധതിക്കും കൊടുക്കാനുണ്ട്. അതിനും 30 കോടി ഉറുപ്പിക നീക്കിവച്ചിട്ടുണ്ട് ഈ 41.50 കോടി ഉറുപ്പികയിൽ. നമുക്ക് ചെയ്യാവുന്നതല്ലേ ചെയ്യാൻ പററൂ? അതിൽ കവിഞ്ഞ് ചെയ്യാൻ പററുമോ? ഇവിടെ ഇരിക്കുന്നവർ അവിടെ ഇരുന്നപ്പോഴും അവിടെ ഇരിക്കുന്നവർ ഇവിടെ ഇരുന്നപ്പോഴും കേരളത്തിന്റെ സാമ്പത്തിക സ്ഥിതി എന്നു പറയുന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അതിൽ അതിശയോക്തിയുടെ കണിക കലർത്തണമെന്ന് ഞാൻ വിചാരിച്ചിട്ടില്ല, കലർത്തിയിട്ടുമില്ല, കലർത്തുകയുമില്ല. നമുക്ക് ഈ സംസ്ഥാനത്തിന്റെ വിഭവശേഷി വർദ്ധിപ്പിച്ചുകൊണ്ട്, എങ്ങനെ ഇവിടുത്തെ വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിക്കും എന്നുള്ളതാണ് നമ്മുടെ എല്ലാവരുടേയും മുമ്പിലുള്ള പ്രധാനമായ ഒരു പ്രശ്നം. അത് ഭരണകക്ഷി മാത്രം വിചാരിച്ചാൽ നടക്കില്ല. പ്രതിപക്ഷത്തിന്റെ സഹായവും വേണം. പ്രതിപക്ഷത്തിന്റെ സഹായം അഭ്യർത്ഥിക്കുന്നതിൽ ഞാൻ പിശുക്കനല്ല. ധനകാര്യമന്ത്രി എന്നുള്ള നിലയ്ക്ക് ഇപ്പോൾ പണം കൊടുക്കുന്നതിൽ പിശുക്കനാണെങ്കിലും ഇക്കാര്യത്തിൽ എനിക്ക് ഒരു പിശുക്കുമില്ല. ഞാൻ വളരെ ധാരാളിയായി ജനിച്ച് ധാരാളിയായി വളർന്നുവന്നവനാണ്. ഇപ്പോഴാണ് പിശുക്കനായത്. ഇവിടെ അതൊരു പ്രധാനപ്പെട്ട കാര്യമല്ല. ഇപ്പോൾ പണം കൊടുക്കുന്നതിൽ വലിയ ബുദ്ധിമുട്ടുണ്ട്, സത്യമാണ്. എന്നാലും കല്ല്യാണത്തിന്റെ കാര്യമൊക്കെ വരുമ്പോൾ അതിന് പ്രത്യേകമായ ഒരു പരിഗണനവച്ച് അത് മുടക്കുന്നില്ല കബീർ മാഷേ. അത് മുടക്കിയാൽ തെററാണ്, കാരണം നമുക്കൊക്കെ പെൺകുട്ടികൾ ഉള്ളതല്ലേ? നമ്മൾ അത് ചെയ്യാൻ പാടില്ല. പക്ഷേ ഇല്ലായ്മയും വല്ലായ്മയും ഉള്ളതുകൊണ്ട്

വല്ലാതെ ചെയ്യുന്നില്ല എന്നുള്ളതിൽ കവിഞ്ഞ് യാതൊന്നും ചെയ്യുന്നില്ല. അത് ചെയ്യാനുള്ള എല്ലാ തീരുമാനങ്ങളും എടുത്തിട്ടുണ്ട്. അതിന് വലിയ കുഴപ്പമൊന്നുമില്ല. പക്ഷേ ഇവിടെ എന്റെ ബഹുമാന്യയായ സഹോദരി, ശ്രീകൃഷ്ണപുരം മെമ്പർ ശ്രീമതി ഗിരിജാ സുരേന്ദ്രൻ പറഞ്ഞു, ഞാൻ പാലക്കാട്ട് നിന്ന് ജയിച്ചതാണെന്ന്. എന്റെ തൊട്ടടുത്തുള്ള നിയോജക മണ്ഡലത്തിൽനിന്നാണ് എന്റെ സഹോദരി ജയിച്ചത്. ഞങ്ങൾക്ക് വോട്ടിന്റെ കാര്യത്തിൽ കുറച്ച് വ്യത്യാസമുണ്ട്. എനിക്ക് പത്തായിരത്തോളം, അവർക്ക് പതിമൂന്നോ, അത്രയേയുള്ളൂ. വേറെ തകരാറൊന്നുമില്ല. ഞാൻ സന്തോഷത്തോടുകൂടിയാണ് പറയുന്നത് വ്യത്യാസം ഇത്രയേയുള്ളു എന്ന്. അതുകൊണ്ട് അതിലൊന്നും ഒരു പ്രാധാന്യവുമില്ല. പാലക്കാട്ടും നമുക്ക് ചില കാര്യത്തിലൊക്കെ, നമുക്ക് എല്ലാവർക്കുംകൂടി ആലോചിച്ച് ഒന്നിച്ച് ചെയ്യേണ്ടതാണ്. ഒന്നുരണ്ട് കാര്യങ്ങൾകൂടി പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, ഇത് പാസ്സാക്കി തരണമെന്ന് പറയുന്നതോടൊപ്പം വളരെ പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യം— ഇവിടെ പലരും പരാമർശിച്ചതാണ്. ശ്രീമതി ഗിരിജാ സുരേന്ദ്രൻ നേരത്തെ പറഞ്ഞ കാര്യം, ആക്കാര്യത്തിൽ കെ. എൽ. യു.-ന്റെ എക്സംപ്ഷൻ വേണമെങ്കിൽ നമുക്ക് സംഘടിപ്പിക്കാം. അതിന് കുഴപ്പം ഒന്നുമില്ല. ഇവിടെ ചാരായ നിരോധനം വന്നപ്പോൾ, ചാരായ നിരോധന ത്തിന്റെ കാര്യങ്ങളൊക്കെ നിലനിൽക്കുമ്പോൾ ഈ നാട്ടിൽ വ്യാജമദ്യം വ്യാപകമായി വരുന്നു എന്നുള്ള ആക്ഷേപം, ആരോപണം വാസ്തവത്തിൽ വരുന്നുണ്ട്. ഞാനൊരു കാര്യം പറയാനാഗ്രഹിക്കുന്നു. ഈ വ്യാജച്ചാരായം ആര് കൊണ്ടുവന്നാലും, ആര് ഉൽപ്പാദിപ്പിച്ചാലും, എവിടെ വിററാലും അതിന് എതിരായി ശക്തമായ നടപടിയെടുക്കും. ആരെ അതിന്റെ അടിസ്ഥാനത്തിൽ അറസ്ററ് ചെയ്താലും, ആര് പറഞ്ഞാലും, ആര് അതിന് ശുപാർശ പറഞ്ഞാലും വിടരുത് എന്നുള്ള നിർദ്ദേശം ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടുണ്ട്. ഇതൊരു സാമൂഹിക പ്രശ്നമാണ്. ഈ സാമൂഹിക പ്രശ്നത്തിന് എല്ലാവരുടേയും സഹകരണം ആവശ്യമാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടത്താൻ, നമ്മുടെ സംസ്ഥാനത്തിന് ഇന്ന് ആവശ്യ മായിട്ടുള്ള, വ്യവസായ രംഗത്തായാലും, കാർഷിക രംഗത്തായാലും ജലസേചന രംഗത്തായാലും ഏത് രംഗത്തായാലും സംസ്ഥാനത്തിന്റെ വികസനം കൂട്ടായി നടത്താൻ പ്രതിപക്ഷത്തിന്റെകൂടി സഹകരണം വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: അംഗങ്ങളുടെ ശ്രദ്ധയ്ക്ക് പറയുകയാണ്. ഇത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതിയാണ് വോട്ടിനിടുന്നത് അല്ലാതെ വോട്ട് ഓൺ അക്കൗണ്ടല്ല. എല്ലാവരും റെഡിയാണല്ലോ. സ്ററാർട്ട് വോട്ടിംഗ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

Those For—39

1. Shri V. S. Achuthanandan
2. Shri Manjalamkuzhi Ali
3. Shri A. A. Azees
4. Shri Kodiyeri Balakrishnan
5. Shri A. K. Balan
6. Shri T. K. Balan
7. Shri Binoy Viswam
8. Shri V. K. Chandran
9. Shri V. Chenthamarakshan
10. Shri T. K. Devakumar
11. Shri P. C. George
12. Smt. Girija Surendran
13. Shri M. V. Govindan Master
14. Shri K. K. Jayachandran
15. Shri M. V. Jayarajan
16. Shri P. Jayarajan
17. Dr. K. C. Joseph
18. Shri V. C. Kabeer
19. Shri M. Kumaran
20. Shri K. V. Kunhiraman
21. Shri Kovoor Kunjumon
22. Shri V. K. C. Mammethu Koya
23. Shri Mathai Chacko
24. Shri K. P. Mohanan
25. Shri Pirappancode Murali
26. Shri C. K. Nanu
27. Shri P. Narayanan
28. Dr. A. Neelalohithadasan Nadar
29. Shri K. Radhakrishnan
30. Shri N. Rajan
31. Shri K. P. Rajendran
32. Shri Raju Abraham
33. Shri T. P. Ramakrishnan
34. Shri Saju Paul
35. Shri A. C. Shanmughadas
36. Shri K. P. Satheesh Chandran
37. Smt. P. K. Sreemathy Teacher
38. Shri P. S. Supal
39. Dr. Thomas Issac

Those Against—78

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri K. Achuthan

4. Shri C. T. Ahammed Ali
5. Shri N. D. Appachan
6. Shri E. M. Augusthy
7. Shri K. Babu
8. Shri Babu Divakaran
9. Shri V. Balaram
10. Shri P. K. K. Bava
11. Shri T. V. Chandramohan
12. Shri M. A. Chandrasekharan
13. Shri Dominic Presentation
14. Shri M. P. Gangadharan
15. Shri George J. Mathew
16. Shri Pirayar Gopalakrishnan
17. Smt. K. R. Gouri Amma
18. Shri M. M. Hassan
19. Shri Issaque Kurikkal
20. Shri T. M. Jacob
21. Shri Johny Nelloor
22. Shri K. C. Joseph
23. Shri Joseph M. Puthusseri
24. Shri P. J. Joy
25. Shri Varkala Kahar
26. Shri G. Karthikeyan
27. Shri K. N. A. Khader
28. Shri K. K. Nair
29. Shri P. K. Kunhalikutty
30. Dr. M. A. Kuttappan
31. Shri K. Kutty Ahammed Kutty
32. Shri C. Mammootty
33. Smt. Mercy Ravi
34. Shri K. Mohammadali
35. Shri E. T. Mohammed Basheer
36. Shri K. Mohankumar
37. Shri A. K. Moni
38. Shri Aryadon Muhammed
39. Shri C. P. Muhammed
40. Shri M. K. Muneer
41. Shri M. Murali
42. Shri Pirappancode Murali
43. Prof. A. D. Musthafa
44. Shri T. H. Musthafa
45. Shri K. Narayana Kurup
46. Shri Ezhukone Narayanan
47. Shri M. K. Paulson Master
48. Shri V. J. Poulose
49. Shri Adoor Prakash
50. Shri T. N. Prathapan
51. Shri Thiruvanchoor Radhakrishnan

LIBRARY ARCHIVES Kerala Legislative Assembly

52. Shri T. U. Radhakrishnan
53. Smt. Radha Raghavan
54. Shri M. V. Raghavan
55. Shri A. N. Rajan Babu
56. Shri Therambil Ramakrishnan
57. Shri U. C. Raman
58. Shri Thampanoor Ravi
59. Shri Roshi Augustine
60. Shri T. P. M. Sahir
61. Shri N. Sakthan
62. Shri K. Sankaranarayanan
63. Smt. Malethu Sarala Devi
64. Shri V. D. Satheesan
65. Shri K. K. Shaju
66. Shri Shibu Baby John
67. Shri Kadavoor Sivadasan
68. Smt. Sobhana George
69. Shri Stephen George
70. Shri K. Sudhakaran
71. Shri D. Sugathan
72. Prof. K. V. Thomas
73. Shri P. T. Thomas
74. Shri Thomas Chazhikadan
75. Shri Umesh Challiyil
76. Shri M. A. Vaheed
77. Shri K. C. Venugopal
78. Shri B. Vijayakumar

| | | | |
|---|---|---|---|
| **Mr. Speaker:** | Those For | .. | 39 |
| | Those against | .. | 78 |
| | Neutrals | .. | Nil |

So the amendment is lost.

**Mr. Speaker:** Those for....the motion moved by the Finance Minister for Vote on Account. Those against.........., the motion is adopted.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോാം ആവശ്യപ്പെടുന്നു.

ഇൻഫർമേഷനും പാർലമെൻററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ചെയറിൽനിന്ന് മോഷൻ അഡോപ്റ്റ് ചെയ്തുവെന്ന് പറഞ്ഞതിനുശേഷം പോാം ആവശ്യപ്പെടുന്നത് ക്രമവിരുദ്ധമാണ്. മോഷൻ അഡോപ്റ്റ് ചെയ്യുന്നതിനു മുൻപാണ് പോാം ഡിമാൻറ് ചെയ്യേണ്ടത്. അതാണ് കീഴ്വഴക്കം. മോഷൻ അഡോപ്റ്റ് ചെയ്തുവെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

Page 60 of 64

മി. സ്പീക്കർ: അങ്ങനെ കീഴ്‌വഴക്കമൊന്നുമില്ല. കോറം ആവശ്യപ്പെട്ടാൽ അനുവദിക്കും. Yes, start polling.

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—84

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri K. N. A. Khader
4. Shri K. Achuthan
5. Shri C. T. Ahammedali
6. Shri E. M. Augusthy
7. Shri N. D. Appachan
8. Shri P. K. K. Bava
9. Shri K. Babu
10. Shri Babu Divakaran
11. Shri V. Balaram
12. Shri T. V. Chandramohanan
13. Shri M. A. Chandrasekharan
14. Shri Dominic Presentation
15. Shri V. K. Ibrahimkunhu
16. Shri M. P. Gangadharan
17. Shri K. B. Ganeshkumar
18. Shri George J. Mathew
19. Shri Prayar Gopalakrishnan
20. Smt. K. R. Gouri Amma
21. Shri M. M. Hassan
22. Shri Ishaque Kurikkal
23. Shri T. M. Jacob
24. Shri Johny Nelloor
25. Shri P. J. Joy
26. Shri K. C. Joseph
27. Shri Joseph M. Puthusseri
28. Shri Varkala Kahar
29. Shri G. Karthikeyan
30. Shri K. K. Nair
31. Shri P. K. Kunjalikutty
32. Dr. M. A. Kuttappan
33. Shri K. Kutty Ahammed Kutty
34. Shri C. Mammootty
35. Shri A. K. Moni
36. Smt. Mercy Ravi
37. Shri K. Mohammedali

LIBRARY ARCHIVES Kerala Legislative Assembly

38. Shri K. Mohankumar
39. Shri E. T. Muhammed Basheer
40. Shri Aryadan Muhammed
41. Prof. A. D. Mustafa
42. Shri M. K. Muneer
43. Shri T. H. Mustafa
44. Shri M. Murali
45. Shri C. P. Muhammed
46. Shri Ezhukono Narayanan
47. Shri K. Narayanakurup
48. Shri M. K. Paulson Master
49. Shri V. J. Poulose
50. Shri Adoor Prakash
51. Shri T. N. Prathapan
52. Shri Prathapa Varma Thampan
53. Shri Thiruvanchoor Radhakrishnan
54. Smt. Radha Raghavan
55. Shri T. U. Radhakrishnan
56. Shri M. V. Raghavan
57. Shri A. N. Rajan Babu
58. Shri U. C. Raman
59. Shri Roshi Augustin
60. Shri Therambil Ramakrishnan
61. Shri Thampanoor Ravi
62. Shri N. Shakthan
63. Shri P. Sankaran
64. Shri K. Sankaranarayanan
65. Smt. Sobhana George
66. Shri Kadavoor Sivadasan
67. Shri T. P. Sahir
68. Shri V. D. Satheesan
69. Shri K. K Shaju
70. Shri Shibu Baby John
71. Smt. Malieth Sarala Devi
72. Shri Nalakathu Sooppy
73. Shri N. Sundaran Nadar
74. Shri Stephen George
75. Shri K. Sudhakaran
76. Shri D. Sugathan
77. Shri P. T. Thomas
78. Prof. K. V. Thomas
79. Shri Thomas Chazhikadan
80. Shri Thomas Unniyadan
81. Shri Umesh Challiyil
82. Shri M. A. Vaheed
83. Shri K. C. Venugopal
84. Shri B. Vijayakumar

LIBRARY ARCHIVES Kerala Legislative Assembly

Page 62 of 64

പ്രതികൂലിക്കുന്നവർ—39

1. Shri V. S. Achuthanandan
2. Shri A. A. Azees
3. Shri Manjulamkuzhi Ali
4. Shri Kodiyeri Balakrishnan
5. Shri T. K. Balan
6. Shri A. K. Balan
7. Shri Binoy Viswam
8. Shri V. Chenthamarakshan
9. Shri V. K. Chandran
10. Shri T. K. Devakumar
11. Shri P. C. George
12. Smt. Girija Surendran
13. Shri M. V. Govindan Master
14. Dr. Thomas Issac
15. Shri P. Jayarajan
16. Shri M. V. Jayarajan
17. Shri K. K. Jayachandran
18. Dr. K. C. Joseph
19. Shri V. C. Kabeer
20. Shri M. Kumaran
21. Shri Kovoor Kunjumon
22. Shri K. V. Kunhiraman
23. Shri Mathai Chacko
24. Shri K. P. Mohanan
25. Shri V. K. C. Mammed Koya
26. Shri Pirappankode Murali
27. Shri C. K. Nanu
28. Shri P. Narayanan
29. Dr. A. Neelalohithadasan Nadar
30. Shri N. Rajan
31. Shri K. Radhakrishnan
32. Shri K. P. Rajendran
33. Shri T. P. Ramakrishnan
34. Shri K. P. Satheeschandran
35. Shri A. C. Shanmughadas
36. Shri Saju Paul
37. Shri Raju Abraham
38. Smt. P. K. Sreemathy Teacher
39. Shri P. S. Supal



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>നിഷ്പക്ഷർ—ഇല്ല.</u>

അനുകൂലിക്കുന്നവർ—84
പ്രതികൂലിക്കുന്നവർ—39
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഓട്ട് ഓൺ അക്കൗണ്ട് പാസ്സായിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ:</u> ഓർഡർ............ഓർഡർ............ഇവിടെ ഉന്നയിച്ച രണ്ടുമൂന്ന് പോയിൻറ് ഓഫ് ഓർഡറുകളെപ്പററിയുള്ള റൂളിംഗ് നൽകുകയാണ്. ഇത് ഇംഗ്ലീഷിലാണ് പ്രിപ്പയർ ചെയ്തിട്ടുള്ളത്. മലയാളത്തിൽ തർജ്ജമ ചെയ്യാൻ കഴിഞ്ഞില്ല. സോറി. ഇനി മേലാൽ അത് നേരത്തെതന്നെ തർജ്ജമ ചെയ്ത് മലയാളത്തിൽ വായിക്കുന്നതാണ്.

*Ruling.*—On the points of order raised by M. V. Jayarajan, Dr. Thomas Issac and Shri Kodiyeri Balakrishnan on 16th and 17th of July, 2001. "The points of order raised by Sri M. V. Jayarajan is that the Minister for Finance has violated Article 202 of the Constitution by presenting a second Budget, whereas according to him the Constitution envisages the presentation of only one Budget for a financial year. According to the Member the Minister ought to have presented only an Alteration Memorandum pointing out the differences made in the Budget presented by the earlier Government.

The contention of the Member is not at all correct as presentation of Budget twice in one year takes place in election years. There is no mention with respect to the presentation of an Alteration Memorandum either in the Constitution or in the Rules. All the same, an Alteration Memorandum has already been circulated to the Members along with the Budget documents. In every election year, the contingencies pointed out by the Member cannot be avoided. This is the practice followed earlier also. Hence I find that no violation of Rules as such has taken place as pointed out by the Member.

The Point of Order raised by Dr. Thomas Issac is that the Finance Minister has mentioned in his Budget speech at Para 8 of the same that Rs. 500 crores additional revenue is expected from sales from Beverages Corporation. But in the Revised Annual Financial Statement or in the Revised Budget Estimate the additional resource mobilisation announced did not contain the above-mentioned additional revenue of Rs. 500 crores. According to the Member the above constituted a serious procedural lapse and misleading of the House.

On a close scrutiny of the speech of the Finance Minister I find that he has only mentioned at para 8 of the same that he expects an additional revenue of about Rs. 500 crores. In the revised Budget Estimates mentioned at para 191 additional resource mobilisation announced is Rs. 456·40 crores. The Minister has mentioned at para 8 that he only expected an additional revenue of about Rs. 500 crores, which is only a rough estimate. In the circumstances and as all the facts has been clearly mentioned in the Budget speech itself no intention to mislead the House could be ascribed to the Minister. There is also no procedural lapse as alleged by the Member. Also the same is not a matter that can be raised as a point of order.

The Point of Order raised by Sri Kodiyeri Balakrishnan is that a number of proposals contained in the Budget presented by the Finance Minister on 13th July 2001 were already announced by the media and that the same was occasioned with the knowledge of the Minister. According to him the secrecy of the Budget proposals has been lost and the same is a serious matter that required investigation.

I find the leakages of Budget proposals or Financial secrets does not form any basis for a breach of previlege (Practice and Procedure of Parliament, Kaul and Shakdher, 5th Edition, Page 291) nor does it amount to violation of any Rules of Procedure as such. All the same, considering the nature of the allegation, the Minister will look into the matter carefully and take appropriate action.

The point of Order raised by Dr. Thomas Issac on 17th July 2001 is that it is mentioned in the Budget speech by the Finance Minister that 30 per cent of the amount of Annual Plan of 2000–2001 has been reduced (by the previous Government), but in the budget documents circulated at present the same figures without effecting the 30 per cent reduction is mentioned.

In the light of the clarification by the Minister in the House. I find that there is no substance in the contention of Dr. Thomas Issac. So that is also rejected.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8·30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 ജൂലൈ മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8·30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ 2001 ജൂലൈ 19-ാം തീയതി ഉച്ചയ്ക്കുശേഷം 1·39-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly